# ജന്മഭൂമി

2025 സപ്തംബർ 12 വെള്ളി
1201 ചിങ്ങം 27 ൨൭

Janmabhumi, The National Daily in Malayalam Since 1975

കൊച്ചി • കോഴിക്കോട് • കോട്ടയം • തിരുവനന്തപുരം • കണ്ണൂർ • തൃശ്ശൂർ • ബെംഗളൂരു • കൊല്ലം • പത്തനംതിട്ട

www.janmabhumi.in

Registered KL/EKM/260/2024-26

വില ₹ 9 • 12 പേജ്

കൊല്ലം


മിസോറാം റെയിൽവെ ഭൂപടത്തിലേക്ക്

വിചാരം പേജിൽ



ഐസക് ഇനിയും തുടിക്കും, ആറുപേരിൽ ജീവതാളമായി 6



## ദേശഭക്തിയും ദേവഭക്തിയും രണ്ടല്ല: ഡോ. മോഹൻ ഭാഗവത്



നാഗ്പൂരിൽ ആർട്ട് ഓഫ് ലിവിങ് സംഘടിപ്പിച്ച സോമനാഥ് ജ്യോതിർലിംഗ മഹാരുദ്ര പൂജയിൽ ആർഎസ്എസ് സർസംഘചാലക് ഡോ. മോഹൻ ഭാഗവത് ദീപം തെളിയിക്കുന്നു. ശ്രീ ശ്രീ രവിശങ്കർ സമീപം

**നാഗ്പൂർ:** വാക്കുകൾ വ്യത്യസ്തമെന്നു തോന്നുമെങ്കിലും ഭാരതത്തിൽ ദേവഭക്തിയും ദേശഭക്തിയും രണ്ടല്ലെന്ന് ആർഎസ്എസ് സർസംഘചാലക് ഡോ. മോഹൻ ഭാഗവത്. യഥാർത്ഥത്തിലുള്ള ഈശ്വര ഭക്തി ദേശഭക്തി തന്നെയാണ്. ഇത് അനുഭൂതിയാണ്. നാഗ്പൂരിലെ മാനകാപൂർ സ്പോർട്സ് സ്റ്റേഡിയത്തിൽ ആർട്ട് ഓഫ് ലിവിങ് സംഘടിപ്പിച്ച സോമനാഥ് ജ്യോതിർലിംഗ മഹാരുദ്ര പൂജയോടനുബന്ധിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇതിഹാസങ്ങൾ പിറക്കും മുമ്പേ ഭാരതം നിലനിൽക്കുന്നുണ്ട്. മഹാദേവനാണ് നമുക്ക് ആദിഗുരു. എല്ലാവരുടെയും ഉള്ളിലുള്ളത് ഒരേ തത്വമാണ്. അതറിയാൻ 108 വഴികളുണ്ടാകും. ശിവതത്വം എല്ലാവരിലുമുള്ള അറിവാണ്. പല തരത്തിലാണ് മനുഷ്യരുടെ സ്വഭാവം. അതുകൊണ്ട് ഒരേയൊരു പാതയെന്നത് എല്ലാവർക്കും അനുയോജ്യമല്ല. താത്പര്യങ്ങൾ പലതാണ്, വഴികളും പലതാണ്. എന്നാൽ എത്തിച്ചേരേണ്ടയിടം ഒന്നാണ്.

ഭാരതത്തിൽ മാത്രമുള്ളതാണ് തപസ്. നമ്മിലുള്ളത് എല്ലാവരിലുമുണ്ടെന്ന, എല്ലാം ഒന്നാണെന്ന അറിവാണ് തപസിന്റെ സാരാംശം. നമ്മുടെ ബന്ധങ്ങൾ നേരിട്ടുള്ളതാണ്, അതു കരാറല്ല. നാളെ നമ്മളെ പരിപാലിക്കുമെന്നതിനാലല്ല കുട്ടികളെ വളർത്തുന്നത്. അവർ സ്വന്തം കുട്ടികളാണ്, അവരെ പരിപാലിക്കേണ്ടത് നമ്മുടെ കടമയാണെന്നതിനാലാണ്. രക്ഷിതാക്കൾ സ്നേഹത്തോടെയും കരുതലോടെയും എന്നെ വളർത്തി, അവരെ സേവിക്കേണ്ടത് എന്റെ കടമയാണെന്ന ബോധ്യമാണ് കുട്ടികളിലും സ്വാഭാവികമായി വളരുന്നത്.

സ്വന്തമെന്ന അടിസ്ഥാനത്തിലാണ് ജീവിതം നീങ്ങുന്നത്. ഇന്ന് ലോകം ഈ ജീവിതത്തിനായി കൊതിക്കുന്നു. രണ്ടായിരം വർഷമായി ലോകം നീങ്ങിയത് അപൂർണമായ ബന്ധങ്ങളെ അടിസ്ഥാനമാക്കിയാണ്. ശക്തൻ ജീവിക്കുമെന്നും ദുർബലൻ ഇല്ലാതാകുമെന്നും കരുതിയാണ് ലോകം ഓടുന്നത്. മനുഷ്യരുടെ അറിവു വർദ്ധിച്ചു, വികസനമുണ്ടായി. എന്നിട്ടും സംഘർഷങ്ങൾ തുടരുന്നു.

സുഖ സൗകര്യങ്ങൾ ധാരാളമാണ്, എന്നാൽ ആർക്കും സംതൃപ്തിയില്ല. വികസനമേറെയാണ്, അതേസമയം പ്രകൃതി നാശം സംഭവിക്കുന്നു. ലോകം ഈ വഴിയിൽ ഇടറുകയാണ്. എല്ലാവരും പരസ്പരം സ്വന്തമെന്ന ഭാവം പുലർത്തണമെന്ന ആശയം സ്വീകരിച്ചാൽ പുതിയ വഴി തുറക്കും. എല്ലാവരും നമ്മുടേതെന്ന ശിവതത്വം എല്ലാ രാജ്യങ്ങളും സ്വീകരിക്കണം. നാമെല്ലാവരും ശിവനെ പൂജിച്ച് സ്വയം ശിവനായിത്തീരുന്നെന്നു പറയുന്നത് ഈ അർത്ഥത്തിലാണ്. നമ്മുടെ പൂർവികർ ഗ്രാമങ്ങളിലും വനങ്ങളിലും കുടിലുകളിലും അറിവു പ്രചരിപ്പിച്ചത്, ഈ രാഷ്ട്രത്തെ നിർമിച്ചത് ലോകത്തെ നിലനിർത്താനാണ്, സർസംഘചാലക് പറഞ്ഞു.

ജീവനകല ആചാര്യൻ ശ്രീ ശ്രീ രവിശങ്കർ നന്ദികേശ ശിൽപം നല്കി സർസംഘചാലകിനെ ആദരിച്ചു. മോഹൻജി രാജ്യത്തിനും സമൂഹത്തിനുമായി നിരന്തരം സമയം ചെലവിടുകയാണെന്ന് ശ്രീ ശ്രീ രവിശങ്കർ പറഞ്ഞു. അദ്ദേഹത്തിന്റെ മാർഗ നിർദേശ പ്രകാരം കോടിക്കണക്കിന് ആളുകൾ ദേശസ്നേഹവും ധർമവും നിലനിർത്തുന്നതിൽ വ്യാപൃതരാണ്. രാഷ്ട്രത്തിന്റെ പൈതൃകം സംരക്ഷിക്കാൻ 100 വർഷമായി ആർഎസ്എസ് വിജയകരമായി പ്രവർത്തിക്കുന്നു. സംഘപ്രവർത്തനം വളർന്നുകൊണ്ടേയിരിക്കണം. ഇതിൽ പ്രചോദിതരായി യുവാക്കൾ ദേവനും ദേശത്തിനുമായി പ്രവർത്തിക്കണം, അദ്ദേഹം തുടർന്നു.

മോഹൻ ഭാഗവതിനു പിറന്നാളാശംസകളുമായി പ്രധാനമന്ത്രി

## സർസംഘചാലക് വസുധൈവ കുടുംബകത്തിന്റെ ജീവിക്കുന്ന ഉദാഹരണം

**ന്യൂദൽഹി:** വസുധൈവ കുടുംബകമെന്ന ആശയത്തിന്റെ ജീവിക്കുന്ന ഉദാഹരണമാണ് ആർഎസ്എസ് സർസംഘചാലക് ഡോ. മോഹൻ ഭാഗവതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. തൊട്ടതെല്ലാം പൊന്നാക്കുന്ന സ്പർശമണിയാണ് അദ്ദേഹം. മോഹൻ ഭാഗവതിന്റെ 75-ാം പിറന്നാളിൽ ആശംസകൾ നേർന്ന് എഴുതിയ ലേഖനത്തിലാണ് അദ്ദേഹവുമായുള്ള അടുപ്പത്തെക്കുറിച്ച് വികാരനിർഭരമായ വാക്കുകളിൽ പ്രധാനമന്ത്രി വിവരിച്ചത്.

ആർഎസ്എസ് ശതാബ്ദിയും മോഹൻ ഭാഗവതിന്റെ 75-ാം പിറന്നാളും യാദൃച്ഛികമായി ഒത്തുചേരുന്നെന്നും 100 വർഷത്തെ സംഘയാത്രയിൽ ഏറ്റവും പരിവർത്തനാത്മകമായ കാലമാണിതെന്നും മോദി ചൂണ്ടിക്കാട്ടി. ആശയങ്ങളിൽ വിട്ടുവീഴ്ചയില്ലാതെ, മാറുന്ന സമൂഹത്തിന്റെ ആവശ്യങ്ങളെ അഭിസംബോധന ചെയ്യുന്നതാണ് മോഹൻ ഭാഗവതിന്റെ ശൈലി. പരമ്പരാഗത രീതിയിലുള്ള ആർഎസ്എസ് പ്രവർത്തനങ്ങൾ തുടരുന്നതിന് വെല്ലുവിളി നേരിട്ട കൊവിഡ് കാലത്ത് അതിനെ മറികടക്കാൻ കൂടുതലായി സാങ്കേതികവിദ്യ ഉപയോഗിക്കാനെടുത്ത തീരുമാനം അതിനുദാഹരണമാണ്. 1970കളുടെ മധ്യത്തിലാണ് മോഹൻ ഭാഗവത് പ്രചാരകനായത്. പ്രചാരകൻ എന്ന വാക്ക് പ്രചാരണം നടത്തുന്ന ഒരാളെ സൂചിപ്പിക്കുന്നതല്ല. പ്രചാരക പാരമ്പര്യം സംഘപ്രവർത്തനത്തിന്റെ കാതലാണ്. രാഷ്ട്ര സ്നേഹത്താൽ പ്രചോദിതരായ ആയിരക്കണക്കിനു യുവാക്കൾ, ഭാരതം ആദ്യമെന്ന ദൗത്യം സാക്ഷാത്കരിക്കാൻ ഇത്തരത്തിൽ ജീവിതം സമർപ്പിച്ചിട്ടുണ്ട്.

സ്വച്ഛ് ഭാരത് മിഷൻ മുതൽ ബേട്ടി ബചാവോ ബേട്ടി പഠാവോ വരെയുള്ള എല്ലാ ജനകീയ പ്രസ്ഥാനങ്ങളിലൂടെയും സംഘ കുടുംബങ്ങൾക്ക് കൂടുതൽ ഊർജ്ജം പകരുന്നതിൽ മോഹൻ ഭാഗവത് താത്പര്യം കാട്ടി. സാമാജിക സമരസത, കുടുംബ മൂല്യങ്ങളുടെ സംരക്ഷണം, പരിസ്ഥിതി ബോധം, ദേശീയ സ്വത്വം, പൗര ധർമങ്ങൾ എന്നീ അഞ്ച് കാര്യങ്ങളിലൂടെ സാമൂഹിക ക്ഷേമം ഉറപ്പാക്കണമെന്ന മോഹൻ ഭാഗവതിന്റെ പഞ്ച പരിവർത്തന നിർദേശങ്ങൾ ജീവിതത്തിന്റെ എല്ലാ മേഖലകളിലുമുള്ള ഭാരതീയർക്ക് പ്രചോദനമാകും.

ഓരോ സ്വയംസേവകനും ശക്തവും സമൃദ്ധവുമായ രാഷ്ട്രത്തെയാണ് സ്വപ്നം കാണുന്നത്. ഇതു സാക്ഷാത്കരിക്കാൻ വ്യക്തമായ ദർശനവും ശക്തമായ പ്രവർത്തനവും ആവശ്യമാണ്. ഏക് ഭാരത് ശ്രേഷ്ഠ ഭാരത് എന്ന ആശയത്തിന്റെ ശക്തനായ വക്താവാണ് മോഹൻ ഭാഗവതെന്നും മോദി അഭിപ്രായപ്പെട്ടു.



## സി.പി. രാധാകൃഷ്ണൻ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും

**ന്യൂദൽഹി:** ഭാരതത്തിന്റെ 15-ാമത് ഉപരാഷ്ട്രപതിയായി സി.പി. രാധാകൃഷ്ണൻ ഇന്നു സത്യപ്രതിജ്ഞ ചെയ്യും. രാവിലെ 10നു രാഷ്ട്രപതി ഭവനിലെ ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു സത്യവാചകം ചൊല്ലിക്കൊടുക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിങ്, അമിത് ഷാ, ജെ.പി. നഡ്ഡ തുടങ്ങിയവർ പങ്കെടുക്കും.

സത്യപ്രതിജ്ഞയ്ക്കു മുന്നോടിയായി മഹാരാഷ്ട്ര ഗവർണർസ്ഥാനം രാധാകൃഷ്ണൻ രാജിവച്ചിരുന്നു. ഗുജറാത്ത് ഗവർണർ ആചാര്യ ദേവവ്രതിനു മഹാരാഷ്ട്രയുടെ അധികച്ചുമതല നല്കി രാഷ്ട്രപതി ഭവൻ ഉത്തരവിറങ്ങി.

തമിഴ്നാട് തിരുപ്പൂർ സ്വദേശിയായ രാധാകൃഷ്ണൻ 152 വോട്ട് ഭൂരിപക്ഷത്തിനാണ് പ്രതിപക്ഷ സ്ഥാനാർത്ഥി ജസ്റ്റിസ് ബി. സുദർശൻ റെഡ്ഡിയെ തോൽപ്പിച്ചത്.

# അയ്യപ്പസംഗമത്തിന് കർശന വ്യവസ്ഥകൾ

**കണക്കു സമർപ്പിക്കേണ്ടി വരും**

**വിഐപി പരിഗണന സാധ്യമല്ല**






**കൊച്ചി:** പമ്പയിൽ ദേവസ്വം ബോർഡും സംസ്ഥാന സർക്കാരും ചേർന്ന് സംഘടിപ്പിക്കുന്ന ആഗോള അയ്യപ്പ സംഗമത്തിന് കർശന ഉപാധികളോടെ ഹൈക്കോടതി അനുമതി നൽകി. ഓഡിറ്റ് ചെയ്ത കണക്കുകൾ 45 ദിവസത്തിനകം സമർപിക്കണമെന്ന് നിർദേശിച്ച ജസ്റ്റിസ് വി. രാജ വിജയരാഘവൻ, ജസ്റ്റിസ് കെ.വി. ജയകുമാർ എന്നിവരടങ്ങിയ ബെഞ്ച് ക്ഷേത്രത്തിന്റെ പവിത്രത കുറയ്ക്കുന്ന ഒരു നടപടിയും എടുക്കരുതെന്നും ഉത്തരവിട്ടു. മുഖ്യമന്ത്രിമാർ, മന്ത്രിമാർ, വിദേശ പ്രതിനിധികൾ എന്നിവരുൾപ്പെടെയുള്ള വിശിഷ്ട വ്യക്തികളുടെ സാന്നിധ്യം തീർത്ഥാടന സൗകര്യങ്ങളെയോ സഞ്ചാരത്തെയോ തടസപ്പെടുത്തരുതെന്നും അവർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകരുതെന്നും വ്യക്തമാക്കിയ ബെഞ്ച് പങ്കെടുക്കുന്ന എല്ലാവരെയും ഭക്തരായി മാത്രം കണക്കാക്കണമെന്നും പറഞ്ഞു. കോടതി കർശന വ്യവസ്ഥകൾ ഏർപ്പെടുത്തിയതോടെ സർക്കാരിന്റെ ഗൂഢപദ്ധതിയാണ് പൊളിഞ്ഞത്. കൃത്യമായ കണക്ക് ഹാജരാക്കണം, വരുന്നവർക്ക് പ്രത്യേക പരിഗണന നൽകരുത് തുടങ്ങിയ വ്യവസ്ഥകൾ സർക്കാരിനും ലക്ഷങ്ങൾ മുടക്കാൻ സന്നദ്ധരായി വരുന്നവർക്കും ഒരുപോലെ തിരിച്ചടിയാണ്.

ശബരിമലയുടെ പവിത്രതയും പുണ്യനദിയുടെ പാരിസ്ഥിതിക സന്തുലിതാവസ്ഥയും ഉറപ്പാക്കുന്ന കർശന വ്യവസ്ഥകളാണ് ഏർപ്പെടുത്തിയത്. ഹൈന്ദവീയം ഫൗണ്ടേഷന്റെ ഓർഗനൈസിങ് സെക്രട്ടറി എം. നന്ദകുമാറും മറ്റ് രണ്ട് പേരും മതേതരമല്ലാത്ത മതപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സർക്കാരിന് അധികാരമില്ലെന്ന് വാദിച്ച് സമർപ്പിച്ച ഹർജികൾ തീർപ്പാക്കിയാണ് ഉത്തരവ്. ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കാനുള്ള ഫണ്ട് സമാഹരിക്കാനും ആശയങ്ങൾ സൃഷ്ടിക്കാനും ലക്ഷ്യമിട്ടുള്ളതാണ് സംഗമം. അതിനാൽ തടസപ്പെടുത്തുന്നില്ല. കോടതി പറഞ്ഞു.

പരിപാടി വഴി പവിത്രത നശിക്കരുത്. ആചാരങ്ങൾ ലംഘിക്കപ്പെടരുത്. പരിസ്ഥിതിക്ക് ഹാനികരമാകുന്നില്ലെന്ന് ഉറപ്പാക്കണം. ക്ഷേത്രത്തിന്റെ പവിത്രത കുറയ്ക്കുന്ന രീതിയിൽ സ്ഥിരമോ താത്കാലികമോ ആയ ഘടനകൾ നിർമിക്കരുത്. ആചാരങ്ങൾ, ചടങ്ങുകൾ അല്ലെങ്കിൽ ക്ഷേത്ര പ്രവർത്തനങ്ങൾ തടസപ്പെടാതെ തുടരണമെന്നും കോടതി നിർദേശിച്ചു. ഏതെങ്കിലും താത്കാലിക ഘടനകൾ, അനുവദനീയമാണെങ്കിൽ, അവ ഏറ്റവും കുറഞ്ഞ ഇടപെടലും, പരിസ്ഥിതി സൗഹൃദപരവുമായിരിക്കണം. പ്ലാസ്റ്റിക് അല്ലെങ്കിൽ മറ്റ് അജൈവ മാലിന്യങ്ങൾ ഉപയോഗിക്കുന്നതോ ഉത്പാദിപ്പിക്കുന്നതോ കർശനമായി നിരോധിച്ചു. ഉണ്ടായേക്കാവുന്ന ഏതെങ്കിലും മാലിന്യങ്ങൾ നീക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണം.

സമീപത്തുള്ള പാർക്കിങ് സൗകര്യങ്ങളും താമസ സ്ഥലങ്ങളും ബാധിക്കപ്പെടാതെ തുടരണം. കൂടാതെ, താമസം, യാത്ര എന്നിവയുൾപ്പെടെ പരിപാടിയുടെ ആകെ ചെലവുകളുടെ സുതാര്യമായ കണക്കുകൾ സൂക്ഷിക്കാനും കോടതി ദേവസ്വം ബോർഡിനോട് നിർദേശിച്ചു, സ്പോൺസർമാരിൽ നിന്നുള്ള സംഭാവനകളുടെ വിശദാംശങ്ങൾ ഉൾപ്പെടെ. കണക്കുകൾ ഓഡിറ്റ് ചെയ്ത് 45 ദിവസത്തിനുള്ളിൽ കോടതിയിൽ നൽകുന്നതിനായി സ്പെഷ്യൽ കമ്മിഷണർക്ക് കൈമാറണമെന്നും കോടതി പറഞ്ഞു.

മഹാഗുരു ചട്ടമ്പിസ്വാമികളുടെ 172-ാം ജയന്തി ഇന്ന്



പന്മന ആശ്രമത്തിൽ ജയന്തി ആചരണം 5

ചിക്കാഗോ പ്രസംഗം പ്രചോദനം: പ്രധാനമന്ത്രി 7

## അമീബിക് മസ്തിഷ്കജ്വരം: ഒരാൾ കൂടി മരിച്ചു



**കോഴിക്കോട്:** അമീബിക് മസ്തിഷ്കജ്വരം ബാധിച്ച് സംസ്ഥാനത്ത് ഒരാൾ കൂടി മരിച്ചു. മലപ്പുറം ചേലമ്പ്ര സ്വദേശി ഷാജി (49)യാണ് മരിച്ചത്. മൂന്നാഴ്ചയായി കോഴിക്കോട് മെഡി. കോളജ് ആശുപത്രിയിലായിരുന്നു. അതീവ ഗുരുതരാവസ്ഥയിൽ വെന്റിലേറ്ററിലായിരുന്ന ഷാജിക്ക് കരൾ രോഗങ്ങളും ഉണ്ടായിരുന്നു. അണുബാധയുടെ ഉറവിടം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

ഷാജിയുടെ ഭാര്യ ബിന്ദു. മക്കൾ: അമൃത, ഷിബിൻ. മരുമകൻ: സൂരജ് (കാരാട്). നിലവിൽ പത്തു പേരാണ് അമീബിക് മസ്തിഷ്കജ്വരം ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലുള്ളത്. ഒരു മാസത്തിനിടെ ഈ രോഗം ബാധിച്ച് മരിക്കുന്ന ആറാമത്തെയാളാണ് ഷാജി.


ICL
Join ICL, Grow with us
ICL Fincorp
ഗോൾഡ് ലോൺ@ 9%*
വാർഷിക പലിശ
ഉയർന്ന മൂല്യം
കുറഞ്ഞ പലിശ നിരക്ക്
അതിവേഗം
വിശ്വസ്തം
*As Per EMI Scheme Basis *T&C Apply
TOLL-FREE : 1800 31 333 53




മൗറീഷ്യസ് പ്രധാനമന്ത്രി ഡോ. നവീൻചന്ദ്ര രാംഗൂലവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ന്യൂദൽഹിയിൽ കൂടിക്കാഴ്ചയ്ക്കിടെ

## മൗറീഷ്യസിന് ഭാരതത്തിന്റെ 680 ദശലക്ഷം ഡോളർ പാക്കേജ്

**ന്യൂദൽഹി:** മൗറീഷ്യസിന് ഭാരതം പ്രത്യേക സാമ്പത്തിക പാക്കേജ് പ്രഖ്യാപിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ക്ഷണപ്രകാരം മൗറീഷ്യസ് പ്രധാനമന്ത്രി ഡോ. നവീൻചന്ദ്ര രാംഗൂലം ഇന്നലെ ഭാരതത്തിലെത്തി. രാംഗൂലവുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് ഭാരതം നടപ്പാക്കുന്ന പദ്ധതികൾക്കായി 680 ദശലക്ഷം ഡോളറിന്റെ പാക്കേജ് പ്രധാനമന്ത്രി പ്രഖ്യാപിച്ചത്.

സർ സീവൂസാഗുർ രാംഗൂലം നാഷണൽ ഹോസ്പിറ്റൽ നിർമാണം, ആയുഷ് സെന്റർ ഓഫ് എക്സലൻസ് വെറ്ററിനറി സ്കൂൾ, മൃഗാശുപത്രി എന്നിവ സ്ഥാപിക്കാനും ഭാരതവും മൗറീഷ്യസും ധാരണയായി. എസ്എസ്ആർ അന്താരാഷ്ട്ര വിമാനത്താവളത്തിലെ പുതിയ എടിസി ടവറിന്റെ നിർമാണം, ഹൈവേകളുടെയും റിങ് റോഡുകളുടെയും വികസനം എന്നിവയിലും ഇരു രാജ്യങ്ങളും സഹകരിച്ച് പ്രവർത്തിക്കും. ഈ പദ്ധതികളുടെ ചെലവ് 440 മില്യൺ യുഎസ് ഡോളർ ആയിരിക്കും. പ്രാദേശിക കറൻസികളിൽ വ്യാപാരം സാധ്യമാക്കാനും ഭാരതവും മൗറീഷ്യസും ഒരുമിച്ചു പ്രവർത്തിക്കും. ഊർജ്ജ പരിവർത്തനത്തിലും ഭാരതം മൗറീഷ്യസിനെ പിന്തുണയ്ക്കുന്നുണ്ട്. 100 ഇലക്ട്രിക് ബസുകൾ ഭാരതം വാഗ്ദാനം ചെയ്തതിൽ 10 എണ്ണം നല്കി. ബാക്കി അതിവേഗം കൈമാറും. ടാമറിൻഡ് വെള്ളച്ചാട്ടത്തിൽ 17.5 മെഗാവാട്ട് ഫ്ളോട്ടിങ് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കാനും ഭാരതം പിന്തുണയ്ക്കും. ഹൈഡ്രോഗ്രാഫി മേഖലയിലെ സഹകരണം സംബന്ധിച്ചുള്ള കരാറിലും ഇരു രാജ്യങ്ങളും ഒപ്പുവച്ചു.

## വിദേശ യാത്രകളിൽ രാഹുൽ സുരക്ഷാ ചട്ടങ്ങൾ ലംഘിക്കുന്നു

■ സിആർപിഎഫ് കത്തയച്ചു

**ന്യൂദൽഹി:** വിദേശ യാത്രകളിൽ കോൺഗ്രസ് നേതാവും ലോക്സഭാ പ്രതിപക്ഷ നേതാവുമായ രാഹുൽ ഗാന്ധി സുരക്ഷാ ചട്ടങ്ങൾ ലംഘിക്കുന്നതായി സിആർപിഎഫ്. ഇത്തരം കാര്യങ്ങൾ വിവിഐപി സുരക്ഷാ ക്രമീകരണങ്ങളുടെ കാര്യക്ഷമതയെ ദുർബലപ്പെടുത്തുമെന്നും രാഹുലിനെ അപകട സാധ്യതകളിലേക്കു നയിച്ചേക്കാമെന്നും സിആർപിഎഫ് പറയുന്നു. രാഹുൽ സുരക്ഷാ ചട്ടങ്ങൾ ലംഘിക്കുന്നതായി കാണിച്ചു കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയ്ക്കാണ് സിആർപിഎഫ് കത്തയച്ചത്. രാഹുലിനും കത്ത് നല്കിയിട്ടുണ്ട്. ഭാവി യാത്രകളിൽ സുരക്ഷാ ചട്ടങ്ങൾ പാലിക്കണമെന്നും ഇരുനേതാക്കൾക്കും നല്കിയ കത്തിൽ ചൂണ്ടിക്കാട്ടുന്നു.

രാഹുൽ ആരെയും അറിയിക്കാതെ വിദേശ യാത്രകൾ നടത്തുന്നെന്നും സുരക്ഷയെ ഗൗരവമായി കാണുന്നില്ലെന്നും സിആർപിഎഫ് കത്തിലുണ്ട്. യെല്ലോ ബുക്ക് പ്രോട്ടോക്കോൾ പ്രകാരം ഉയർന്ന സുരക്ഷാ സംവിധാനമുള്ളവർ വിദേശ യാത്രകൾ ഉൾപ്പെടെ എല്ലാ നീക്കങ്ങളെക്കുറിച്ചും അവരുടെ സുരക്ഷാ വിഭാഗത്തെ മുൻകൂട്ടി അറിയിക്കണം. അതുവഴി മതിയായ സുരക്ഷാക്രമീകരണങ്ങളൊരുക്കാൻ കഴിയും. എന്നാൽ രാഹുൽ ഇതൊക്കെ സ്ഥിരമായി ലംഘിക്കുന്നെന്നും കത്തിലുണ്ട്. ഇറ്റലി (ഡിസംബർ 30 മുതൽ ജനുവരി ഒമ്പതു വരെ), വിയറ്റ്നാം (മാർച്ച് 12 മുതൽ 17 വരെ), ദുബായ് (ഏപ്രിൽ 17 മുതൽ 23 വരെ), ഖത്തർ (ജൂൺ 11 മുതൽ 18 വരെ), ലണ്ടൻ (ജൂൺ 25 മുതൽ ജൂലൈ ആറു വരെ), മലേഷ്യ (സപ്തം. നാലു മുതൽ എട്ടു വരെ) തുടങ്ങിയ രാജ്യങ്ങളിലേക്കുള്ള രാഹുലിന്റെ യാത്രകളെക്കുറിച്ചും കത്തിലുണ്ട്.



ശ്രീകൃഷ്ണ ജയന്തി ബാലദിനാഘോഷത്തോട് അനുബന്ധിച്ച് എറണാകുളം ദിവാൻസ് റോഡ് വൃന്ദാവൻ ഗോശാലയിൽ നടന്ന ഗോപൂജയ്ക്കിടെ പശുവിനെ ലാളിക്കുന്ന ബാലിക

📷 ജന്മഭൂമി



## പി.പി. തങ്കച്ചൻ അന്തരിച്ചു

**പെരുമ്പാവൂർ:** മുൻ നിയമസഭാ സ്പീക്കറും മന്ത്രിയുമായിരുന്ന പി.പി. തങ്കച്ചൻ (87) അന്തരിച്ചു. ആലുവയിലെ സ്വകാര്യ ആശുപത്രിയിൽ വാർദ്ധക്യസഹജമായ അസുഖങ്ങളെ തുടർന്ന് ചികിത്സയിൽ കഴിയവേയാണ് അന്ത്യം. മൃതദേഹം ഇന്ന് രാവിലെ പെരുമ്പാവൂരിലെ വീട്ടിൽ എത്തിക്കും. രാവിലെ 11 മുതൽ വീട്ടിൽ പൊതുദർശനം. ശനിയാഴ്ച വൈകിട്ട് 3 മണിക്കാണ് സംസ്കാര ചടങ്ങുകൾ.

എറണാകുളം ജില്ലയിലെ അങ്കമാലിയിൽ 1939 ജൂലൈ 29ന് ഫാ. പൗലോസ് പൈനാടത്തിന്റെയും അന്നമ്മയുടെയും മകനായി ജനനം. അഭിഭാഷകനായിരുന്ന പി.പി. തങ്കച്ചൻ 1968ൽ 29-ാമത്തെ വയസിൽ പെരുമ്പാവൂർ നഗരസഭാ ചെയർമാനായി. 12 വർഷം ഈ പദവിയിൽ ഇരുന്നു. 1982, 1987, 1991, 1996 വർഷങ്ങളിൽ പെരുമ്പാവൂരിൽ നിന്ന് നിയമസഭാംഗം. എട്ടാം നിയമസഭയിൽ 14-ാമത്തെ സ്പീക്കറായി.

തുടർന്ന് എ.കെ. ആന്റണി മന്ത്രിസഭയിൽ കൃഷി മന്ത്രിയായി. തൊട്ടടുത്ത കാലഘട്ടങ്ങളിൽ സ്പീക്കറും മന്ത്രിയുമായി ചുമതല വഹിക്കുന്ന ആദ്യ വ്യക്തിയും ഇദ്ദേഹമാണ്. ഭാര്യ: പരേതയായ ടി.വി. തങ്കമ്മ. മക്കൾ: രേഖ, രേണു, വർഗീസ്. മരുമക്കൾ: ഡോ. സാമുവൽ കോശി, ഡോ. തോമസ് കുര്യൻ, ഡെമിന.

പെട്ടെന്നുള്ള തിരിച്ചടിയൊഴിവാക്കി ഖത്തർ

## ഗൾഫ് രാജ്യങ്ങളൊന്നിച്ച് മറുപടി നല്കും

**യെമനിൽ 35 മരണം**

**ടെൽ അവീവ്:** ഇസ്രയേലിനെതിരേ തിരിച്ചടിക്കുമെന്നു ഖത്തർ പ്രഖ്യാപിച്ചെങ്കിലും പെട്ടെന്നുള്ള പ്രത്യാക്രമണം അവർ ഒഴിവാക്കി. എന്ത് ചെയ്യണമെന്നു തീരുമാനിക്കാൻ ഗൾഫ് രാജ്യങ്ങളുടെ അടിയന്തര യോഗം വിളിച്ചിരിക്കുകയാണ്. ഈ ഉച്ചകോടി തീരുമാന പ്രകാരമാകും നടപടി. ഗൾഫ് രാജ്യങ്ങൾ ഒന്നിച്ചായിരിക്കും നടപടിയെന്നാണ് റിപ്പോർട്ടുകൾ.

ഖത്തറിന് തലവേദനയായി മാറിയ ഹമാസിനെ ഇല്ലാതാക്കാൻ ഇസ്രയേലിനു മൗനാനുവാദം നല്കുകയായിരുന്നെന്ന് ഇന്ത്യ ടുഡേ റിപ്പോർട്ട് ചെയ്തു. തിരിച്ചടിക്കുമെന്നു പ്രസ്താവനയിൽ മാത്രമൊതുക്കിയത് ഈ വാദങ്ങൾക്ക് കരുത്തായി.

ഖത്തർ ആക്രമണത്തിന് പിന്നാലെ യെമനിലെ സനായിലും അൽജൗഫ് ഗവർണറേറ്റിലും ഇസ്രയേലിന്റെ ആക്രമണത്തിൽ 35 പേർ കൊല്ലപ്പെട്ടു. ഹൂതി സൈനിക കേന്ദ്രങ്ങളെ ലക്ഷ്യംവച്ചായിരുന്നു ആക്രമണമെന്ന് ഇസ്രയേൽ പ്രതിരോധ സേന (ഐഡിഎഫ്) സ്ഥിരീകരിച്ചു.

9/11 ആക്രമണ ശേഷം ഭീകര സംഘടന അൽ-ഖയ്ദയ്ക്കെതിരേയുള്ള അമേരിക്കയുടെ തിരിച്ചടിക്കു സമാനമാണ് ഖത്തറിലെ ആക്രമണമെന്നാണ് ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന്റെ പ്രതികരണം.

CMYK



# തിളങ്ങും ജ്ഞാനപ്രകാശം

## വിദ്യാധിരാജ ചട്ടമ്പിസ്വാമി ജയന്തി ഇന്ന്

**മഹാഗുരു ചട്ടമ്പിസ്വാമികളുടെ 172-ാം ജയന്തി ആചരണം സാംസ്കാരിക കേരളം ഇന്ന് ആചരിക്കുന്നു**

ഡോ. സുരേഷ് മാധവ്

**വി**ദ്യാധിരാജൻ, കേരള വിജ്ഞാന സൂര്യൻ, ആദർശ പരമഹംസൻ തുടങ്ങിയ വിശേഷണങ്ങളാൽ അറിയപ്പെട്ടിരുന്ന ചട്ടമ്പിസ്വാമികൾ ഗുരുക്കന്മാരുടെ ഗുരുവായിരുന്നു. 'കാരുണ്യമാണ് നമ്മുടെ മതം' എന്നു വ്യക്തമാക്കിക്കൊണ്ട്, ആധുനിക മനുഷ്യർ ഭാവിലോകത്തിൽ പുലർത്തേണ്ട കാഴ്ചപ്പാട് സ്വാമികൾ പങ്കുവെച്ചു. 'ഒരു ലോകം ഒരു ജനത' എന്ന സന്ദേശമാണ് ചട്ടമ്പിസ്വാമികളുടെ ജീവിത ദർശനമെന്ന് നിത്യചൈതന്യയതി എഴുതി.

1953 ആഗസ്റ്റ് 25ന് ഭരണി നാളിൽ തിരുവനന്തപുരത്ത് കണ്ണമ്മൂലയിൽ നങ്ങ ദേവിയുടേയും വാസുദേവ ശർമയുടേയും പുത്രനായി ജനിച്ച കുഞ്ഞൻപിള്ളയാണ് പിൽക്കാലത്ത് ചട്ടമ്പിസ്വാമികളായി മാറിയത്. ദരിദ്രമായ പരിതസ്ഥിതികളിൽ വളർന്നുവെങ്കിലും കുഞ്ഞന്റെ ധീഷണാശക്തി സമ്പന്നമായിരുന്നു. കൊല്ലൂർ മഠം പാഠശാലയിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം നേടിയ ശേഷം തമിഴ് നാട്ടിലെത്തി സുബ്ബജടാപാഠികളിൽ നിന്ന് വൈദിക വിദ്യാഭ്യാസം നേടുകയും നിരവധി കലാവിദ്യകളിൽ നിപുണത നേടുകയും ചെയ്തു. ജ്ഞാനപ്രജാഗരം സഭയിൽവെച്ച് കൊല്ലൂർ മഠം പോറ്റി 'വിദ്യാധിരാജൻ' എന്ന വിശേഷണം നൽകിയതോടെ സ്വാമികളുടെ ജ്ഞാന പ്രഭാവം ശ്രദ്ധിക്കപ്പെട്ടു. കുടുംബ സദസ്സുകളിലൂടെയും പണ്ഡിത സദസ്സുകളിലൂടെയും ജ്ഞാന പ്രബോധനം നടത്തിയ സ്വാമികൾ പ്രസംഗ വേദികളിൽ നിന്ന് ഒഴിഞ്ഞു നിന്നും 1880-ൽ എഴുതിയ ക്രിസ്തുമത നിരണം വൈദേശികമായ സാംസ്കാരികാധിനിവേശത്തിനെതിരെയുള്ള ശക്തമായ പ്രതിരോധമായിരുന്നു.

1884-ൽ എഴുതപ്പെട്ട വേദാധികാര നിരൂപണം അക്കാലത്ത് അച്ചടിച്ചില്ലെങ്കിലും പണ്ഡിത സദസുകളിലൂടെ പ്രചരിച്ചു. 1893-ൽ എറണാകുളത്ത് വെച്ച് സ്വാമി വിവേകാനന്ദനും ചട്ടമ്പിസ്വാമികളും തമ്മിൽ നടത്തിയ സംഭാഷണങ്ങൾ സാംസ്കാരിക ദേശീയതയുടെ രൂപപ്പെടലിനെ മുൻ നിർത്തിയുള്ളതായിരുന്നു എന്നു മനസ്സിലാക്കാം. 1899-ൽ പെരുമ്പാവൂരിലെ ദലിത് ചേരികളിൽ പകർച്ചവ്യാധി പടർന്നപ്പോൾ ചട്ടമ്പിസ്വാമികൾ നടത്തിയ ഒറ്റമൂലി ചികിത്സ ഫലപ്രദമായി. ചട്ടമ്പിസ്വാമികളുടെ ആരോഗ്യ നിർദേശങ്ങൾ 'പതിനഞ്ചുപദേശം' എന്ന പേരിൽ പിന്നീട് പ്രചാരം നേടി. 1906-ൽ ശാസ്താംകോട്ടയിൽ വെച്ചാണ് 'അയിത്തം അറബിക്കടലിൽ തള്ളിക്കളയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു' എന്ന് മഹാഗുരു പ്രഖ്യാപിച്ചത്. അറിവ് നേടാനുള്ള അവകാശം ഏതൊരാൾക്കും ഉണ്ടെന്നും പൗരോഹിത്യ വർഗത്തിന്റെ തെറ്റായ വ്യാഖ്യാനമാണ് ഹിന്ദു മതത്തിന്റെ ദോഷങ്ങളുടെ മൂലകാരണമെന്നും ചട്ടമ്പിസ്വാമികൾ 'വേദാധികാരനിരൂപണ'ത്തിലൂടെ ചൂണ്ടിക്കാട്ടി.

കേരളത്തിലെ എല്ലാ ദ്രാവിഡ വിഭാഗങ്ങളുടേയും ആദിമരായ നാഗൻമാരാണ് പ്രാചീന കേരളത്തിന്റെ അവകാശികളെന്ന് തെളിവു സഹിതം വിശദീകരിച്ചതിലൂടെ, ആധുനികമായ സനാതന ജീവിത സങ്കല്പത്തിന് ഐക്യബോധം നൽകുകയാണ് സ്വാമികൾ ചെയ്തത്. സ്ത്രീ ത്രൈലോക്യ ചക്രവർത്തിനിയാണെന്ന് വ്യക്തമാക്കിയ സ്വാമികൾ സ്ത്രീകൾക്ക് സമൂഹത്തിലുണ്ടാകേണ്ട തുല്യസ്ഥാനത്തെ മുഖ്യചർച്ചാവിഷയമാക്കുകയായിരുന്നു. മോക്ഷപ്രദീപ ഖണ്ഡനം, ആദിഭാഷ തുടങ്ങിയ ഗ്രന്ഥങ്ങളിൽ മഹാ ഗുരുവിന്റെ താർക്കികമായ കരുത്താണ് പ്രകടമാകുന്നത്. ശ്രീ നാരായണഗുരു, നീലകണ്ഠ തീർഥപാദർ, തീർഥപാദ പരമഹംസർ തുടങ്ങിയ മഹാത്മാക്കളുമായി സ്വാമികൾ നടത്തിയ ആത്മീയ സമാഗമങ്ങൾ വലിയ മാറ്റങ്ങൾക്ക് കാരണമായി.

ദേശാന്തരങ്ങൾതോറും വിജ്ഞാനപ്രഭുവായി സഞ്ചരിച്ച ചട്ടമ്പിസ്വാമികൾ ശരീര ത്യാഗത്തിന്റെ അവസാന നാളുകളിൽ കഴിച്ചു കൂട്ടിയത് പന്മനയിലായിരുന്നു. കേരളത്തിന്റെ ഉരുക്കു മനുഷ്യൻ എന്നറിയപ്പെട്ടിരുന്ന കുമ്പളത്ത് ശങ്കുപ്പിള്ളയുടെ പരിചരണത്തിലാണ് മഹാഗുരു കഴിഞ്ഞത്. 1924 മെയ് 5ന് സ്വാമികൾ സമാധിയടഞ്ഞു. പാണയത്ത് പത്മനാഭപിള്ളയുടെ സ്വാധീനത്തിലുണ്ടായിരുന്ന കാവിലാണ് ചട്ടമ്പിസ്വാമികളുടെ സമാധിപീഠം കുമ്പളം ഒരുക്കിയത്. പിൽക്കാലത്ത് ആ ദിവ്യ സ്ഥാനം പന്മന ആശ്രമമായി ഉയരുകയും ചെയ്തു. ശ്രീ ബാല ഭട്ടാരകേശ്വര ആശ്രമം ട്രസ്റ്റിന്റെ നേതൃത്വത്തിൽ വിദ്യാധിരാജ ദർശനത്തിലധിഷ്ഠിതമായ പ്രചാരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

With best compliments from:

POYILAKADA
FISHERIES PRIVATE LIMITED
Processors and exporters of Frozen Products

PARAMESWAR NAGAR, KOLLAM 691001, INDIA
Ph: 91-474-2761819/2753214 Mob: 91-9447172666 Fax: 91-474-2763215
E-mail: poyilakadaqln@gmai;.com
Branch: 177, Industrial Development Plot, West Hill, Kozhikode-673005

ആശംസകളോടെ...


Dr. Nair's HOSPITAL
AN ISO 9001-2008 CERTIFIED

Residency Road, Asramam, Kollam - 691002
Ph:0474-2766180, 9895559345, 9567869345
email: mail@drnairshospital.com



ആശംസകളോടെ....

റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏവിയേഷൻ,
വെടിവെച്ചാൻകോവിൽ, തിരുവനന്തപുരം
ഫോൺ: 6238687190, 9400179573
വെബ്സൈറ്റ്: www.riaindia.co.in



# മൺറോത്തുരുത്ത് റെയിൽവേ ടൂറിസം പദ്ധതി; ഐആർസിടിസി നടപടികൾ ആരംഭിച്ചു

**കൊല്ലം:** വിനോദസഞ്ചാര കേന്ദ്രമായ മൺറോത്തുരുത്തിൽ റെയിൽവേ ബന്ധിത ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് ഐആർസിടിസി നടപടികൾ ആരംഭിച്ചു.

മൺറോത്തുരുത്തിലെ ഭൂമി വിനോദ സഞ്ചാര വികസനത്തിനായി പ്രയോജനപ്പെടുത്തുന്നതിന് ഓഫീസർ ലെവൽ കമ്മിറ്റിയെ രൂപീകരിച്ച് പ്രാഥമിക പഠനം നടത്താൻ ദക്ഷിണ റെയിൽവേയുടെ തിരുവനന്തപുരം ഡിവിഷൻ യോഗം തീരുമാനിച്ചു. ദക്ഷിണ റെയിൽവേയുടെ ഫീസിബിലിറ്റി റിപ്പോർട്ട് ലഭിച്ചതിന് ശേഷം ഐആർസിടിസി സമഗ്രമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുമെന്നും അറിയിച്ചിട്ടുണ്ട്. ഇക്കോ-ടൂറിസം റിസോർട്ട്/ഹെറിറ്റേജ് ഹോംസ്റ്റേകൾ ഐആർസിടിസിയുടെ ടൂറിസം ഇടപെടലുകൾ മുഖേന ഹെറിറ്റേജ് വില്ലേജ്, ആയുർവേദ വെൽനെസ് ആൻഡ് കലാസാംസ്കാരിക കേന്ദ്രങ്ങൾ, സ്വകാര്യ സ്ഥാപനങ്ങളുമായി ചേർന്ന് റെയിൽവേ ബന്ധിത പാക്കേജ് ടൂറിസം, കൊച്ചുവേളി, തിരുവനന്തപുരം, കൊല്ലം തുടങ്ങിയ റൂട്ടുകളിൽ ഉൾപ്പെടുത്തി വിനോദസഞ്ചാരികൾക്ക് പ്രത്യേക പാക്കേജുകൾ ഒരുക്കൽ തുടങ്ങിയവയാണ് പദ്ധതികൾ.

അഷ്ടമുടിക്കായലും കല്ലടയാറും ചുറ്റി നിൽക്കുന്ന മനോഹരമായ ദ്വീപ് ഗ്രാമമായ മൺറോത്തുരുത്തിൽ പരമ്പരാഗത മത്സ്യബന്ധനവും കൃഷിയും ആശ്രയിച്ചുള്ള ജീവിതരീതികളാണുള്ളത്. പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാരത്തിന് ഏറ്റവും അനുയോജ്യമാണ് ഇവിടം. മൺറോത്തുരുത്ത് റെയിൽവേ സ്റ്റേഷൻ ഇതിനോട് ചേർന്ന നിലയിൽ സ്ഥിതി ചെയ്യുന്നത് റെയിൽവേ അടിസ്ഥാനത്തിലുള്ള വിനോദസഞ്ചാര വികസനത്തിന് വലിയ സാധ്യതകൾ നൽകുന്നു.

മൺറോത്തുരുത്തിലെ റെയിൽവേ ഭൂമി വിനോദസഞ്ചാര വികസനത്തിനായി പ്രയോജനപ്പെടുത്തുന്ന പദ്ധതിയിലൂടെ പരിസ്ഥിതി സൗഹൃദവും ഹെറിറ്റേജ് അടിസ്ഥാനവുമായ ടൂറിസം കേന്ദ്രം രൂപപ്പെടും. ഇത് വിനോദസഞ്ചാര വരുമാനം വർദ്ധിപ്പിക്കുന്നതിനൊപ്പം പ്രാദേശിക തൊഴിൽ അവസരങ്ങളും ജീവിതോപാധികളും ശക്തിപ്പെടുത്തും. കേരളത്തിന്റെ വിനോദസഞ്ചാര ഭൂപടത്തിൽ മൺറോത്തുരുത്തിന് പുതിയ മുന്നേറ്റം നൽകാൻ പദ്ധതി സഹായകരമാകും.

## ശ്രീകൃഷ്ണജയന്തി ആഘോഷം



**പത്തനാപുരം:** ചേകം ശ്രീമഹാദേവർ ക്ഷേത്രം ആർഷദർശിനി ബാലഗോകുലത്തിലെ ഗോദാനം 14ന് നടക്കും. സംവിധായകൻ രതീഷ് രഘുനന്ദൻ ആണ് ഗോദാനം നൽകുന്നത്.

**കൊല്ലം:** കടപ്പാക്കട പട്ടത്താനം ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ ശ്രീകൃഷ്ണ ജന്മാഷ്ടമി 14ന് രാവിലെ വിശേഷാൽ പൂജകൾക്ക് പുറമെ മേൽശാന്തി കുട്ടൻപ്പോറ്റിയുടെ കാർമ്മികത്വത്തിൽ പണ്ടാര അടുപ്പിൽ പാൽപ്പായസം നിവേദിക്കും.

തൃക്കൈവെണ്ണ വഴിപാടും സമർപ്പിക്കാം. വൈകിട്ട് 5ന് രോഹിണി അഭീഷ്ടസിദ്ധി പൂജ, തുടർന്ന് വിശേഷാൽ നിവേദ്യ സമർപ്പണവും ഉണ്ടായിരിക്കുമെന്ന് ക്ഷേത്ര ട്രസ്റ്റ് ജനറൽസെക്രട്ടറി ആമ്പാടി ജഗന്നാഥ് അറിയിച്ചു.

**ശാസ്താംകോട്ട:** പോരുവഴി ഇടക്കാട് മുരളീധരക്ഷേത്രത്തിൽ ശ്രീകൃഷ്ണ ജയന്തി വിപുലമായി ആഘോഷിക്കും. വൈകിട്ട് ബാലഗോകുലത്തിന്റെ നേതൃത്വത്തിൽ പ്രൗഢഗംഭിരമായ ശോഭായാത്ര. തുടർന്ന് പാൽപായസ സദ്യ, ഉറിയടി, ദീപാരാധന, തിരുവാതിരകഥാപ്രസംഗം.



വെളിയം അഞ്ചുമൂർത്തി ക്ഷേത്രത്തിന് സമീപം റോഡരികിൽ ഉണങ്ങിനിൽക്കുന്ന കൂറ്റൻമാവ്

## ഉണങ്ങിനിൽക്കുന്ന മാവ് ഭീഷണിയാകുന്നു

**ഓയൂർ:** വെളിയം മാവിളയിൽ റോഡരികിൽ അപകടകരമായ രീതിയിൽ ഉണങ്ങി നിൽക്കുന്ന കൂറ്റൻമാവ് മുറിച്ച് മാറ്റണമെന്ന് ആവശ്യം ശക്തം.

ഓയൂർ-കൊട്ടാരക്കര റോഡിൽ വെളിയം അഞ്ചുമൂർത്തി ക്ഷേത്രത്തിന് സമീപം പെട്രോൾ പമ്പിനോട് ചേർന്നാണ് റോഡരികിൽ മാവ് നിൽക്കുന്നത്. ഇതുവഴി ക്ഷേത്രദർശനത്തിന് ഉൾപ്പടെ വാഹനങ്ങളിലും കാൽ നടയായും നൂറുകണക്കിന് ആളുകളാണ് യാത്ര ചെയ്യുന്നത്. ദിവസങ്ങൾക്ക് മുൻപ മാവിന്റെ കൊമ്പ് ഒടിഞ്ഞ് വീണിരുന്നു. കാർ യാത്രികർ തലനാരിഴയ്ക്കാണ് രക്ഷപ്പെട്ടത്. സ്വകാര്യബസ് ഉൾപ്പെടെ നിരവധി വാഹനങ്ങളാണ് റോഡിൽ കൂടി കടന്നുപോകുന്നത്. മരം മുറിച്ചുമാറ്റാൻ വെളിയം ഗ്രാമപഞ്ചായത്ത് അധികൃതർ തയ്യാറാകണമെന്നാണ് പ്രദേശവാസികളുടെയും നാട്ടുകാരുടെയും ആവശ്യം.

## അഭിമുഖം 15ന്

**കൊല്ലം:** ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ എംപ്ലോയബിലിറ്റി സെന്ററിൽ വിവിധ സ്വകാര്യസ്ഥാപനങ്ങളിലെ ഒഴിവുകളിലേക്ക് 15ന് രാവിലെ 10.30 മുതൽ അഭിമുഖം നടത്തും. പ്ലസ്ടു മുതൽ ഉയർന്ന യോഗ്യതയുള്ള 18-നും 35-നും മധ്യേ പ്രായമുള്ളവർക്ക് പങ്കെടുക്കാം. 8281359930, 8304852968, 7012853504.

## തഴവയിൽ വീടുകയറി ആക്രമണം; ഒരാൾ പിടിയിൽ



അതുൽകൃഷ്ണ

**കരുനാഗപ്പള്ളി:** തഴവയിൽ വീട് കയറി ആക്രമണം നടത്തിയ പ്രതികളിൽ ഒളിവിൽ കഴിഞ്ഞ ഒരാൾ കൂടി പിടിയിൽ. ശൂരനാട് കക്കാക്കുന്ന് പള്ളിയാട് വീട്ടിൽ അതുൽകൃഷ്ണ (21) ആണ് കരുനാഗപ്പള്ളി പോലീസിന്റെ പിടിയിലായത്.

ഒന്നാം തീയതി വെളുപ്പിന് തഴവ കുറ്റിപ്പുറത്ത് അർജുനെ വധിക്കണമെന്ന ഉദ്ദേശത്തോടെ വീട്ടിൽ അതിക്രമിച്ചുകയറി ഗൃഹോപകരണങ്ങൾ നശിപ്പിക്കുകയും സമീപമുള്ള ആറുവീടുകളിൽ നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്യുകയായിരുന്നു. അഞ്ച് ടൂവീലറുകളിൽ വന്നായിരുന്നു ആക്രമണം. സംഭവത്തിനുശേഷം ഒളിവിൽ പോയ പ്രതിയെ എറണാകുളത്ത് നിന്നാണ് പിടികൂടിയത്. കേസിൽ അരിനല്ലൂർ സ്വദേശി പ്രണവിനെ ഏതാനും ദിവസം മുൻപ് അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തിരുന്നു.

മറ്റ് പ്രതികളെ ഉടൻ തന്നെ പിടികൂടുമെന്ന് കരുനാഗപ്പള്ളി പോലീസ് അറിയിച്ചു. കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ എസ്എച്ച്ഒ ബിജുവിന്റെ നേതൃത്വത്തിൽ എസ്ഐമാരായ ഷമീർ, ആഷിക്, എസ്സിപിഒ ഹാഷിം, മനോജ് എന്നിവരടക്കം പോലീസ് സംഘമാണ് പ്രതിയെ പിടികൂടിയത്.

## വൈദ്യുതി മുടങ്ങും

**കൊട്ടാരക്കര:** കെഎസ്ഇബി ഇലക്ട്രിക്കൽ സെക്ഷൻ കൊട്ടാരക്കര വെസ്റ്റിന്റെ പരിധിയിൽ പുതിയ ഇലട്രിക് ലൈൻ വലിക്കുന്നതിനുവേണ്ടി ശാസ്താമുകൾ ട്രാൻസ്ഫോർമർ പരിധിയിൽ ഇന്നു രാവിലെ 9 മുതൽ വൈകിട്ട് 5 വരെയും പുലിപ്രയിൽ പഴയ പോസ്റ്റുകൾ മാറ്റുന്നതിനുവേണ്ടി പുലിപ്ര ( ചെന്തറ) ഗണപതി ക്ഷേത്രം, ബിഎസ്എൻഎൽ ഓഫിസ്, ഫെഡറൽ ബാങ്ക് പരിസരം, കൊച്ചാഴികം, ലക്ഷ്മി എഡിബിൾസ് എന്നിവിടങ്ങളിൽ ഇന്നു രാവിലെ 9 മുതൽ വൈകിട്ട് നാലുവരെയും മുസ്ലിം സ്ട്രീറ്റ് റെയിൽവേ പാലം ഭാഗത്ത് രാവിലെ 9 മുതൽ ഉച്ചയ്ക്ക് ഒന്നുവരെയും വൈദ്യുതി മുടങ്ങും.



പൂവറ്റൂർ കിഴക്ക് എൻഎസ്എസ് കരയോഗം പുതിയതായി നിർമിച്ച മന്നം സ്മാരക ഹാളിന്റെ ഉദ്ഘാടനം കൊട്ടാരക്കര താലൂക്ക് എൻഎസ്എസ് യൂണിയൻ സെക്രട്ടറി സി. അനിൽകുമാർ നിർവഹിക്കുന്നു

## മന്നം സ്മാരക ഹാൾ ഉദ്ഘാടനം

**കൊട്ടാരക്കര:** താലൂക്ക് എൻഎസ്എസ് യൂണിയനിൽപെട്ട 654 നമ്പർ പൂവറ്റൂർ കിഴക്ക് എൻഎസ്എസ് കരയോഗം 18 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച മന്നം സ്മാരക ഹാളിന്റെ ഉദ്ഘാടനം കൊട്ടാരക്കര താലൂക്ക് എൻഎസ്എസ് യൂണിയൻ സെക്രട്ടറി സി. അനിൽകുമാർ നിർവഹിച്ചു. കരയോഗം

പ്രസിഡന്റ് പി.സുരേഷ് കുമാർ അധ്യക്ഷനായി. യൂണിയൻ കമ്മിറ്റിയംഗം പി.ഹരികുമാർ, എൻഎസ്എസ് യൂണിയൻ ഇലക്ട്രൽ റോൾ മെമ്പർ പി. രാജഗോപാൽ, വനിതാ യൂണിയൻ പ്രസിഡണ്ട് ജലജാ സുരേഷ്, വനിതാ യൂണിയൻ സെക്രട്ടറി കലഎസ് നായർ, വിവിധ കരയോഗം ഭാരവാഹികളായ മദനകുമാർ, ശ്രീകുമാർ, പ്രസന്നകുമാർ, ജി.സഹദേവൻപിള്ള, കരയോഗം ഖജാൻജി രാധാകൃഷ്ണപിള്ള, അനിതകുമാരി എന്നിവർ സംസാരിച്ചു.

കരയോഗ പ്രവർത്തനത്തിൽ മികച്ച നേതൃത്വം നൽകിയ കരയോഗംപ്രസിഡന്റ് സുരേഷ് കുമാറിനെയും കരയോഗം സെക്രട്ടറി കെ.സതീഷ് കുമാറിനെയും ആറ് സെൻറ് സ്ഥലം കുളക്കട പഞ്ചായത്തിന്റെ ഗ്രാമകേന്ദ്രത്തിനു വേണ്ടി സൗജന്യമായി വിട്ടു നൽകിയ കരയോഗം ഭാരവാഹി അരുൺകുമാറിനെയും കുടുംബത്തെയും ആദരിച്ചു.

## ഐവർകാല ക്ഷേത്രത്തിൽ ശിലാസ്ഥാപനം

**ഐവർകാല:** ഐവർകാല പുത്തനമ്പലം ദേവീക്ഷേത്രത്തിലെ പുനഃരുദ്ധാരണത്തിന്റെ ഭാഗമായുള്ള ശിലാസ്ഥാപനം 15ന് രാവിലെ 6.30നും 7.10നും മധ്യേ നടക്കും. ക്ഷേത്രം പ്രസിഡന്റ് ടി.എ. സുരേഷ്കുമാർ നിർവഹിക്കും.

ക്ഷേത്രം തന്ത്രി മുടപ്പിലാപ്പിള്ളി മഠം നീലകണ്ഠരു ഭട്ടതിരിപ്പാട്, മേൽശാന്തി ഉണ്ണിക്കൃഷ്ണശർമ, എൻഎസ്എസ് താലൂക്ക് യൂണിയൻ പ്രസിഡന്റ് വി.ആർ.കെ. ബാബു, സ്ഥപതി എ.വി. ശിവൻ എന്നിവർ പങ്കെടുക്കും.

## വാക്ക് ഇൻ ഇന്റർവ്യൂ

**കൊല്ലം:** പുത്തൂർ ആൺകുട്ടികളുടെ പ്രീമെട്രിക് ഹോസ്റ്റലിലും പുനലൂർ പെൺകുട്ടികളുടെ പ്രീമെട്രിക് ഹോസ്റ്റലിലും രാത്രികാല പഠനത്തിന് മേൽനോട്ടച്ചുമതല വഹിക്കുന്നതിന് കരാറടിസ്ഥാനത്തിൽ മേട്രൺ കം റസിഡന്റ് ട്യൂട്ടറെ നിയമിക്കുന്നതിന് 16ന് രാവിലെ 10.30ന് ജില്ലാ പട്ടികജാതി വികസന ഓഫീസിൽ വോക്ക് ഇൻ ഇന്റർവ്യൂ നടത്തും. 0474 2794996.

## സ്വർണപ്പാളി ഇളക്കി മാറ്റാൻ അനുവാദം കൊടുത്തത് കുറ്റകരം: അയ്യപ്പധർമ പരിഷത്ത്

**കൊല്ലം:** ശബരിമല ശ്രീകോവിലിനു മുന്നിലെ ദ്വാരപാലക ശില്പങ്ങളിൽ നിന്ന് സ്വർണപ്പാളി ഇളക്കി മാറ്റുന്നതിന് തന്ത്രി അനുവാദം കൊടുത്തത് കുറ്റകരമായ നടപടിയാണെന്ന് ശബരിമല ശ്രീഅയ്യപ്പധർമ പരിഷത്ത്.

ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങളിൽ മാത്രമേ തന്ത്രിമാർക്ക് അഭിപ്രായം പറയാൻ അവകാശമുള്ളൂ. ശബരിമലയിൽ ദേവഹിതം നോക്കാതെ സന്നിധാനത്തെ ദ്വാരപാലകന്മാരുടെ സ്വർണപ്പാളികൾ നീക്കം ചെയ്യാൻ അനുവദിച്ച തന്ത്രിയുടെ നടപടിയിൽ ദുരുദ്ദേശമുണ്ട്. കോടിക്കണക്കിനു രൂപ വിലമതിക്കുന്ന സ്വർണശേഖരമുള്ള ശബരിമലയിൽ നിന്ന് ഉദ്യോഗസ്ഥരും ദേവസ്വം ബോർഡും ചേർന്ന് തന്ത്രിയെ സ്വാധീനിച്ചു കൈവശപ്പെടുത്താനും മാറ്റം വരുത്താനും തയാറാകാതിരിക്കണമെങ്കിൽ കോടതിയുടെ ശക്തമായ ഇടപെടലുകൾ ഉണ്ടാകണം. സ്വർണപ്പാളികൾ മാറ്റാൻ അനുവാദം കൊടുത്ത തന്ത്രിയെക്കുറിച്ചും അതിനു നേതൃത്വം നൽകിയ ഉദ്യോഗസ്ഥന്മാരെക്കുറിച്ചും സമഗ്രമായ അന്വേഷണം വേണമെന്ന് ധർമപരിഷത്ത് ദേശീയ ജനറൽ സെക്രട്ടറി അയർക്കുന്നം രാമൻനായരും ചീഫ് കോഡിനേറ്റർ ചവറ സുരേന്ദ്രൻപിള്ളയും ആവശ്യപ്പെട്ടു.

ദേവസ്വം ബോർഡിന്റെ മഹാക്ഷേത്രങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന സ്വർണ ഉരുപ്പടികൾ നഷ്ടപ്പെടാതിരിക്കാൻ ഹൈക്കോടതി ഒരു വിദഗ്ധ സമിതിയെ വച്ച് പരിശോധന നടത്തുകയും കർശനമായ നിരീക്ഷണം നടത്തുകയും വേണമെന്ന് അവർ ആവശ്യപ്പെട്ടു.

## എൽഡേഴ്സ് ഫോറം ഓണാഘോഷവും വാർഷിക സമാപനവും നാളെ

**കൊല്ലം:** കൊല്ലം എൽഡേഴ്സ് ഫോറത്തിന്റെ 25-ാം വാർഷികത്തോടനുബന്ധിച്ചുള്ള ഓണാഘോഷ പരിപാടികളും സമാപന സമ്മേളനവും നാളെ നടക്കും.

രാമവർമ ക്ലബ് ഓഡിറ്റോറിയത്തിൽ രാവിലെ 11ന് നടക്കുന്ന സമാപന സമ്മേളനം ഫോറം രക്ഷാധികാരി എൻ.കെ. പ്രേമചന്ദ്രൻ എംപി ഉദ്ഘാടനം ചെയ്യും. ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി സന്നദ്ധ സംഘടനകൾക്ക് സാമ്പത്തികസഹായം നൽകും.

വാർത്താസമ്മേളനത്തിൽ പ്രസിഡന്റ് ആർ. രാധാകൃഷ്ണ പൈ, സെക്രട്ടറി പി.ജെ. ബാസ്റ്റ്യൻ, ട്രഷറർ കെ. ഗോപിനാഥൻ, എച്ച്. രാജു, വി.എൻ.ജി. പിള്ള, പിആർഒ നേതാജി ബി. രാജേന്ദ്രൻ എന്നിവർ പങ്കെടുത്തു.

## വ്യാജ ഷോപ്പിങ് സൈറ്റുകൾ സജീവമാകുന്നു



**കൊല്ലം:** പ്രമുഖ ഓൺലൈൻ ഇ-കൊമേഴ്സ് വെബ്സൈറ്റുകളുടെ മറവിൽ വ്യാജഷോപ്പിംഗ് സൈറ്റുകൾ ഒരുക്കി പണം തട്ടുന്ന സംഘങ്ങൾ വ്യാപകമാകുന്നു.

ഓൺലൈൻ ട്രേഡിംഗ് മറയാക്കിയുള്ള സൈബർതട്ടിപ്പിന് ഇരയായി പലർക്കും നഷ്ടമാകുന്നത് ലക്ഷങ്ങളാണ്. പ്രമുഖ ഓൺലൈൻ ഇകോമേഴ്സ് കമ്പനികൾ സ്മാർട്ട് ഐ ഫോൺ, ലാപ്ടോപ്പ് മുതലായ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ സൈറ്റുകൾ മുഖേന വൻവിലക്കുറവിൽ വില്പന നടത്തിവരുന്നുണ്ട്.

ഇത് മറയാക്കിയാണ് വ്യാജൻമാരുടെ വിളയാട്ടം. ഒറ്റനോട്ടത്തിൽ കമ്പനികളുടെ യഥാർഥ വെബ്സൈറ്റ് പോലെ തോന്നിക്കുന്ന വ്യാജൻമാർ സമൂഹമാദ്ധ്യമങ്ങൾ വഴി പരസ്യം നൽകിയാണ് ഇരകളെ വീഴ്ത്തുന്നത്. വ്യാജ സൈറ്റുകൾ സന്ദർശിച്ച് ഉൽപന്നങ്ങൾ ഓർഡർ ചെയ്താൽ പണം നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്ന് സൈബർ പോലീസ് മുന്നറിയിപ്പ് നൽകുന്നു.

വിലക്കുറവ് വാഗ്ദാനം ചെയ്യുന്ന വെബ്സൈറ്റുകളുടെ ആധികാരികതയും നിയമസാധുതയും കൃത്യമായി പരിശോധിച്ചു മാത്രമേ ഉൽപന്നങ്ങൾ ഓർഡർ ചെയ്ത് പണം കൈമാറാവൂ എന്നാണു പോലീസിന്റെ നിർദ്ദേശം. വെബ്സൈറ്റുകളുടെ ആധികാരികത തിരിച്ചറിയുന്നതിനു വിലാസം സൂക്ഷ്മമായി പരിശോധിക്കണം. എസ്എംഎസ് വഴിയും സമൂഹമാദ്ധ്യമങ്ങളിലൂടെയും ലഭിക്കുന്ന ലിങ്കുകളിൽ ക്ലിക്ക് ചെയ്ത് ഇ-കൊമേഴ്സ് വെബ്സൈറ്റുകളിൽ പ്രവേശിക്കരുതെന്നും പോലീസ് മുന്നറിയിപ്പു നൽകുന്നു.

ഓൺലൈൻ സാമ്പത്തിക തട്ടിപ്പിന് ഇരയായെന്നു ബോധ്യപ്പെട്ടാൽ ഉടൻ 1930 എന്ന നമ്പറിൽ പരാതി അറിയിക്കണം. പണം നഷ്ടപ്പെട്ട് ഒരു മണിക്കൂറിനകം ഈ നമ്പറിൽ പരാതി ലഭിച്ചാൽ തുക തിരിച്ചുപിടിക്കാനുള്ള സാധ്യത കൂടുതലാണെന്നു പോലീസ് പറയുന്നു.

## പുനലൂർ താലൂക്ക് സംയുക്ത വിശ്വകർമ്മ സമിതി രൂപീകരിച്ചു

**പുനലൂർ:** പുനലൂർ താലൂക്കിലെ വിശ്വകർമ സംഘടനകളായ അഖില കേരള വിശ്വകർമ മഹാസഭ, വിശ്വകർമ സർവീസ് സൊസൈറ്റി, പുനലൂർ വിശ്വകർമ സമാജം എന്നിവ ചേർന്ന് പുനലൂർ താലൂക്ക് സംയുക്ത വിശ്വകർമ സമിതിക്ക് രൂപം നൽകി. താലൂക്കിലെ വിശ്വകർമജരുടെ പൊതുആവശ്യങ്ങൾക്ക് യോജിച്ച് പ്രവർത്തിക്കാൻ സംയുക്തസമിതി തീരുമാനിച്ചു. വരാൻ പോകുന്ന ത്രിതല പഞ്ചായത്ത് നിയമസഭാ തെരഞ്ഞെടുപ്പുകളിൽ ഏക അഭിപ്രായത്തോട് നീങ്ങാനും രാഷ്ട്രീയ പാർട്ടികളിൽനിന്ന് സമുദായത്തിന് അർഹതപ്പെട്ടത് നേടിയെടുക്കാനും സംയുക്ത സമിതി പ്രവർത്തിക്കും.

ഭാരവാഹികളായി ടി.കെ. സോമശേഖരൻ (ചെയർമാൻ), ജി. രവീന്ദ്രൻ ആചാരി (കൺവീനർ), കെ. ബൈജു (വൈസ് ചെയർമാൻ), എസ്.കെ. ബാലചന്ദ്രൻ, ജ്യോതികുമാർ (ജോയിന്റ് കൺവീനർമാർ), ടി.എൽ. സത്യശീലൻ (ഖജാൻജി) എന്നിവരെ തിരഞ്ഞെടുത്തു. ഈ വർഷത്തെ വിശ്വകർമദിനം താലൂക്ക് അടിസ്ഥാനത്തിൽ സംയുക്ത സമിതിയുടെ ആഭിമുഖ്യത്തിൽ അഞ്ചലിൽ നടത്താനും തീരുമാനിച്ചു.

## സൗണ്ട് ഓഫ് എൽഡേഴ്സ് ഓണാഘോഷം

**കൊല്ലം:** മുതിർന്ന സംഗീത പ്രേമികളുടെ സംഘടനയായ സൗണ്ട് ഓഫ് എൽഡേഴ്സിന്റെ ഓണാഘോഷം നാളെ രാവിലെ 10.30 മുതൽ കൊച്ചുപിലാമൂട് റെഡ്ക്രോസ് ഹാളിൽ നടക്കും.

ഓണസദ്യ, പൂക്കളമിടൽ, മുതിർന്ന അംഗത്തെ ആദരിക്കൽ, ഗാനാലാപനം എന്നിവ ഉണ്ടാകും. ശ്രീനാരായണ ഓപ്പൺ സർവകലാശാല വൈസ് ചാൻസലർ ഡോ. വി.പി. ജഗതിരാജ് മുഖ്യാതിഥിയാകും. പ്രൊഫ. ജി. മോഹൻദാസ്, പ്രസിഡന്റ് ജി. ജയപ്രകാശ്, ഷാർക്കിലൂയിസ് എന്നിവർ സംസാരിക്കും.

## കെഎസ്ആർടിസി ബജറ്റ് ടൂറിസം സെൽ വിനോദ-തീർഥാടന യാത്രകൾ




**കൊല്ലം:** കുളത്തൂപ്പുഴ കെഎസ്ആർടിസി ബജറ്റ് ടൂറിസം സെൽ വിവിധ തീർഥാടന-വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് യാത്രകൾ ഒരുക്കുന്നു. 14ന് രാവിലെ അഞ്ചിന് ആരംഭിക്കുന്ന 'ഓണാട്ടുകരയിലെ ക്ഷേത്രങ്ങൾ' തീർത്ഥാടന യാത്രയിൽ വല്ലഭസ്വാമി ക്ഷേത്രം, ചക്കുളത്ത്കാവ്, മണ്ണാറശ്ശാല, ഹരിപ്പാട്, ഓച്ചിറ, ചെട്ടികുളങ്ങര, കണ്ടിയൂർ മഹാദേവ ക്ഷേത്രം എന്നിവ സന്ദർശിക്കും.

20ന് പുലർച്ചെ നാലിന് തുടങ്ങുന്ന ഉല്ലാസ യാത്ര ഇടുക്കി ഡാം, അഞ്ചുരുളി, അയ്യപ്പൻ കോവിൽ തൂക്ക് പാലം എന്നീ സ്ഥലങ്ങളിലേക്കാണ്. തിരുവനന്തപുരം-കൊല്ലം ബോർഡർ വൈബ്സ് എന്ന പേരിൽ 21ന് രാവിലെ ആറിന് തുടങ്ങുന്ന യാത്രയിൽ തിരുവനന്തപുരത്തെ സൂര്യകാന്തി പാടം, മുതലപൊഴി ഹാർബർ, അഞ്ചുതെങ്ങ് കോട്ട, കായിക്കര ആശാൻ സ്മാരകം, പുത്തൻകുളം കാവേരി പാർക്ക്, പരവൂർ നെടുങ്ങോലത്തെ കണ്ടൽ കാട്ടിലൂടെ തോണിയാത്ര, കാപ്പിൽ പൊഴി എന്നിവ സന്ദർശിച്ച് കുളത്തൂപ്പുഴയിൽ അവസാനിക്കും. 27ന് രാവിലെ അഞ്ചിന് വാഗമൺ-പരുന്തുംപാറ ഉല്ലാസയാത്രയും ഉണ്ടായിരിക്കും.

## വിദ്യാധിരാജ ഫൗണ്ടേഷൻ പുരസ്കാരം ഡോ. മീര ആർ. നായർക്ക്



**കൊല്ലം:** 172-ാമത് വിദ്യാധിരാജ ജയന്തിയോട് അനുബന്ധിച്ചു ശ്രീവിദ്യാധിരാജ ഫൗണ്ടേഷൻ തിരുവനന്തപുരം നൽകുന്ന മികച്ച അധ്യാപക അവാർഡ് ഡോ. മീര ആർ നായർക്ക്. കൊല്ലം കുന്നിക്കോട് എപിപിഎം വിഎച്ച്എസ്എസിലെ പ്രിൻസിപ്പലാണ്.

2012-2013ലെ എൻസിഇആർടിയുടെ മികച്ച അദ്ധ്യാപന അവാർഡ് ജേതാവും അഷ്ടപദി ഗായികയുമാണ്. വിദ്യാധിരാജ ജയന്തിയോട് അനുബന്ധിച്ച് ഇന്ന് തിരുവനന്തപുരം പത്മ കഫേയിൽ വച്ച് പുരസ്കാരം സമ്മാനിക്കുമെന്ന് ശ്രീവിദ്യാധിരാജ ഫൗണ്ടേഷൻ ചെയർമാൻ വെങ്ങന്നൂർ ഗോപകുമാർ അറിയിച്ചു.

## സെക്യൂരിറ്റി നിയമനം

**കൊല്ലം:** മകരവിളക്ക് മഹോത്സവത്തിനും മാസപൂജയ്ക്കും ശബരിമല, പമ്പ നിലയ്ക്കൽ എന്നിവിടങ്ങളിലെ വിവിധ ഡ്യൂട്ടി പോയന്റുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താത്കാലിക സെക്യൂരിറ്റിമാരെ നിയമിക്കും. മികച്ച ശാരീരിക ശേഷിയുള്ള ഹിന്ദുമത വിഭാഗത്തിൽപ്പെട്ട വിമുക്ത ഭടന്മാർ, മറ്റു സായുധ സേന വിഭാഗങ്ങളിൽ നിന്നും വിരമിച്ചവർക്കാണ് അപേക്ഷിക്കാനാവുക. 9497964855, 0474 2792987.

## സിവിൽ എക്സൈസ് ഓഫീസർ എൻഡ്യൂറൻസ് ടെസ്റ്റ്

**ആലപ്പുഴ:** ജില്ലയിൽ എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ (കാറ്റഗറി നമ്പർ: 743/2024 -നേരിട്ടുള്ള നിയമനം, കാറ്റഗറി നമ്പർ: 744/2024 തസ്തികമാറ്റം വഴി) തസ്തികകളുടെ ചുരുക്കപ്പട്ടികകളിൽ ഉൾപ്പെട്ട ഉദ്യോഗാർഥികൾക്കായുള്ള എൻഡ്യൂറൻസ് ടെസ്റ്റ് 16, 17 തീയതികളിൽ രാവിലെ അഞ്ച് മുതൽ ആലപ്പുഴ ജില്ലയിലെ കണിച്ചുകുളങ്ങര-മാരാരിക്കുളം റോഡിൽ നടക്കും. ഉദ്യോഗാർത്ഥികൾ www.keralapsc.gov.in എന്ന വെബ്സൈറ്റിൽ നിന്നും അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത് അതിൽ രേഖപ്പെടുത്തിയിരിക്കുന്ന തീയതിയിൽ നിശ്ചിത സ്ഥലത്തും സമയത്തും കൃത്യമായി ഹാജരാകണം. ഉദ്യോഗാർത്ഥികൾക്കുള്ള എസ്എംഎസ്, പ്രൊഫൈൽ മെസ്സേജ് എന്നിവ അയച്ചിട്ടുണ്ട് .ഇതുമായി ബന്ധപ്പെട്ടുണ്ടാകാൻ സാധ്യതയുള്ള താൽകാലിക അസൗകര്യങ്ങളിൽ പൊതുജനങ്ങൾ സഹകരിക്കണമെന്ന് പിഎസ്സി ജില്ലാ ഓഫീസർ അറിയിച്ചു.

## സ്കൂൾ ബസിറങ്ങിയ മൂന്നാം ക്ലാസുകാരിയെ റോഡിലൂടെ വലിച്ചിഴച്ചു

**അഞ്ചൽ:** സ്കൂൾ ബസ്സിൽ നിന്ന് ഇറങ്ങവെ ബസ്സിന്റെ ഡോറിൽ കുരുങ്ങിയ മൂന്നാക്ലാസുകാരിയെ അരകിലോമീറ്ററോളം റോഡിലൂടെ വലിച്ചിഴച്ചു. കുട്ടിക്ക് ഗുരുതര പരിക്ക്.

കൊല്ലം ചിതറയിലാണ് സംഭവം.കുറക്കോട് ജവഹർ സ്കൂളിലെ മൂന്നാക്ലാസ് വിദ്യാർത്ഥിനി അമീറ ഫാത്തിമയ്ക്കാണ് പരിക്കേറ്റത്. ശരീരത്തിൽ പല സ്ഥലത്തും കുട്ടിയുടെ മാംസം ഇളകിപോയിട്ടുണ്ട്. കുട്ടിയെ കടയ്ക്കൽ താലൂക്കാശുപത്രിയിലും തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്കും മാറ്റി. കുട്ടി വാഹനത്തിൽ നിന്ന് ഇറങ്ങി മുൻവശത്തുകൂടി റോഡ് മുറിച്ച് കടക്കവെ കുട്ടിയുടെ വസ്ത്രം വാഹനത്തിൽ ഉടക്കുകയായിരുന്നു. ഇതറിയാതെ വാഹനം ഓടിച്ച് പോയതാണ് അപകടത്തിന് കാരണം. സർക്കാർ നിർദ്ദേശപ്രകാരം വാഹനത്തിൽ നിന്ന് ഇറങ്ങുന്ന കുട്ടികളെ റോഡ് കടത്തിവിടണമെന്ന നിയമം പോലും ആയ നിർവഹിച്ചില്ല. അതുകൊണ്ട് മാത്രമാണ് ഈ അപകടം സംഭവിച്ചതെന്നാണ് ആക്ഷേപം.

**സോൾവ് പ്ലാസ്റ്റിക് പ്രൊഡക്റ്റ്സ് ലിമിറ്റഡ്**

രജിസ്റ്റേർഡ് ഓഫീസ്: ഡോർ നമ്പർ NO XIII/690/ABC,തൊളിക്കോട്, പുനലൂർ, കൊല്ലം, കേരളം-691333

CIN: L2520KL 1994PLC008231

ഇമെയിൽ: cs@balcopipes.com

ഫോൺ: 0475 2223867

**വാർഷിക പൊതുയോഗത്തിന്റെ (AGM) അറിയിപ്പ്**

സോൾവ് പ്ലാസ്റ്റിക് പ്രൊഡക്റ്റ്സ് ലിമിറ്റഡ് ('കമ്പനി')യുടെ 30-ാമത് വാർഷിക പൊതുയോഗം ("AGM") 2025 സെപ്റ്റംബർ 29 തീയതി തിങ്കളാഴ്ച രാവിലെ 10:00 മണിക്ക്, ഹോട്ടൽ HYBIZ RO ജംഗ്ഷൻ, മാർജിൻ ഫ്രീ സൂപ്പർമാർക്കറ്റിന് സമീപം, അഞ്ചലിൽ, കേരളം - 691306 നടത്തപ്പെടുന്നതാണ്. യോഗത്തിൽ ചുവടെ പറയുന്ന കാര്യങ്ങൾ പരിഗണിക്കുന്നതിനായി ഓഹരി ഉടമകളെ വിളിച്ചുചേർക്കുന്നു.

**ഇ-വോട്ടിംഗ് സംബന്ധിച്ച വിവരങ്ങൾ**

കമ്പനീസ് ആക്ട്, 2013-ലെ വകുപ്പ് 108 അനുസരിച്ച്, ഓഹരി ഉടമകൾക്ക് സെൻട്രൽ ഡിപ്പോസിറ്ററി സർവീസസ് (ഇന്ത്യ) ലിമിറ്റഡ് - CDSL മുഖേന ഇലക്ട്രോണിക് വോട്ടിംഗ് സൗകര്യം ലഭ്യമാണ്. ഓഹരി ഉടമകൾ www.evotingindia.com സന്ദർശിച്ച് ഇ-വോട്ടിംഗ് നടത്താം.

രജിസ്റ്റർ ചെയ്ത ഇമെയിൽ ഐഡി ഉള്ള ഓഹരി ഉടമകൾ ആവശ്യമായ രേഖകൾ (ഫോളിയോ നമ്പർ/DPID-Client ID, പാൻ നമ്പർ, ആധാർ നമ്പർ, ഷെയർ സർട്ടിഫിക്കറ്റ്/ഡീമാറ്റ് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് എന്നിവയുടെ സ്കാൻ പകർപ്പ്) cs@balcopipes.com അല്ലെങ്കിൽ helpdesk.evoting@cdslindia.com എന്ന വിലാസത്തിലേക്ക് അയച്ചാൽ User IDയും Password ഉം ലഭിക്കും.

- AGM നോട്ടീസ് അയച്ച തീയതി: 06.09.2025
- ഇ-വോട്ടിംഗ് ആരംഭം: 26.09.2025 രാവിലെ 09:00 (IST)
- ഇ-വോട്ടിംഗ് അവസാനിക്കുന്ന തീയതി: 28.09.2025 വൈകുന്നേരം 05:00 (IST)

AGM നോട്ടീസ് കമ്പനി വെബ്സൈറ്റിലും (https://balcopipes.com) www.evotingindia.com-epw ലഭ്യമാണ്.

സാങ്കേതിക സഹായം:
ശ്രീ. രാകേഷ് ദാൽവി, സീനിയർ മാനേജർ, CDSL
ഇമെയിൽ: helpdesk.evoting@cdslindia.com
ടോൾഫ്രീ: 1800225533

AGM നോട്ടീസ് ലഭിക്കാത്ത ഓഹരി ഉടമകൾ helpdesk.evoting@cdslindia.com വഴി Login IDbpS Password ഉം അപേക്ഷിക്കാം. AGM നോട്ടീസിലും വെബ്സൈറ്റിലുമുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവേശനം സാധ്യമാണ്.

**ബുക്ക് ക്ലോഷർ അറിയിപ്പ്**

Companies Act 2013ലെ വകുപ്പ് 91 പ്രകാരം AGM-നോട് അനുബന്ധമായി, അംഗങ്ങളുടെ രജിസ്റ്ററും ഷെയർ ട്രാൻസ്ഫർ ഡോക്യൂമെന്റ്സും 2025 ഓഗസ്റ്റ് 5 മുതൽ 2025 ഓഗസ്റ്റ് 12 വരെയുള്ള ദിവസങ്ങളിൽ അടച്ചിടുന്നതാണ് (ഇരു ദിവസങ്ങളും ഉൾപ്പെടെ).

കൂടുതൽ വിവരങ്ങൾക്കായി cs@balcopipes.com എന്ന ഇമെയിൽ വിലാസത്തിലോ 0475 2223867 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

ബോർഡിന്റെ ഉത്തരവുപ്രകാരം
സോൾവ് പ്ലാസ്റ്റിക് പ്രൊഡക്റ്റ്സ് ലിമിറ്റഡ്
Sd/-
ദിവ്യ അജന്തകുമാരി
കമ്പനി സെക്രട്ടറി & കംപ്ലയൻസ് ഓഫീസർ

പുനലൂർ
06.09.2025

## സ്ത്രീസൗഹൃദ വിദ്യാലയങ്ങൾ ഉറപ്പാക്കി കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്

**കൊട്ടാരക്കര:** സ്ത്രീസൗഹൃദപദ്ധതികളുടെ തുടർച്ച ഉറപ്പാക്കി കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്. വിദ്യാർഥിനികൾക്കായി ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തിയാണ് തുടർപ്രവർത്തനങ്ങൾ. ബ്ലോക്ക്പരിധിയിലെ ഒൻപത് സ്കൂളുകളിൽ സാനിറ്ററി നാപ്കിൻ വെൻഡിങ് മെഷീനുകളും ഇൻസിനറേറ്ററുകളും (സംസ്കരണ സംവിധാനം) സ്ഥാപിച്ചു. വ്യക്തിശുചിത്വത്തിന് സംവിധാനമെന്നതിനൊപ്പം ഉപയോഗശേഷമുള്ള സംസ്കരണം പരിസ്ഥിതിസൗഹാർദമായി നിർവഹിക്കാനുമാണ് അവസരം ഒരുക്കിയത്.

കരീപ്ര, എഴുകോൺ, വെളിയം ഗ്രാമ പഞ്ചായത്തുകളിലെ ഒൻപത് സ്കൂളുകളിലാണ് പദ്ധതി നടപ്പാക്കിയത്. ജി.എച്ച്.എസ്.എസ് വാക്കനാട്, ടി.വി തോമസ് എം.എച്ച്.എസ്.എസ് വെളിയം, ടി.എച്ച്.എസ് അറുപറക്കോണം, സർക്കാർ എച്ച്.എസ്.എസ് മുട്ടറ, വി.എസ്.വി എച്ച്.എസ്.എസ് എഴുകോൺ, കെ.ആർ.ജി.ബി.എം.വി എച്ച്.എസ് ആൻഡ് എച്ച്.എസ്.എസ് ഓടനാവട്ടം, എസ്.എം എച്ച്.എസ്.എസ് കൊട്ടറ, സെന്റ് ജോർജ് എച്ച്.എസ്.എസ് ചൊവ്വള്ളൂർ, എ ഇ പി എം എച്ച്.എസ്.എസ് ഇരുമ്പനങ്ങാട് എന്നീ സ്കൂളുകളിൽ സംവിധാനം ഏർപ്പെടുത്തി. എസ്.എം എച്ച്.എസ്.എസ് കൊട്ടറയിൽ 810 വിദ്യാർഥിനികളുള്ളത് പരിഗണിച്ച് രണ്ട് വെൻഡിങ് മെഷീനും ഇൻസിനറേറ്ററും സ്ഥാപിച്ചു.

നാപ്കിനുകൾ സൂക്ഷിക്കാനുള്ള അലമാരകളും പദ്ധതിവഴി വിതരണം ചെയ്തു. ഒൻപത് സ്കൂളുകളിലായി 17 അലമാരകളാണ് നൽകിയത്. ഇതിനായി 2,31,880 രൂപയാണ് ചിലവഴിച്ചത്. 9,54,782 രൂപ ചിലവിൽ 37,664 പാഡുകളാണ് വാങ്ങിനൽകിയത്. 10 സാനിറ്ററി നാപ്കിൻ വെൻഡിങ് മെഷീനുകൾക്കായി 2,43,690 രൂപയും 13 ഇൻസിനറേറ്ററുകൾക്കായി 6,48,280 രൂപയുമുൾപ്പെടെ 21 ലക്ഷം രൂപയാണ് വകയിരുത്തിയത്. സൗജന്യമായാണ് സാനിറ്ററി പാഡുകൾ ലഭ്യമാക്കുന്നത്. വെളിയം ഗ്രാമപഞ്ചായത്തിലെ മുട്ടറ സർക്കാർ ഹയർസെക്കൻഡറി സ്കൂളിലായിരുന്നു പദ്ധതിയുടെതുടക്കം. സ്കൂൾകുട്ടികളിലെ ആർത്തവശുചിത്വം മെച്ചപ്പെടുത്തുന്നതിന് സഹായകമാകുംവിധമാണ് പദ്ധതി നടപ്പിലാക്കുന്നത്. മെഷീൻ സ്ഥാപിച്ചതും മേൽനോട്ട ചുമതലയും വനിതാ വികസന കോർപ്പറേഷനാണ് നിർവഹിക്കുന്നത്.




മുഹമ്മ ചലഞ്ചേഴ്സ് ആർട്സ് ആന്റ് സ്പോർട്സ് ക്ലബിന്റെ അനുമോദന സമ്മേളനം മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്യുന്നു

## അനുമോദന സമ്മേളനവും ചികിത്സാ സഹായ വിതരണവും

**മുഹമ്മ:** ചലഞ്ചേഴ്സ് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് അനുമോദന സമ്മേളനവും കനിവ് ചികിത്സാ സഹായ വിതരണവും സംഘടിപ്പിച്ചു. മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്തു. ആഘോഷ കമ്മിറ്റി പ്രസിഡന്റ് കെ.വി ലക്ഷ്മണൻ അധ്യക്ഷനായി. ശ്രീജിത്ത് സുകുമാരൻ വിശിഷ്ടാതിഥിയായി. സിനിമ സംവിധായകൻ രാജ് ബാബു, മാതൃകാധ്യാപിക ജെസി തോമസ്, ഡോ. എസ്.ശ്രീദേവി, പത്രപ്രവർത്തകൻ കെ.എസ് ലാലിച്ചൻ, ആർക്കിടെക്റ്റ് വി പി പ്രജിത് ദേവ് എന്നിവരെ മന്ത്രി ആദരിച്ചു. എസ്എസ്എൽസി, പ്ലസ്ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർഥികളെ അനുമോദിച്ചു.

മുഹമ്മ എസ്എച്ച്ഒ ലൈസാദ് മുഹമ്മദ് ചികിത്സ സഹായം വിതരണം ചെയ്തു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ ടി റെജി, സജീർ, ക്ലബ് രക്ഷാധികാരി കെ. എസ് സുനിമോൻ, സെക്രട്ടറി സി. വി വിപിൻ, പ്രസിഡന്റ് സി ആർ ഷാജി, ആഘോഷ കമ്മിറ്റിസെക്രട്ടറി രഞ്ജിനി പ്രദീപ്, ട്രഷറർ ജയ രാജേഷ്, ക്ലബ് ട്രഷറർ എം.എ സെലിൻ എന്നിവർ സംസാരിച്ചു.

## ശ്രീകൃഷ്ണ ജയന്തി ആഘോഷം

**പത്തനാപുരം:** ചേകം ശ്രീ മഹാദേവർ ക്ഷേത്രത്തിലെ ആർഷാദർശിനി ബാലഗോകുലത്തിന്റെ ആഭിമുഖ്യത്തിൽ ശ്രീകൃഷ്ണജയന്തി ആഘോഷം ഞയറാഴ്ച നടക്കും. രാവിലെ 10ന് ഗോപൂജ, വൃക്ഷപൂജ എന്നിവയും ഉച്ചയ്ക്ക് 3ന് കിഴക്കേഭാഗം എൻ എസ് എസ് കരയോഗ മന്ദിരത്തിൽ നിന്നും ആരംഭിക്കുന്ന ശോഭായാത്ര കൂടൽമുക്ക്, ചേകം വഴി ക്ഷേത്ര സന്നിധിയിൽ എത്തിച്ചേരും. ശോഭയാത്രയെ ക്ഷേത്രം ഭാരവാഹികൾ സ്വീകരിക്കും. തുടർന്ന് ഉറിയടി, പ്രസാദവിതരണം, ദീപാരാധന, ഗോദാനം എന്നിവ നടക്കും. സിനിമാസംവിധായകൻ രതീഷ് രഘുനന്ദൻ നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കുന്ന ഒരാൾക്ക് ഗോദാനം നിർവ്വഹിക്കും.

## പുസ്തക പ്രകാശനം 14ന്

**കൊല്ലം:** യുവമേള പബ്ലിക്കേഷൻസ് പ്രസിദ്ധീകരിക്കുന്ന കെ. അമ്മിണി അമ്മയുടെ കഥാസമാഹാരമായ അതിരുകൾക്കപ്പുറം, ഒരു പ്രഥമാദ്ധ്യാപികയുടെ അനുഭവക്കുറിപ്പുകൾ എന്നീ പുസ്തകങ്ങളുടെ പ്രകാശനം 14ന് ഉച്ചയ്ക്ക് 2ന് കൊല്ലം പ്രസ്സ് ക്ലബ്ബിൽ നടക്കും. സമ്മേളനം മന്ത്രി ജെ. ചിഞ്ചുറാണി ഉദ്ഘാടനം ചെയ്യും. നിരൂപകൻ ഡോ. കെ. പ്രസന്നരാജൻ പുസ്തകപ്രകാശനം നടത്തും. കൊല്ലം മധു അദ്ധ്യക്ഷനാകും.

## അദ്ധ്യാപകനും വിദ്യാർത്ഥിക്കും സസ്പെൻഷൻ

**കൊല്ലം:** നഗരത്തിന്റെ ഗവ. ഹൈസ്കൂളിൽ അദ്ധ്യാപകനും വിദ്യാർത്ഥിയും തമ്മിൽ ഏറ്റുമുട്ടിയ കേസിൽ അദ്ധ്യാപകന് സസ്പെൻഷൻ. അന്വേഷണത്തിന്റെ ഭാഗമായി വിദ്യാർത്ഥിയെയും സ്കൂളിൽ നിന്ന് പുറത്താക്കിയിട്ടുണ്ട്. സംഭവത്തെ തുടർന്ന് ജില്ലാവിദ്യാഭ്യാസ ഉപഡയറക്ടർ സ്കൂളിലെത്തി പ്രഥമാദ്ധ്യാപകനിൽ നിന്നും സ്കൂൾ പ്രിൻസിപ്പലിൽ നിന്നും വിവരങ്ങൾ ശേഖരിച്ചിരുന്നു. ഇവരുടെ മൊഴി രേഖപ്പെടുത്തുകയും വിശദമായ റിപ്പോർട്ട് തേടുകയും ചെയ്തിട്ടുണ്ട്. ഇതിന് പിന്നാലെയാണ് സസ്പെൻഷൻ. സമൂഹത്തിന് മാതൃകയാകേണ്ട അദ്ധ്യാപകൻ കുറ്റകൃത്യം ചെയ്തുവെന്നാണ് വിദ്യാഭ്യാസ ഉപഡയറക്ടർ സസ്പെൻഷൻ ഉത്തരവിൽ ചൂണ്ടിക്കാട്ടുന്നത്. സംഭവവുമായി ബന്ധപ്പെട്ട് കായികാദ്ധ്യാപകനെതിരെ അഞ്ചാലുമൂട് പോലീസ് കേസെടുത്തിട്ടുണ്ട്.

ജുവനൈൽ ആക്ട് പ്രകാരമുള്ള വകുപ്പുകൾ ചുമത്തി ജാമ്യമില്ലാ വകുപ്പ് പ്രകാരമാണ് കേസ്. നിലവിൽ അദ്ധ്യാപകൻ കടയ്ക്കൽ സ്വകാര്യ ആശുപത്രിയിലും വിദ്യാർത്ഥി കൊല്ലം ജില്ലാ ആശുപത്രിയിലും ചികിത്സയിലാണ്. ശിശുക്ഷേമ സമിതി സംഭവത്തിൽ വിശദമായ അന്വേഷണം ആരംഭിച്ചിട്ടുണ്ട്. സമിതിയുടെ അദ്ധ്യക്ഷനായ ജില്ലാ കളക്ടർ വിശദമായ അന്വേഷണം നടത്താൻ കൊല്ലം സിറ്റി പോലീസ് കമ്മീഷണറോട് ആവശ്യപ്പെട്ടു.

## തിമിര ശസ്ത്രക്രിയ ക്യാമ്പ്

**എരമല്ലൂർ:** അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയടെയും കെ.എൽഎം എരമല്ലൂർ സെന്റ് ജൂഡ് യൂണിറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ എരമല്ലൂർ എൻഎസ്എൽ സ്കൂളിൽ നടത്തിയ സൗജന്യ നേത്ര തിമിര ശസ്ത്രക്രിയ ക്യാമ്പ് കെ. എൽ. എം ഡയറക്ടർ ഫാദർ പ്രസാദ് കണ്ടത്തിൽ പറമ്പിൽ ഉത്ഘാടനം ചെയ്തു. വികാരി ഫാദർ ഫ്രാൻസിസ് കുരിശിങ്കൽതുടങ്ങിയവർ പങ്കെടുത്തു.

## റെയിൽവേ ഗേറ്റ് അടച്ചിടും

**ആലപ്പുഴ:** മാരാരിക്കുളം - ആലപ്പുഴ റെയിൽവേ സ്റ്റേഷനുകൾക്കിടയിലുള്ള ലെവൽ ക്രോസ് നമ്പർ 56 (തുമ്പോളി ഗേറ്റ്) ഇന്ന് രാവിലെ എട്ട് മുതൽ വൈകിട്ട് അഞ്ച് വരെ അറ്റകുറ്റ പണികൾക്കായി അടച്ചിടും. വാഹനങ്ങൾ ലെവൽ ക്രോസ് നമ്പർ 57 (മംഗലം ഗേറ്റ്) വഴി പോകണം.

## പ്രേംനസീർ സുഹൃത് സമിതി ഓണനിലാവ് നാളെ

**കൊല്ലം:** പ്രേംനസീർ സുഹൃത് സമിതിയുടെ കൊല്ലം ചാപ്റ്ററിന്റെ നേതൃത്വത്തിൽ നാളെ കൊല്ലം ശങ്കർനഗർ വെസ്റ്റിലെ ശങ്കർനഗർ ലൈബ്രറി ഹാളിൽ ഓണനിലാവ് 2025 സംഘടിപ്പിക്കും. രാവിലെ 10ന് കാളിദാസ കലാകേന്ദ്രം ഡയറക്ടർ സന്ധ്യാ രാജേന്ദ്രൻ ഉദ്ഘാടനം ചെയ്യും. വൈകിട്ട് 4ന് നടക്കുന്ന സാംസ്കാരിക സമ്മേളനം നൗഷാദ് എംഎൽഎ ഉദ്ഘാടനം ചെയ്യും. മേയർ ഹണി ബെഞ്ചമിൻ അധ്യക്ഷയാകും.

സിറ്റി പോലീസ് കമ്മീഷണർ കിരൺ നാരായണൻ മുഖ്യാതിഥിയാകും. രണ്ട് ദിവസങ്ങളിലായി നടന്ന കരോക്ക ഗാനാലാപന മത്സര വിജയികൾക്കുള്ള ക്യാഷ് അവാർഡുകൾ മുൻമന്ത്രി ഷിബു ബേബിജോണും ഫലകം ക്രൈംബ്രാഞ്ച് തിരുവനന്തപുരം ഡിവിഷൻ എസ്പി അബ്ദുൾ റഷിയും സർട്ടിഫിക്കറ്റുകൾ സമിതി കൊല്ലം ചാപ്റ്റർ ചെയർമാൻ അഡ്വ. അബ്ദുൾ ബാരിയും സമർപ്പിക്കും. വാർത്താസമ്മേളനത്തിൽ സമിതി കൊല്ലം ചാപ്റ്റർ ചെയർമാൻ അഡ്വ. അബ്ദുൾ ബാരി, പ്രസിഡന്റ് സുൾഫിക്കർ, സെക്രട്ടറി ദിലീപ് റെയ്മണ്ട്, ഖജാൻജി സിന്ധ്യ, വൈസ് പ്രസിഡന്റ് ബൈജു മാധവ് എന്നിവർ പങ്കെടുത്തു.

**CHANGE OF NAME**

I KUNJUMOL PIRAVANTHOOR CHACKO Residing at Valiyavila Apsa Bhavan,Pulamon P O Kottarakkara.Holder of Passport NO M8392932 do hereby change my name to KUNJUMOL REJI as per my Aadhar No 8463 7348 1566 for all purpose. I also undertake to effect the changes in all my other public documents.

**CHANGE OF NAME**

I JAMALUDEEN EBRAHIM KUTTY holder of Indian Passport NO E 8127658 do hereby change my name to JAMALUDEEN as per my Aadhar No 897570345647 for all purpose. I also undertake to effect the changes in all my other public documents.

**CHANGE OF NAME**

I, ATHIRA holder of Passport Number E3310688 do hereby change my name to ATHIRA JAGAJITH as per my Adhar number 8337 2685 0567 for all purposes.

**VEHICLE FOR SALE**

**KL60C3646**
EICHER 10.75 CRUISER (2011)
**KL07CQ3218**
HYUNDAI I20 MAGNA BS6 PETROL (2018)
*For details contact*
SHRIRAM Finance
1st Floor, Arya Tower, Opp. Nursing Hostel, Puthenchantha, Varkala P.O, Trivandrum 695141, Mob: 9809979198

**VEHICLE FOR SALE**

**KL25R1909**
TATA SIGNA 3525.T BS6 (2023)
*For details contact*
SHRIRAM Finance
FIRST FLOOR, THAMEEN BUILDING, NEAR KSFE, PUNALUR ROAD, ANCHAL, KOLLAM 691306
Mob: 9847464847 9656846207

ജന്മഭൂമി

യതോ ധർമ്മസ്തതോ ജയഃ

## ആഗോള അയ്യപ്പ സംഗമം കോടതി കയറിയപ്പോൾ

**തി**രുവിതാംകൂർ ദേവസ്വം ബോർഡിന്റെ മറവിൽ ആഗോള അയ്യപ്പ സംഗമം നടത്താനുള്ള സംസ്ഥാന സർക്കാരിന്റെ തീരുമാനത്തിന് കോടതി ഉപാധികളോടെ അനുമതി നൽകിയിരിക്കുകയാണ്. ശബരിമലയുടെ വിശുദ്ധി സംരക്ഷിക്കണമെന്നും, പമ്പയിൽ സ്ഥിരനിർമിതികളൊന്നും പാടില്ലെന്നും, പ്രതിനിധികൾക്ക് പ്രത്യേക പരിഗണന നൽകരുതെന്നും, പണ സമാഹരണം സുതാര്യമായിരിക്കണമെന്നും, ഇതിന്റെ കണക്കുകൾ ദേവസ്വം സ്പെഷ്യൽ കമ്മിഷണറെ ഒരാഴ്ചയ്ക്കകം അറിയിക്കണമെന്നും കോടതി നിർദ്ദേശിച്ചിരിക്കുന്നു. ഈ മാസം ഇരുപതിന് പമ്പാ മണപ്പുറത്ത് സംഘടിപ്പിക്കുന്ന അയ്യപ്പ സംഗമത്തിന് ജനങ്ങളിൽ നിന്ന് ഇങ്ങനെ പണം പിരിക്കാമോയെന്നും, ആരൊക്കെയാണ് ഇതിൽ പങ്കെടുക്കുകയെന്നും കോടതി കഴിഞ്ഞദിവസം ചോദിച്ചത് സർക്കാരിന്റെ രാഷ്ട്രീയ ദുഷ്ടലാക്കിലേക്കും വഞ്ചനയിലേക്കും വിരൽചൂണ്ടുന്നതാണ്. അയ്യപ്പ സംഗമത്തിലൂടെ ശേഖരിക്കുന്ന പണം ശബരിമലയിലെ അടിസ്ഥാന വികസനത്തിന് ഉപയോഗിക്കാനാണെന്നും, ഇതിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനു തന്നെ 1500 കോടിയോളം രൂപ ആവശ്യമാണെന്നും സർക്കാരിനു വേണ്ടി ഹാജരായ അഡ്വക്കേറ്റ് ജനറൽ കോടതിയിൽ പറയുകയുണ്ടായി. ഇതൊന്നും മുഖവിലയ്ക്കെടുക്കാൻ അയ്യപ്പഭക്തർക്ക് കഴിയില്ല. ശബരിമലയോടും അവിടത്തെ ആചാരങ്ങളോടും ശത്രുതാപരമായ സമീപനം പുലർത്തുകയും, അയ്യപ്പഭക്തരെ അടിച്ചമർത്തുകയും ചെയ്ത പിണറായി സർക്കാർ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ് അടുത്തുവന്ന സാഹചര്യത്തിൽ ഹിന്ദുക്കളെ കബളിപ്പിച്ച് വോട്ട് വാങ്ങാനുള്ള ശ്രമമാണ് നടത്തുന്നതെന്ന് ഒന്നുകൂടി വ്യക്തമായിരിക്കുന്നു. മഹാകുംഭമേളയുടെ മാതൃകയിലാണ് അയ്യപ്പ സംഗമം നടത്തുന്നതെന്നാണ് സർക്കാർ വാദിച്ചത്. ഉത്തർപ്രദേശിൽ ഗംഗാതീരത്ത് നടന്ന മഹാകുംഭമേളയെ വിമർശിക്കുകയും പരിഹസിക്കുകയും ചെയ്തവർ, ഇപ്പോൾ ആ മഹാസംഗമത്തെ മാതൃകയാക്കുന്നു എന്നു പറയുന്നത് മറ്റൊരു കാപട്യം.

ശബരിമലയുടെ വികസനത്തെക്കുറിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിനും പിണറായി സർക്കാരിനും ഇപ്പോഴാണോ വെളിപാട് ഉണ്ടാകുന്നത്? ഈ സർക്കാർ അധികാരത്തിലേറിയിട്ട് ഒൻപത് വർഷമായി. ശബരിമലയിൽ വികസനം നടത്താൻ ഈ കാലയളവ് ധാരാളമായിരുന്നു. ഇതിനുവേണ്ടി ആത്മാർത്ഥമായി യാതൊന്നും ചെയ്യാത്ത, അതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കാൻ പോലും തയ്യാറാവാത്ത സർക്കാരാണ് വികസനത്തിന്റെ പേര് പറഞ്ഞ് അയ്യപ്പ ഭക്തരെ കബളിപ്പിക്കാൻ നോക്കുന്നത്. ശബരിമലയിൽ വികസനം കൊണ്ടുവരുന്നതിനല്ല, അവിടെയെത്തുന്ന ഭക്തരെ ചൂഷണം ചെയ്യുന്നതിനാണ് തിരുവിതാംകൂർ ദേവസ്വം ബോർഡും പിണറായി സർക്കാരും ഇക്കാലമത്രയും ശ്രമിച്ചത്. ശബരിമലയിലെ യുവതീ പ്രവേശന വിധി നടപ്പിലാക്കാൻ ആയിരക്കണക്കിന് ഭക്തരെ അയ്യപ്പന്റെ പൂങ്കാവനത്തിലും മറ്റിടങ്ങളിലും തല്ലിച്ചതയ്ക്കുകയും ചെയ്തു. ഇതൊക്കെ മറച്ചുപിടിച്ച് പഞ്ചായത്ത് തെരഞ്ഞെടുപ്പിലും നിയമസഭാ തെരഞ്ഞെടുപ്പിലും ഹിന്ദുക്കളുടെ വോട്ടുവാങ്ങാനുള്ള കുതന്ത്രങ്ങളാണ് ദേവസ്വം ബോർഡുമായി ചേർന്ന് പിണറായി സർക്കാർ പയറ്റുന്നത്. ഇത് തിരിച്ചറിയാനുള്ള വിവേകം സാമാന്യ ജനങ്ങൾക്കുണ്ട്.

> **ശബരിമലയോടും അവിടത്തെ ആചാരങ്ങളോടും ശത്രുതാപരമായ സമീപനം പുലർത്തുകയും, അയ്യപ്പഭക്തരെ അടിച്ചമർത്തുകയും ചെയ്ത പിണറായി സർക്കാർ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ് അടുത്തുവന്ന സാഹചര്യത്തിൽ ഹിന്ദുക്കളെ കബളിപ്പിച്ച് വോട്ട് വാങ്ങാനുള്ള ശ്രമമാണ് നടത്തുന്നതെന്ന് ഒന്നുകൂടി വ്യക്തമായിരിക്കുന്നു.**

അയ്യപ്പഭക്ത സംഗമം സംഘടിപ്പിക്കുന്ന കാര്യത്തിൽ സർക്കാരിനെതിരെ ചോദ്യചിഹ്നം ഉയർത്തിയ ഹൈക്കോടതിയുടെ ദേവസ്വം ബെഞ്ച് ശബരിമലക്ഷേത്രത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് നടത്തിയ മറ്റൊരു കള്ളത്തരത്തെയും വിമർശിക്കുകയുണ്ടായി. ശബരിമല ശ്രീകോവിലിന്റെ ഇരുവശത്തുമുള്ള ദ്വാരപാലക വിഗ്രഹങ്ങളിലെ സ്വർണ്ണപ്പാളികൾ അനുമതിയില്ലാതെ അടർത്തിമാറ്റി ചെന്നൈയിലേക്ക് അറ്റകുറ്റപ്പണിക്കെന്നു പറഞ്ഞ് അയച്ചതിനെ കോടതി ശക്തമായ ഭാഷയിൽ ശാസിച്ചു. 2019ൽ 40 വർഷത്തെ ഗ്യാരണ്ടിയോടെ ഇതേ സ്വർണ്ണപ്പാളി അറ്റകുറ്റപ്പണി നടത്തിയ കമ്പനിയിലേക്കു തന്നെ വീണ്ടും ഇതിനായി അയച്ചത് എന്തിനാണെന്ന കോടതിയുടെ ചോദ്യത്തിന് ദേവസ്വം ബോർഡ് വ്യക്തമായ മറുപടി പറഞ്ഞില്ല. ഇതിൽ കള്ളത്തരമുണ്ടാവാം. ദേവസ്വം സ്പെഷ്യൽ കമ്മിഷണറുടെ അറിവോ അനുമതിയോ ഇല്ലാതെയാണ് സ്വർണ്ണപ്പാളികൾ ചെന്നൈയിലേക്ക് കടത്തിയത് എന്ന സത്യം സംശയം ബലപ്പെടുത്തുന്നു. സ്വർണ്ണപ്പാളികൾ ഉടൻ തിരിച്ചുകൊണ്ടുവരാൻ കോടതി നിർദ്ദേശിച്ചിരിക്കുകയാണ്. ഇങ്ങനെയൊരു നടപടി കോടതിയുടെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന് ദേവസ്വം ബോർഡിന് അറിയാം. അതുകൊണ്ടാണ് കിട്ടിയ പാടെ ചെന്നൈയിലെ കമ്പനി സ്വർണ്ണപ്പാളികൾ ഒരുക്കിയത്. ഇനി അതുപോലെ തിരിച്ചുകൊണ്ടുവരാൻ കഴിയില്ല. ആസൂത്രിതമായ തട്ടിപ്പാണ് ഇക്കാര്യത്തിൽ നടന്നിട്ടുള്ളത്. പുനഃ പരിശോധനാ ഹർജികളും മറ്റും നൽകി കോടതിയിൽ പിടിച്ചുനിൽക്കാമെന്നാണ് ദേവസ്വം അധികൃതർ കരുതുന്നത്. ദേവസ്വം ബോർഡ് ഇങ്ങനെ പറയുകയും ചെയ്തിരിക്കുന്നു. കോടതിവിധികളെ മറികടക്കാനുള്ള പിണറായി സർക്കാരിന്റെ പതിവു രീതിയാണിത്. ശബരിമലയുടെ കാര്യത്തിലെങ്കിലും ഇത് അനുവദിച്ചു കൂടാ.

### കത്തുകൾ

## ബഹുമാനം വിലകൊടുത്തു വാങ്ങാനാവില്ല

**ഇ**നിമുതൽ മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ എന്നിവരെ അഭിസംബോധന ചെയ്യുമ്പോൾ ബഹുമാനാർത്ഥം 'ബഹു.' എന്ന വാക്ക് കൂടി ചേർക്കണമെന്ന സർക്കാർ സർക്കുലർ കണ്ടപ്പോൾ തോന്നിയത്, നമ്മൾ ഇപ്പോഴും കാളവണ്ടി യുഗത്തിലാണോ ജീവിക്കുന്നത് എന്നായിരുന്നു. ബഹുമാനം എന്നത് വിലകൊടുത്തു വാങ്ങാനാവുന്ന ഒന്നല്ല എന്നത് ഇവർക്കൊക്കെ ഇനി എന്നാണ് മനസ്സിലാവുക? നമുക്ക് ഒരു വ്യക്തിയോട് ബഹുമാനം തോന്നണമെങ്കിൽ, അത് സ്വയം നമ്മുടെ ഉള്ളിൽനിന്ന് ഉരുത്തിരിഞ്ഞു വരേണ്ടുന്ന ഒന്നാണ്. അങ്ങനെ വരണമെങ്കിൽ ആ വ്യക്തി നല്ലൊരു വ്യക്തിത്വത്തിന് ഉടമയായിരിക്കണം. അത്തരക്കാർക്ക് ബഹുമാനത്തിനുവേണ്ടി ആരുടെ മുന്നിലും കൈനീട്ടേണ്ട ആവശ്യം വരില്ല. ബഹുമാനം എന്നത് താനെ അവരിലേക്ക് എത്തപ്പെടും. ഇപ്പോൾ എന്തെങ്കിലും ബഹുമാനം ഉണ്ടെങ്കിൽ അതുകൂടി നഷ്ടമാകാനേ ഇത്തരത്തിലുള്ള ഉത്തരവുകൾ വഴിവെക്കൂ.

**എ.കെ. അനിൽകുമാർ,**
നെയ്യാറ്റിൻകര

# മിസോറാം റെയിൽവേ ഭൂപടത്തിലേക്ക്



**അശ്വിനി വൈഷ്ണവ്**

(കേന്ദ്ര റെയിൽവേ, ഇലക്ട്രോണിക്സ്, വിവരസാങ്കേതിക, വാർത്താവിതരണ പ്രക്ഷേപണ മന്ത്രി)

വികസനത്തിനായി കാത്തിരിക്കുന്ന ഒരു വിദൂര അതിർത്തി പ്രദേശമായാണ് വടക്കുകിഴക്കൻ മേഖലയെ പതിറ്റാണ്ടുകളായി കണക്കാക്കിയിരുന്നത്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ വസിച്ചിരുന്ന നമ്മുടെ സഹോദരീസഹോദരന്മാർ പുരോഗതിയ്ക്കായുള്ള അഭിലാഷങ്ങൾ പേറി ജീവിച്ചു. എന്നാൽ അർഹിക്കുന്ന അടിസ്ഥാന സൗകര്യങ്ങളും അവസരങ്ങളും എത്തിപ്പിടിക്കാനാവാത്ത അവസ്ഥയിൽ തുടരുകയായിരുന്നു അവർ.

പ്രധാനമന്ത്രി നരേന്ദ്ര മോദി വിഭാവനം ചെയ്ത ആക്ട് ഈസ്റ്റ് നയം ഇതെല്ലാം പഴങ്കഥയാക്കി മാറ്റി. വിദൂരമായ അതിർത്തി പ്രദേശമെന്ന നിലയിൽ നിന്ന്, രാജ്യത്തിന്റെ മുൻനിര പ്രദേശങ്ങളിലൊന്നായി ഇപ്പോൾ വടക്കുകിഴക്കൻ മേഖല അംഗീകരിക്കപ്പെട്ടിരിക്കുന്നു.

### സമാധാനം, പുരോഗതി, സമൃദ്ധി

റെയിൽവേ, റോഡുകൾ, വിമാനത്താവളങ്ങൾ, ഡിജിറ്റൽ കണക്റ്റിവിറ്റി എന്നീ മേഖലകളിലെ റെക്കോർഡ് നിക്ഷേപത്തിലൂടെയാണ് ഈ പരിവർത്തനം സാധ്യമായത്. സമാധാന കരാറുകൾ സ്ഥിരത കൊണ്ടുവന്നു. സർക്കാർ പദ്ധതികളിൽ നിന്ന് ഇപ്പോൾ ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്നു.

സ്വാതന്ത്ര്യാനന്തരം ആദ്യമായി, ഭാരതത്തിന്റെ വികസന ഗാഥയുടെ കേന്ദ്രമായി വടക്കുകിഴക്കൻ മേഖല വീക്ഷിക്കപ്പെടുന്നു. ഉദാഹരണത്തിന്, റെയിൽവേ നിക്ഷേപങ്ങൾ പരിഗണിക്കുക. 2009-14 നെ അപേക്ഷിച്ച് മേഖലയ്ക്കുള്ള ബജറ്റ് വിഹിതം അഞ്ച് മടങ്ങ് വർദ്ധിച്ചു. ഈ സാമ്പത്തിക വർഷം മാത്രം 10,440 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

2014 മുതൽ 2025 വരെയുള്ള മൊത്തം ബജറ്റ് വിഹിതം 62,477 കോടി രൂപയാണ്. നിലവിൽ 77,000 കോടി രൂപയുടെ റെയിൽവേ പദ്ധതികൾ പുരോഗമിക്കുന്നു. വടക്കുകിഴക്കൻ മേഖല ഇത്തരത്തിലുള്ള റെക്കോർഡ് നിക്ഷേപത്തിന് മുമ്പെങ്ങും സാക്ഷ്യം വഹിച്ചിട്ടില്ല.

### മിസോറാമിൽ ഇതാദ്യം

ഈ വളർച്ചാ ഗാഥയിലെ അവിഭാജ്യഘടകമാണ് മിസോറാം. സമ്പന്നമായ സംസ്കാരത്തിനും, കായിക പ്രേമത്തിനും, മനോഹരമായ കുന്നുകൾക്കും പേരുകേട്ട സംസ്ഥാനം. എന്നാൽ, പതിറ്റാണ്ടുകളായി, കണക്റ്റിവിറ്റിയുടെ മുഖ്യധാരയിൽ നിന്ന് സംസ്ഥാനം അകന്നു നിന്നു. റോഡ്, വ്യോമ കണക്റ്റിവിറ്റി പരിമിതമായിരുന്നു. തലസ്ഥാന നഗരത്തിൽ പോലും റെയിൽവേ എത്തിയിരുന്നില്ല. അഭിലാഷങ്ങൾ ശക്തവും സജീവവുമായിരുന്നെങ്കിലും വളർച്ചയുടെ ധമനികൾ ദൃശ്യമായിരുന്നില്ല. ഇപ്പോൾ സാഹചര്യം അടിമുടി മാറി.

പ്രധാനമന്ത്രി മോദി നാളെ ബൈറാബി-സൈരാങ് റെയിൽപ്പാത ഉദ്ഘാടനം ചെയ്യുന്നത് മിസോറാമിനെ സംബന്ധിച്ചിടത്തോളം ചരിത്രപരമായ നാഴികക്കല്ലാണ്. 8,000 കോടിയിലധികം രൂപ ചെലവഴിച്ച് നിർമിച്ച 51 കിലോമീറ്റർ ദൈർഘ്യമുള്ള ഈ പാത ഐസ്വാളിനെ ആദ്യമായി ദേശീയ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കും.

ഇതോടൊപ്പം, സൈരാങ് -ദൽഹി (രാജ്ധാനി എക്സ്പ്രസ്), കൊൽക്കത്ത (മിസോറാം എക്സ്പ്രസ്), ഗുവാഹത്തി (ഐസ്വാൾ ഇന്റർസിറ്റി) എന്നീ മൂന്ന് പുതിയ ട്രെയിൻ സർവീസുകളും പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും. അതീവ ദുർഘടമായ ഭൂപ്രദേശങ്ങളിലൂടെയാണ് ഈ റെയിൽപ്പാത കടന്നുപോകുന്നത്. ഇന്ത്യൻ റെയിൽ ശൃംഖലയിലേക്ക് മിസോറാമിനെ ബന്ധിപ്പിക്കുന്നതിനായി റെയിൽവേ എൻജിനീയർമാർ 143 പാലങ്ങളും 45 തുരങ്കങ്ങളും നിർമിച്ചു. കുത്തബ് മിനാറിനേക്കാൾ ഉയരമുള്ളതാണ് നിർമിക്കപ്പെട്ട ഒരു പാലം. വാസ്തവത്തിൽ, ഹിമാലയൻ ഭൂപ്രകൃതിയിലെ പ്രായോഗികത കണക്കിലെടുത്ത്, മറ്റെല്ലാ ഹിമാലയൻ പാതകളെയും പോലെ ഒരു പാലം, തുടർന്ന് ഒരു തുരങ്കം, തുടർന്ന് ഒരു പാലം എന്നിങ്ങനെയാണ് ഈ റെയിൽപ്പാതയും നിർമിച്ചിരിക്കുന്നത്.



> **പ്രധാനമന്ത്രി മോദി നാളെ ബൈറാബി-സൈരാങ് റെയിൽപ്പാത ഉദ്ഘാടനം ചെയ്യുന്നത് മിസോറാമിനെ സംബന്ധിച്ചിടത്തോളം ചരിത്രപരമായ നാഴികക്കല്ലാണ്. 8,000 കോടിയിലധികം രൂപ ചെലവഴിച്ച് നിർമിച്ച 51 കിലോമീറ്റർ ദൈർഘ്യമുള്ള ഈ പാത ഐസ്വാളിനെ ആദ്യമായി ദേശീയ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കും.**

### ഹിമാലയൻ തുരങ്ക നിർമാണ രീതി

വടക്കുകിഴക്കൻ ഹിമാലയം മൃദുവായ പർവ്വത നിരകളാണ്. മൃദുവായ മണ്ണും ജൈവവസ്തുക്കളും അടങ്ങിയ വലിയ പ്രദേശങ്ങളാണ് ഇവിടെയുള്ളത്. ഈ സാഹചര്യത്തിൽ തുരങ്കങ്ങളും പാലങ്ങളും നിർമിക്കുന്നതിൽ അസാധാരണമായ വെല്ലുവിളികൾ നേരിട്ടു. മൃദുവായ മണ്ണിലെ നിർമാണ പ്രവർത്തനങ്ങൾ വെല്ലുവിളികൾ നേരിട്ടതോടെ പരമ്പരാഗത രീതികൾ പരാജയപ്പെട്ടു.

ഇതിനെ മറികടക്കാൻ, നമ്മുടെ എൻജിനീയർമാർ നൂതനവും സമർത്ഥവുമായ സമീപനം വികസിപ്പിച്ചെടുത്തു. അതിപ്പോൾ ഹിമാലയൻ തുരങ്ക നിർമാണ രീതി എന്നറിയപ്പെടുന്നു. ഈ സാങ്കേതിക വിദ്യ പ്രകാരം, തുരങ്കനിർമാണവും മറ്റ് നിർമാണ പ്രവർത്തനങ്ങളും നടത്തുന്നതിനായി ആദ്യം മണ്ണ് സ്ഥിരപ്പെടുത്തുകയും പിന്നീട് ദൃഢമാക്കുകയും ചെയ്യുന്നു. മേഖലയിലെ ബുദ്ധിമുട്ടേറിയ പദ്ധതികളിൽ ഒന്ന് പൂർത്തിയാക്കാൻ ഇത് നമ്മെ സഹായിച്ചു.

ഭൂകമ്പങ്ങൾക്ക് സാധ്യതയുള്ള ഒരു പ്രദേശത്ത് വലിയ ഉയരത്തിലുള്ള പാലങ്ങളുടെ സ്ഥിരത ഉറപ്പാക്കുകയെന്നതായിരുന്നു മറ്റൊരു വെല്ലുവിളി. ഇവിടെയും, പാലങ്ങളെ പ്രതിരോധശേഷിയുള്ളതും സുരക്ഷിതവുമാക്കുന്നതിന് പ്രത്യേക രൂപകൽപ്പനയും നൂതന സാങ്കേതിക വിദ്യകളും വിന്യസിച്ചു.

ലോകമെമ്പാടുമുള്ള സമാന ഭൂപ്രദേശങ്ങൾക്ക് ഒരു മാതൃകയാണ് ഈ സ്വദേശി-നിർമിത നൂതനാശയം. ഇത് സാധ്യമാക്കാൻ ആയിരക്കണക്കിന് എൻജിനീയർമാരും തൊഴിലാളികളും പ്രാദേശിക സമൂഹങ്ങളും ഒത്തുചേർന്നു പ്രവർത്തിച്ചു.

### നേട്ടങ്ങൾ

വളർച്ചയുടെ എൻജിനായി റെയിൽവേ കണക്കാക്കപ്പെടുന്നു. ഇത് പുതിയ വിപണികളെ ബന്ധിപ്പിക്കുകയും വ്യാപാര അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. മിസോറാമിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം, പുതിയ റെയിൽപ്പാത ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തും.

മിസോറാമിൽ നിന്ന് രാജധാനി എക്സ്പ്രസ് ആരംഭിക്കുന്നതോടെ, ഐസ്വാളിനും ദൽഹിക്കും മധ്യേയുള്ള യാത്രാ സമയം 8 മണിക്കൂർ കുറയും. പുതിയ എക്സ്പ്രസ് ട്രെയിനുകൾ ഐസ്വാൾ, കൊൽക്കത്ത, ഗുവാഹത്തി എന്നിവിടങ്ങളിലേക്കുള്ള യാത്ര വേഗത്തിൽ പൂർത്തിയാക്കാനും സുഗമമാക്കാനും സഹായിക്കും.

കർഷകർക്ക്, വിശിഷ്യാ മുള കൃഷിയിലും പൂന്തോട്ടപരിപാലനത്തിലും ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക്, അവരുടെ ഉത്പന്നങ്ങൾ വിശാലമായ വിപണികളിലേക്ക് വേഗത്തിലും കുറഞ്ഞ ചെലവിലും എത്തിക്കാൻ സാധിക്കും.

ഭക്ഷ്യധാന്യങ്ങൾ, വളങ്ങൾ തുടങ്ങിയ അവശ്യവസ്തുക്കളുടെ ചരക്ക് നീക്കം സുഗമമാകും. മിസോറാമിന്റെ പ്രകൃതി സൗന്ദര്യം ആസ്വദിക്കാൻ വഴിതെളിയുന്നതോടെ വിനോദസഞ്ചാരത്തിനും ഉത്തേജനം ലഭിക്കും. ഇത് പ്രാദേശിക ബിസിനസുകൾക്കും യുവാക്കൾക്കും അവസരങ്ങൾ സൃഷ്ടിക്കും.

ഈ പദ്ധതിയിലൂടെ ജനങ്ങൾക്ക് വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, തൊഴിൽ എന്നിവയിലേക്ക് മികച്ച പ്രവേശനം ഉറപ്പാക്കാനാകും.

മിസോറാമിനെ സംബന്ധിച്ചിടത്തോളം, ഈ കണക്റ്റിവിറ്റി മേല്പറഞ്ഞവയും അതിലധികവുമായ നേട്ടങ്ങൾ വാഗ്ദാനം ചെയ്യുന്നു. ഇനിമേൽ, ഐസ്വാൾ കേവലം വിദൂരസ്ഥലമായ ഒരു പ്രദേശമല്ലെന്നർത്ഥം.

### രാജ്യമെമ്പാടുമുള്ള വികസനം

രാജ്യമെമ്പാടുമുള്ള റെയിൽവേ വികസനം റെക്കോർഡ് പരിവർത്തനത്തിന് സാക്ഷ്യം വഹിക്കുന്നു. അടുത്തിടെ 100-ലധികം അമൃത് ഭാരത് സ്റ്റേഷനുകൾ ഉദ്ഘാടനം ചെയ്തു. 1200 സ്റ്റേഷനുകൾ കൂടി വികസനപാതയിലാണ്. ഇവയെല്ലാം യാത്രികർക്ക് ആധുനിക സൗകര്യങ്ങൾ പ്രദാനം ചെയ്യും. നഗരങ്ങളിൽ വളർച്ചയുടെ പുതിയ കേന്ദ്രങ്ങൾ സൃഷ്ടിക്കും.

150-ലധികം അതിവേഗ വന്ദേ ഭാരത് ട്രെയിനുകൾ യാത്രക്കാർക്കുള്ള സൗകര്യങ്ങളുടെ കാര്യത്തിൽ പുതിയ മാനദണ്ഡങ്ങൾ സൃഷ്ടിക്കുന്നു. ഏതാണ്ട് മുഴുവൻ ശൃംഖലയുടെയും വൈദ്യുതീകരണം അതിനെ കൂടുതൽ ഹരിതാഭമാക്കുന്നു.

2014 ന് ശേഷം, 35,000 കിലോമീറ്റർ റയിൽപ്പാത പുതുതായി നിർമിച്ചു. കഴിഞ്ഞ ആറ് പതിറ്റാണ്ടുകളിൽ സാധ്യമായതിനേക്കാൾ കൂടുതലാണിത്. കഴിഞ്ഞ വർഷം മാത്രം 3,200 കിലോമീറ്റർ പുതിയ റെയിൽവേ ലൈനുകൾ കൂട്ടിച്ചേർത്തു. വടക്കുകിഴക്കൻ മേഖലയിലും വികസനത്തിന്റെയും പരിവർത്തനത്തിന്റെയും ഈ വേഗത പ്രതിഫലിക്കുന്നു.

### വടക്കുകിഴക്കൻ മേഖലയ്ക്കായുള്ള ദർശനം

'നമ്മെ സംബന്ധിച്ചിടത്തോളം, ഈസ്റ്റ് (ഋഅടഠ) എന്നാൽ - ശാക്തീകരിക്കുക, പ്രവർത്തിക്കുക, ദൃഢീകരിക്കുക, പരിവർത്തനം ചെയ്യുക' (ഋാുീംലൃ, അരേ, ടൃേലിഴവേലി മിറ ഠൃമിളീൃാ) എന്നാണർത്ഥമെന്ന് പ്രധാനമന്ത്രി പറയുകയുണ്ടായി. വടക്കുകിഴക്കൻ മേഖലയോടുള്ള അദ്ദേഹത്തിന്റെ സമീപനത്തിന്റെ സത്ത ഈ വാക്കുകളിൽ ഉൾക്കൊള്ളുന്നു.

വിവിധ മേഖലകളിലെ നിർണായക നടപടികൾ മേഖലയുടെ പരിവർത്തനം ഉറപ്പാക്കിയിട്ടുണ്ട്. അസമിൽ ടാറ്റ നടപ്പാക്കുന്ന സെമികണ്ടക്ടർ പദ്ധതി, അരുണാചൽ പ്രദേശിലെ ടാറ്റോ പോലുള്ള ജലവൈദ്യുത പദ്ധതികൾ, ബോഗിബീൽ റെയിൽ-കം-റോഡ് ബ്രിഡ്ജ് പോലുള്ള അദ്ഭുതകരമായ അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവ മേഖലയെ പുനർനിർമിക്കുന്നു.

ഇവയ്ക്കൊപ്പം, 10 പുതിയ ഗ്രീൻഫീൽഡ് വിമാനത്താവളങ്ങളും ഗുവാഹത്തിയിൽ എയിംസും സ്ഥാപിക്കുന്നത് ആരോഗ്യ സംരക്ഷണവും കണക്റ്റിവിറ്റിയും മെച്ചപ്പെടുത്തുന്നു.

### അതിർത്തി പ്രദേശങ്ങൾ മുൻനിരയിലേക്ക്

റോഡുകൾക്കും സ്കൂളുകൾക്കും റെയിൽവേയ്ക്കുമായി കാത്തിരിക്കാനാണ് പതിറ്റാണ്ടുകളായി മിസോറാമിലെ ജനങ്ങളോട് ആവശ്യപ്പെട്ടുകൊണ്ടിരുന്നത്. ആ കാത്തിരിപ്പ് ഇപ്പോൾ അവസാനിച്ചിരിക്കുന്നു. വടക്കുകിഴക്കൻ മേഖലയ്ക്കായി പ്രധാനമന്ത്രി വിഭാവനം ചെയ്യുന്ന ദർശനത്തിന് ഉത്തമോദാഹരണമാണ് ഈ പദ്ധതികൾ. ഒരുകാലത്ത് കേവലം അതിർത്തിയായി മാത്രം കണക്കാക്കപ്പെട്ടിരുന്ന പ്രദേശങ്ങൾ ഇപ്പോൾ വളർച്ചയുടെ പതാകവാഹകരായി വാഴ്ത്തപ്പെടുന്നു.

# ആഗോള അയ്യപ്പസംഗമം ഒരു വിലയിരുത്തൽ



**വി. ദിനകരൻ**

**ഈ** മാസം ഇരുപതിന് പമ്പയിൽ ആഗോള അയ്യപ്പ സംഗമം നടത്തുമെന്നു പ്രഖ്യാപിച്ചിരിക്കുന്നത് ശബരിമലയെ യുവതീ പ്രവേശനത്തിലൂടെ കളങ്കപ്പെടുത്തുന്നതിനു നേതൃത്വം നൽകിയവരാണ്. അവിശ്വാസികളായ ഭരണകൂട നേതൃത്വം ചില നിഗൂഢ ലക്ഷ്യങ്ങളുടെ പേരിൽ നടത്തുന്ന ഒരു മാമാങ്കം ആയിട്ടു മാത്രമേ ഇതിനെ കാണാൻ സാധിക്കുകയുള്ളൂ. കാടും മേടും നിറഞ്ഞ ശബരിമലയിൽ 41 ദിവസത്തെ വ്രതാനുഷ്ഠാനങ്ങളോടെ ഭക്ത്യാദരപൂർവ്വം 'കല്ലും മുള്ളും കാലുക്കു മെത്തൈ' എന്ന ശരണനാമങ്ങളോടെ ധർമശാസ്താവിനെ ദർശിക്കാൻ പോകുന്ന അന്തർദേശീയ തീർത്ഥാടന കേന്ദ്രമായ ശബരിമലയെ വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണോ അവിശ്വാസികൾ ഈ പരിപാടി നടത്തുന്നതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഈ നീക്കം അയ്യപ്പ ദർശനം പുണ്യമായി കാണുന്ന യഥാർത്ഥ വിശ്വാസികൾക്കു ഒരു കാരണവശാലും ഉൾക്കൊള്ളാൻ സാധിക്കില്ല. ശബരിമലയുടെ പരിപാവനത കളങ്കപ്പെടുത്താൻ വിശ്വാസികൾ അനുവദിക്കില്ല. ഈ കാരണത്താലായിരിക്കാം ഹൈക്കോടതി തന്നെ ഇതിന്റെ നടത്തിപ്പിൽ സുതാര്യതയില്ല എന്നു വിലയിരുത്തിയതും.

ശബരിമലയിലെ ആചാര ലംഘനത്തിന് കൂട്ടുനിന്നവരാണ് ആഗോള അയ്യപ്പ സംഗമത്തിന്റെ സംഘാടകർ.

അവർക്ക് ധാർമികമായി ഈ സംഗമം നടത്താനുള്ള അവകാശമില്ല. സർക്കാരിന്റെ അംഗീകാരത്തോടെ തിരുവിതാംകൂർ ദേവസ്വം ബോർഡു സമർപ്പിച്ച ആചാര അനുഷ്ഠാനങ്ങളെ ചോദ്യം ചെയ്യുന്ന സത്യവാങ്മൂലം ഇന്നും നിലനിൽക്കുമ്പോൾ ശബരിമല ശാസ്താവിന്റെ പേരിൽ ഈ സംഗമം നടത്താൻ ധാർമികമായും നിയമപരമായും അർഹതയില്ലെന്നുള്ള കാര്യം സംഘാടകർ മനസിലാക്കണം.



ശബരിമലയിലെ യുവതീ പ്രവേശനത്തിനെതിരെ പ്രതിഷേധിച്ച ഭക്തജനങ്ങളുടെ പേരിലെടുത്ത കേസുകൾ ഇന്നും നിലനിൽക്കുമ്പോൾ അത്തരം സമീപനം സ്വീകരിച്ച സർക്കാരിനും ദേവസ്വം ബോർഡിനും ഈ സംഗമം നടത്താൻ എന്ത് അവകാശം. യുവതീ പ്രവേശനത്തിനു പിന്തുണ നൽകിക്കൊണ്ടു വനിതാ മതിൽ തീർത്ത ഈ സർക്കാരിനും അതിന്റെ സംഘാടകർക്കും എങ്ങനെ ഈ സംഗമം നടത്താൻ സാധിക്കും. ഈ പരിപാടിക്കു നേതൃത്വം കൊടുത്ത നവോത്ഥാന സമിതിയുടെ ചെയർമാനും ജനറൽ കൺവീനറിനും ഒടുവിൽ പ്രതിഷേധിക്കേണ്ടിവന്നു എന്നുള്ള കാര്യം സംഘാടകർ വിസ്മരിക്കരുത്. നവോത്ഥാന സമിതിയുടെ ജനറൽ കൺവീനർ സ്ഥാനം പുന്നല ശ്രീകുമാർ രാജിവെക്കേണ്ടി വന്നതിന്റെ സത്യാവസ്ഥ ഇന്നും വ്യക്തമായിട്ടില്ല.

വിശ്വാസികൾ നടത്തുന്ന പ്രവർത്തനങ്ങൾക്കൊപ്പമാണെന്ന് പറയുന്ന സിപിഎം നേതൃത്വം എന്തുകൊണ്ടു തെറ്റ് ഏറ്റുപറഞ്ഞു വിശ്വാസികൾ ആണെന്നു പറയാൻ വൈമുഖ്യം കാണിക്കുന്നു. വിശ്വാസികളെ സംബന്ധിച്ചിടത്തോളം ക്ഷേത്ര ദർശനത്തിന് അവിശ്വാസികൾ ഇടനിലക്കാരായി നിൽക്കേണ്ട യാതൊരു ആവശ്യവും ഇല്ല. ഇപ്പോഴും ഈ സംഗമം സർക്കാരാണോ അതോ തിരുവിതാംകൂർ ദേവസ്വം ബോർഡാണോ നടത്തുന്നതെന്നതിൽ പോലും വ്യക്തതയില്ല. ദേവസ്വം ബോർഡാണ് പരിപാടി നടത്തുന്നതെങ്കിൽ വിശ്വാസികളുടെ വിശ്വാസം ആർജിക്കണം. ഭരണഘടന തൊട്ടു സത്യപ്രതിജ്ഞ ചെയ്ത സർക്കാരാണ് പരിപാടി നടത്തുന്നതെങ്കിലും വിശ്വാസികളുടെ ഭരണഘടനാപരമായ വിശ്വാസം സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം ഉണ്ടെന്നുള്ള കാര്യവും വിസ്മരിക്കരുത്. വിശ്വാസികളെ പങ്കെടുപ്പിച്ചുകൊണ്ടാണു ഈ പരിപാടി നടത്തുന്നതെങ്കിൽ ചിലരെയൊക്കെ ഒഴിവാക്കി പാർശ്വവത്കരിച്ചു നിർത്തിക്കൊണ്ട് നടത്തുന്നത് വെളുക്കാൻ തേച്ചത് പാണ്ട് ആകും എന്നുപറഞ്ഞതുപോലെ ആയിത്തീരും. വിശ്വാസികളായ നിരവധി വിഭാഗങ്ങളുടെ അഭിപ്രായം പോലും മാനിക്കാതെ, അവരെ വിശ്വാസത്തിൽ എടുക്കാതെ ഈ സംഗമം നടത്തുന്നതിന്റെ ലക്ഷ്യം എന്താണെന്നുള്ള കാര്യം കേരളത്തിലെ രാഷ്ട്രീയ പ്രവർത്തകരടക്കമുള്ള എതൊരാൾക്കും മനസ്സിലാകും. ശബരിമല ക്ഷേത്രവുമായി പരമ്പരാഗതമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന പന്തളം രാജ കുടുംബത്തിന്റെ പിന്തുണയില്ല, അയ്യപ്പസേവാ സംഘത്തിന്റെ പിന്തുണ ഇല്ല. അങ്ങനെ യഥാർത്ഥ വിശ്വാസികളുടെ പിന്തുണയില്ലാതെയാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഗണപതി ഭഗവാൻ മിത്ത് ആണെന്നു പറയുന്നവരാണ് സംഗമം സംഘടിപ്പിക്കുന്നത്.

പമ്പയിൽ വെച്ചുനടത്തുന്ന ഈ സംഗമത്തിൽ 3000 പേർ പങ്കെടുക്കുമ്പോൾ കേരളത്തിൽ നിന്ന് 800 പേരെയാണു സംഘാടകർ പ്രതീക്ഷിക്കുന്നത്. സർക്കാർ നടത്തുന്ന ഈ പരിപാടിയിൽ 3000 പേരെ പങ്കെടുപ്പിക്കാൻ വലിയ അത്യധ്വാനം ഒന്നും വേണ്ടി വരില്ല. പക്ഷേ ബഹുഭൂരിപക്ഷം ഹൈന്ദവ വിഭാഗങ്ങളേയും വിശ്വാസികളേയും പുറത്തു നിർത്തിക്കൊണ്ടു ഈ സംഗമം നടത്തുന്നതു ആരുടെ താൽപര്യം സംരക്ഷിക്കാൻ ആണെന്നു കൂടി വ്യക്തമാക്കണം. ശബരിമലയുടെ സമഗ്ര പുരോഗതി ലക്ഷ്യംവെച്ചു കൊണ്ടുള്ള മാസ്റ്റർ പ്ലാൻ കഴിഞ്ഞ 9 വർഷത്തിലധികമായി കോൾഡ് സ്റ്റോറേജിൽ സൂക്ഷിച്ചവർ ഈ സംഗമത്തിന്റെ പേരിൽ അതുപുറത്തെടുത്തതു വിശ്വാസികളുടെ കണ്ണിൽ പൊടിയിടാൻ ആണെന്നുള്ള കാര്യം എല്ലാവർക്കും അറിയാം. പുതിയ വ്യവസായം ആരംഭിക്കുന്നതിനു വേണ്ടി വ്യവസായ സൗഹൃദ സമ്മേളനം നടത്തുന്നതുപോലെ ശബരിമല മാസ്റ്റർ പ്ലാനിന്റെ പേരിൽ സൗഹൃദ സമ്മേളനം നടത്താനുള്ളതല്ല ശബരിമലയും സന്നിധാനവും.

(മുൻ എംഎൽഎയും ധീവരസഭ സംസ്ഥാന ജനറൽ സെക്രട്ടറിയുമാണ് ലേഖകൻ)




തിരുവനന്തപുരത്ത് നടന്ന വിദ്യാധിരാജ ചട്ടമ്പിസ്വാമി ജയന്തിയോടനുബന്ധിച്ച് വിദ്യാധിരാജ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ തീർത്ഥപാദ പുരസ്കാരം കെ. രാമൻപിള്ളയ്ക്ക് ഫൗണ്ടേഷൻ ചെയർമാൻ വെങ്ങാനൂർ ഗോപകുമാർ നൽകുന്നു. രാജവൈദ്യൻ മോഹൻലാൽ, ജനാർദ്ദനൻപിള്ള സ്വാമികൾ, എസ്.എൻ. രഘുചന്ദ്രൻ നായർ, എം. ഗോപാൽ, ശ്രീകുമാർ കൊണ്ടൂർ സമീപം ജന്മഭൂമി

# പന്മന ആശ്രമത്തിൽ ചട്ടമ്പിസ്വാമി ജയന്തി ആചരണം

**പന്മന:** ചട്ടമ്പിസ്വാമികളുടെ 172-ാമത് ജയന്തി ആചരണം സമാധിസ്ഥാനമായ പന്മന ആശ്രമത്തിൽ ബാലഭട്ടാരകേശ്വര ആശ്രമം ട്രസ്റ്റിന്റെ നേതൃത്വത്തിൽ ഇന്ന് നടക്കും. വിശേഷാൽ പൂജകൾക്ക് ശേഷം രാവിലെ 8ന് കളഭാഭിഷേകം, 9.30ന് വാഴൂർ തീർത്ഥപാദാശ്രമം മഠാധിപതി സ്വാമി പ്രജ്ഞാനാനന്ദ തീർത്ഥപാദർ ദീപം തെളിയിക്കും. 10.30ന് ആരംഭിക്കുന്ന ജയന്തി സമ്മേളനത്തിൽ ആലത്തൂർ സിദ്ധാശ്രമം മഠാധി



പതി സ്വാമി ശിവാനന്ദയോഗി വിശിഷ്ടാതിഥിയാകും. സ്വാമി പ്രജ്ഞാനാനന്ദ തീർത്ഥപാദർ ഉദ്ഘാടനവും സെക്രട്ടറി ഗരുഡധ്വജാനന്ദ തീർത്ഥപാദർ മുഖ്യപ്രഭാഷണവും നിർവഹിക്കും. പന്മന ആശ്രമം അചാര്യൻ സ്വാമി നിത്യസ്വരൂപാനന്ദ അധ്യക്ഷനാകും.

കരുനാഗപ്പള്ളി ശ്രീനീലകണ്ഠ തീർത്ഥപാദാശ്രമം സെക്രട്ടറി പ്രൊഫ. ആർ. അരുൺകുമാർ മഹാഗുരു ഭവ്യസ്മൃതി നിർവഹിക്കും. പന്മന ആശ്രമം മഠാധിപതി സ്വാമി കൃഷ്ണമയാനന്ദ തീർത്ഥപാദർ, എം.സി. ഗോവിന്ദൻകുട്ടി എന്നിവർ സംസാരിക്കും. ഉച്ചയ്ക്ക് പുരാണപാരായണം, വൈകിട്ട് ഭരണി നക്ഷത്രപൂജാ നിർവാഹക സമിതിയുടെ നേതൃത്വത്തിൽ ഭരണി നക്ഷത്ര വിശേഷാൽ പൂജകൾ, പുഷ്പാഭിഷേകം, ദീപക്കാഴ്ച, ദീപാരാധന എന്നിവ നടക്കും. വൈകിട്ട് 6.30 മുതൽ വീണ മ്യൂസിക് ഫ്യൂഷനും നടക്കുമെന്ന് ആശ്രമം ട്രസ്റ്റ് പ്രസിഡന്റ് കുമ്പളത്ത് വിജയകൃഷ്ണപിള്ള, ജനറൽ സെക്രട്ടറി എ.ആർ. ഗിരീഷ്കുമാർ എന്നിവർ അറിയിച്ചു.

# വിശ്വാസികളെ മദ്യപരോട് ഉപമിച്ച് മന്ത്രി പി. പ്രസാദ്

**ആലപ്പുഴ:** വിശ്വാസികളെ മദ്യപരോട് ഉപമിച്ച് മന്ത്രി പി. പ്രസാദ്. സിപിഐ സംസ്ഥാന സമ്മേളനത്തിന്റെ വിശദാംശങ്ങൾ മാധ്യമപ്രവർത്തകരോട് വിശദീകരിക്കുമ്പോഴാണ് വിശ്വാസികളെ മന്ത്രി അവഹേളിച്ചത്. വിശ്വാസകാര്യങ്ങളിൽ വിശ്വാസികൾ മാത്രമെ അഭിപ്രായം പറയാൻ പാടുള്ളു എന്ന് പറയുന്നത് മദ്യത്തെക്കുറിച്ച് മദ്യപർ മാത്രമെ അഭിപ്രായം പറയാൻ പാടുള്ളു എന്ന് പറയുന്നത് പോലെയാണെന്നായിരുന്നു മന്ത്രിയുടെ താരതമ്യം. ശബരിമല ഏതെങ്കിലും മതവിഭാഗത്തിന്റേത് മാത്രമല്ല, വാവരും, എരുമേലിയിലെ ചടങ്ങുകളും, അർത്തുങ്കൽ പള്ളിയുമായുള്ള ബന്ധങ്ങളും ഇതിനുദാഹരണമാണെന്നും മന്ത്രി ചൂണ്ടിക്കാണിച്ചു.

ദേവസ്വം ബോർഡ് ആഗോള അയ്യപ്പസംഗമം സംഘടിപ്പിക്കുന്നത് ശബരിമലയിൽ വികസനം നടപ്പാക്കാനാണ്. അതിനോട് എല്ലാവരും സഹകരിക്കണം. സംഘപരിവാർ വിശ്വാസത്തെ വോട്ടിനായി ഉപയോഗിക്കുകയാണ്. ദൈവങ്ങളെ വോട്ടുപിടുത്തത്തിനായി ഉപയോഗിക്കേണ്ട. നരബലി ഉൾപ്പടെയുള്ള കാര്യങ്ങൾ നടക്കുന്ന സാഹചര്യത്തിൽ അന്ധവിശ്വാസ വിരുദ്ധ നിയമം ഉടൻ നടപ്പാക്കണം. കേരളത്തിലെ പോലീസ് മാതൃകാപരമായാണ് പ്രവർത്തിക്കുന്നതെന്ന് സംസ്ഥാന സമ്മേളനം വിലയിരുത്തി. അടിസ്ഥാന വിഭാഗങ്ങളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ മുൻഗണന നൽകണം. കേന്ദ്രസർക്കാർ കേരളത്തോട് ശത്രുതാപരമായാണ് പെരുമാറുന്നതെന്ന് സമ്മേളനം വിലയിരുത്തിയതായും അദ്ദേഹം പറഞ്ഞു.

## ■ സിപിഐ സംസ്ഥാന സമ്മേളനം

# ആഗോള അയ്യപ്പ സംഗമം ഇടത് നയവ്യതിയാനമെന്ന് വിമർശനം

## ■ ബിനോയ് വിശ്വത്തിന് സിപിഎം വിധേയത്വമെന്നും കുറ്റപ്പെടുത്തൽ

**ആലപ്പുഴ:** ആഗോള അയ്യപ്പസംഗമം ഇടത് നയവ്യതിയാനത്തിന്റെ ഭാഗമാണെന്ന് സിപിഐ സംസ്ഥാന സമ്മേളനത്തിൽ പ്രതിനിധികൾ വിമർശനമുന്നയിച്ചു. ആരാണ് ഈ പൗരപ്രമുഖരെന്നും പ്രതിനിധികൾ ചോദിച്ചു. സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വത്തിന്റെ സിപിഎം വിധേയത്വത്തിനെതിരെയും വിമർശനം ഉയർന്നു. കൊല്ലത്തു നിന്നുള്ള പ്രതിനിധികളാണ് സംസ്ഥാന സെക്രട്ടറിയെ ലക്ഷ്യമാക്കി വിമർശനങ്ങൾ കൂടുതലായി ഉയർത്തിയത്.

വെളിയം ഭാർഗവനും സി.കെ. ചന്ദ്രപ്പനും എല്ലാം ഇരുന്ന കസേരയാണ് സംസ്ഥാന സെക്രട്ടറിയുടേത് എന്ന് ഓർക്കണമെന്ന് പ്രതിനിധികൾ പറഞ്ഞു. ആഭ്യന്തര വകുപ്പിനെ ഇങ്ങനെ തഴുകരുത്. സംസ്ഥാന സെക്രട്ടറി പോലീസിനെ വെള്ളപൂശുന്നത് എന്തിനാണെന്നും ചോദ്യം ഉയർന്നു. തൃശൂർ പൂരം കലക്കലിൽ വിവാദമുണ്ടായിട്ടും പാർട്ടി പ്രതിരോധിച്ചോയെന്നായിരുന്നു ചില പ്രതിനിധികളുടെ ചോദ്യം. സർക്കാരിന്റെ നല്ല പ്രവർത്തനങ്ങൾക്ക് പോലീസ് മങ്ങലേൽപ്പിച്ചു എന്നും വിമർശനമുയർന്നു.

ഡിവൈഎഫ്ഐക്ക് രക്ഷാപ്രവർത്തന സർട്ടിഫിക്കറ്റ് കൊടുക്കുന്ന കൈകൊണ്ട് പോലീസിന് ഗുണ്ടാ സർട്ടിഫിക്കറ്റ് കൊടുക്കേണ്ട ഗതികേടാണ് മുഖ്യമന്ത്രിക്കെന്നും ആക്ഷേപം ഉയർന്നു. തുടർഭരണത്തിന് വിഘാതമാകുന്നത് പോലീസ് ഭരണമായിരിക്കുമെന്ന് കുറ്റപ്പെടുത്തൽ ഉണ്ടായി. കഴിഞ്ഞ ദിവസം അവതരിപ്പിച്ച രാഷ്ട്രീയ റിപ്പോർട്ടിൽ ആഭ്യന്തര വകുപ്പിനേയും സർക്കാരിനേയും വെള്ളപൂശുകയായിരുന്നു. എന്നാൽ സംസ്ഥാന സമ്മേളനത്തിൽ ഗ്രൂപ്പ് ചർച്ച തുടങ്ങിയതിന് ശേഷം അതിരൂക്ഷമായ വിമർശനമാണ് ആഭ്യന്തര വകുപ്പിനും പോലീസിനുമെതിരെ ഉയർന്നത്. ധനവകുപ്പിനെതിരെയും വിമർശനമുയർന്നു.

ധനമന്ത്രി മന്ത്രിമാർക്ക് ഫണ്ട് അനുവദിക്കുന്നതിൽ പക്ഷഭേദം കാണിക്കുന്നു. സിപിഐ മന്ത്രിമാരുടെ വകുപ്പുകൾക്ക് പണം ലഭിക്കുന്നില്ല, ധനവകുപ്പ് അവഗണിക്കുമ്പോൾ അതിനെ ചോദ്യം ചെയ്ത് ഫണ്ട് വാങ്ങി എടുക്കാനുള്ള ആർജവം മന്ത്രിമാർ കാണിക്കണമെന്നുമാണ് വിമർശനം. സിപിഐ യൂട്യൂബ് ചാനലായ കനലിനെതിരെ പരിഹാസം ഉയർന്നു. കനൽ യൂട്യൂബിൽ അല്ല നേതാക്കളുടെ മനസിലാണ് ഉണ്ടാവേണ്ടത്. നേതാക്കളും പ്രവർത്തകരും നിരാശരാണ്, രാഷ്ട്രീയപ്രവർത്തനം വിരസമായി മാറിയിരിക്കുന്നു. കനൽ മനസിലില്ലെങ്കിൽ പാർട്ടിയെ വാർദ്ധക്യം ബാധിക്കും.

രാഷ്ട്രീയ റിപ്പോർട്ടിൻമേൽ നടന്ന ചർച്ചക്ക് മുതിർന്ന നേതാവ് പ്രകാശ്ബാബു മറുപടി പറഞ്ഞു. പ്രവർത്തന റിപ്പോർട്ടിലെ ചർച്ചക്ക് ഇന്ന് രാവിലെ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം മറുപടി പറയും. തുടർന്ന് സംസ്ഥാന കൗൺസിലിനെയും സംസ്ഥാന സെക്രട്ടറിയേയും തെരഞ്ഞെടുക്കും.

# മുഖ്യമന്ത്രി കേരളത്തിലെ ജനങ്ങളെ വിഡ്ഢികളാക്കരുത്: രാജീവ് ചന്ദ്രശേഖർ

**കോട്ടയം:** മുഖ്യമന്ത്രി കേരളത്തിലെ ജനങ്ങളെ വിഡ്ഢികളാക്കരുതെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ.

ബിജെപിക്ക് വോട്ടുചെയ്യുന്നത് സാംസ്കാരിക കേരളത്തിന് അപമാനമെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. മുഖ്യമന്ത്രി സ്വപ്നലോകത്താണ് ജീവിക്കുന്നത്. ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളും കേരളവുമായി താരതമ്യം ചെയ്യുമ്പോൾ ഇക്കാര്യം ബോദ്ധ്യമാകുമെന്ന് അദ്ദേഹം പറഞ്ഞു.

2014 മുതൽ 2025ൽ ഇതുവരെയുള്ള ഭാരതത്തിന്റെ വികസനത്തെക്കുറിച്ച് കാണണം. ഇപ്പോൾ ലോകത്തിലെ നാലാമത്തെ സാമ്പത്തിക ശക്തിയാണ് ഭാരതം. അതിവേഗം വികസനം കൊണ്ടുവരികയാണ്. പ്രധാനമന്ത്രി നരേന്ദ്ര മോദി കേരളത്തിലെ ജനങ്ങൾക്കു നല്കിയ ഓണസമ്മാനമാണ് ജിഎസ്ടി പരിഷ്കരണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കേരളത്തിൽ ഇടതുവലതു മുന്നണികൾ മാറിമാറി ഭരിച്ചു. സിപിഎം പത്തു കൊല്ലം തുടർച്ചയായി ഭരിച്ചു. എന്തു വികസനമാണ് കൊണ്ടുവന്നത്. അഞ്ചര ലക്ഷം കോടിയുടെ കടം പുതുതലമുറയുടെ തലയിൽ കെട്ടിവെച്ചു. രാജ്യത്ത് വിലക്കയറ്റം ഏറ്റവും കൂടുതൽ കേരളത്തിലാണ്. പോലീസ് അതിക്രമങ്ങൾ വർദ്ധിച്ചു.



പോലീസിൽ 744 ഉദ്യോഗസ്ഥർ ക്രിമിനലുകളാണെന്നാണ് റിപ്പോർട്ട്. ഇതിൽ 18 പേരെ മാത്രമാണ് പിരിച്ചുവിട്ടിട്ടുള്ളത്. സർക്കാർ ജീവനക്കാർക്ക് ശമ്പളവും പെൻഷനും കൊടുക്കാൻ കടമെടുക്കൽ തുടരുകയാണ്. ആശാ പ്രവർത്തകർക്ക് ശമ്പളം നല്കാൻ കഴിയുന്നില്ല. ഇതാണ് കേരള മോഡൽ.

2016ൽ ജിഎസ്ടിക്കെതിരെ കോൺഗ്രസും സിപിഎമ്മും കടുത്ത വിമർശനങ്ങൾ ഉന്നയിച്ചു. ഇത് ജനങ്ങൾക്ക് വലിയ ബാദ്ധ്യത ഉണ്ടാക്കുമെന്നു പറഞ്ഞ് പ്രക്ഷോഭങ്ങൾ നടത്തി. എന്നാൽ എന്താണ് സംഭവിച്ചത്. രാജ്യത്ത് നികുതിയിലൂടെ വരുമാനം വർദ്ധിച്ചു. ഇപ്പോൾ ജിഎസ്ടി നിരക്കുകൾ പരിഷ്കരിച്ചു. നിത്യോപയോഗ സാധനങ്ങൾക്ക് നികുതി വേണ്ടെന്നുവച്ചു. മരുന്നുകളുടെ ജിഎസ്ടി അഞ്ച് ശതമാനമാക്കി കുറച്ചു. ഇതിന്റെ ഗുണം ജനങ്ങൾക്കു ലഭിക്കും. ഇതെക്കുറിച്ചു ചർച്ച ചെയ്യാൻ തയാറുണ്ടോ. ജിഎസ്ടി കുറയുമ്പോൾ വില കുറയും, എന്നാൽ കേരളത്തിൽ കൂടുന്നു. മുഖ്യമന്ത്രി കേരളത്തിലെ ജനങ്ങളെ വിഡ്ഢികളാക്കുന്നു. ഇത് കഴിവില്ലായ്മയാണ്.

ഭരണപരാജയത്തിൽ നിന്ന് ശ്രദ്ധതിരിക്കാനാണ് ആഗോള അയ്യപ്പസംഗമം. ശബരിമലയിലെ ദ്വാരപാലക ശില്പങ്ങളിൽ നിന്ന് സ്വർണം അടർത്തിമാറ്റി തമിഴ്നാട്ടിൽ കൊണ്ടുപോയി ഉരുക്കിയെന്ന് ഹൈക്കോടതിയിൽ പറഞ്ഞിരിക്കുന്നു. ഇതെല്ലാം ഒരു നാടകമാണെന്ന് നേരത്തെ തന്നെ ബിജെപി പറഞ്ഞതാണ്. വികസിത കേരളം എന്നതാണ് ബിജെപിയുടെ ലക്ഷ്യം. അതിനുള്ള കർമപദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കിവരികയാണ്.

പോലീസിലെ ക്രിമിനലിസത്തിനെതിരെ 15ന് രാവിലെ 10ന് കേരളത്തിൽ എല്ലാ ജില്ലാ പോലീസ് മേധാവിമാരുടെയും ഓഫീസിലേക്ക് ബിജെപി പ്രതിഷേധ സമരം നടത്തുമെന്നും അദ്ദേഹം പറഞ്ഞു. ബിജെപി സംസ്ഥാന വൈസ് പ്രസിഡന്റ് അഡ്വ. ഷോൺ ജോർജ്, സംസ്ഥാന ജനറൽ സെക്രട്ടറി അനൂപ് ആന്റണി, കോട്ടയം വെസ്റ്റ് ജില്ലാ പ്രസിഡന്റ് ലിജിൻ ലാൽ എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

# അദ്ധ്യാപകന് അടി കിട്ടിയാലും കുട്ടിയെ അടിക്കാൻ പാടില്ലെന്ന് മന്ത്രി

**ആലപ്പുഴ:** വിദ്യാർത്ഥികളും അദ്ധ്യാപകരും തമ്മിലുള്ള സംഘർഷങ്ങൾ ഒരു വിദ്യാഭ്യാസ സ്ഥാപനത്തിലും ഉണ്ടാവാൻ പാടില്ലെന്ന് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി. അദ്ധ്യാപകന് അടിയേറ്റാൽ പോലും തിരിച്ച് കുട്ടിയെ മർദ്ദിക്കുന്നത് അംഗീകരിക്കാനാവില്ലെന്നും അദ്ദേഹം പറഞ്ഞു. കൊല്ലം അഞ്ചാലുംമൂടിൽ പ്ലസ്ടു വിദ്യാർഥിയെ അദ്ധ്യാപകൻ മർദിച്ച സംഭവവുമായി ബന്ധപ്പെട്ട് പ്രതികരിക്കുകയായിരുന്നു മന്ത്രി.

ഈ വിഷയത്തിൽ മർദിച്ച അദ്ധ്യാപകനെ സസ്പെൻഡ് ചെയ്തു. ഇതിനുപുറമെ, പ്രശ്നത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികളെ സസ്പെൻഡ് ചെയ്യാനും നിർദേശം നൽകിയിട്ടുണ്ട്. സംഭവത്തിൽ ആദ്യം അദ്ധ്യാപകനെ മർദിച്ചത് വിദ്യാർഥിയാണെന്നും അതിനു ശേഷമാണ് അദ്ധ്യാപകൻ തിരിച്ച് മർദിച്ചതെന്നും മന്ത്രി വിശദീകരിച്ചു. വിദ്യാർഥിയെ മർദിച്ച അദ്ധ്യാപകന്റെ നടപടി ഒരു കാരണവശാലും ശരിയല്ലെന്നും വിദ്യാർഥികളെ തല്ലരുതെന്നാണ് സർക്കാരിന്റെ നയമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കെ-ടെറ്റ് യോഗ്യത സംബന്ധിച്ച വിഷയത്തിലും മന്ത്രി പ്രതികരിച്ചു. കെ-ടെറ്റ് യോഗ്യതയില്ലാത്ത എല്ലാ അദ്ധ്യാപകരെയും പിരിച്ചുവിടാനുള്ള സുപ്രീംകോടതി വിധി കേരളത്തിൽ നടപ്പിലാക്കിയാൽ അത് വലിയ പ്രതിസന്ധിക്ക് കാരണമാകും. അതിനാൽ വിധിക്കെതിരെ സർക്കാർ റിവ്യൂ ഹർജി നൽകും. സർക്കാരിനെതിരെ പ്രതിപക്ഷം കൊണ്ടുവരുന്ന ആരോപണങ്ങൾക്ക് മറുപടി നൽകാൻ ക്യാബിനറ്റ് മന്ത്രിമാർക്ക് അധികാരമുണ്ടെന്ന് മന്ത്രി പ്രതികരിച്ചു. ഇപ്പോൾ പോലീസിനെതിരെ ഉയരുന്ന ആരോപണങ്ങൾ രാഹുൽ മാങ്കൂട്ടത്തിലിനെതിരെയുള്ള നടപടി മറച്ചുവെക്കുന്നതിന് പ്രതിപക്ഷം നടത്തുന്ന നീക്കമാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി.



കൊച്ചി എക്സ്പോർട്ട് ഇൻസ്പെക്ഷൻ ഏജൻസിയിലെ അത്യാധുനിക മൈക്രോബയോളജി ലബോറട്ടറി ഇഐസി ഡയറക്ടർ നിതിൻ കുമാർ യാദവ് ഉദ്ഘാടനം ചെയ്യുന്നു

## കയറ്റുമതി നിലവാരം ഉയർത്താൻ

# കൊച്ചിയിൽ അത്യാധുനിക മൈക്രോബയോളജി ലബോറട്ടറി

**കൊച്ചി:** കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിലുള്ള എക്സ്പോർട്ട് ഇൻസ്പെക്ഷൻ കൗൺസിലിന്റെ (ഇഐസി) നിയന്ത്രണത്തിലുള്ള കൊച്ചി എക്സ്പോർട്ട് ഇൻസ്പെക്ഷൻ ഏജൻസിയിൽ (ഇഐഎ) അത്യാധുനിക മൈക്രോബയോളജി ലബോറട്ടറി പ്രവർത്തനമാരംഭിച്ചു.

വാണിജ്യ വ്യവസായ മന്ത്രാലയത്തിലെ അഡീ. സെക്രട്ടറിയും ഇഐസി ഡയറക്ടറുമായ നിതിൻ കുമാർ യാദവ് ഉദ്ഘാടനം നിർവഹിച്ചു. ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ ശക്തിപ്പെടുത്തുന്നതിലും കയറ്റുമതിയുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിലും ഈ സൗകര്യം പ്രധാന പങ്കുവഹിക്കും.

ഭാരത ഉൽപന്നങ്ങൾ ഉയർന്ന അന്താരാഷ്ട്ര മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ, നമ്മുടെ അടിസ്ഥാന സൗകര്യങ്ങൾ, പ്രത്യേകിച്ച് ലബോറട്ടറി സംവിധാനങ്ങൾ, തുടർച്ചയായി നവീകരിക്കേണ്ടതുണ്ടെന്ന് അദ്ദേഹം പറഞ്ഞു. കയറ്റുമതി, ഇറക്കുമതി, ആഭ്യന്തര വിപണി എന്നിവയുമായി ബന്ധപ്പെട്ട് ഭക്ഷ്യവസ്തുക്കളുടെ വിശദമായ മൈക്രോബയോളജി വിശകലനം നടത്താൻ നൂതന സാങ്കേതിക സംവിധാനങ്ങളാണ് സജ്ജീകരിച്ചിട്ടുള്ളത്. ഈ മേഖലയിൽ വിദഗ്ധ പ്രൊഫഷണലുകളെ വളർത്തിയെടുക്കുന്നതിന് സാങ്കേതിക പരിശീലന കേന്ദ്രവും സ്ഥാപിച്ചിട്ടുണ്ട്.

നിലവിലുള്ള ആധുനിക സൗകര്യങ്ങൾക്കു പുറമേ മംഗലാപുരത്തും അഹമ്മദാബാദിലും പ്രവർത്തനക്ഷമമാകുന്ന പുതിയ ലബോറട്ടറി, ഫരീദാബാദിൽ മറ്റൊരു ടെസ്റ്റിങ് കേന്ദ്രം എന്നിവയുൾപ്പെടെയുള്ള അടിസ്ഥാനസൗകര്യ വികസനം നടക്കുന്നതായും യാദവ് പറഞ്ഞു.

യൂറോപ്യൻ യൂണിയൻ അടുത്തിടെ കയറ്റുമതിക്കായി 102 മത്സ്യബന്ധന സ്ഥാപനങ്ങളുടെ പട്ടിക പുറത്തിറക്കിയിട്ടുണ്ട്. അതിൽ 18 എണ്ണം നമ്മുടെ മേഖലയിൽ നിന്നുള്ളതാണ്. ഇത് ഇന്ത്യയുടെ സമുദ്രോത്പന്ന കയറ്റുമതിയെ ഗണ്യമായി വർദ്ധിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി അദ്ദേഹം പറഞ്ഞു.

ലബോറട്ടറി ഇതിനകം ദേശീയ അംഗീകാരം നേടിക്കഴിഞ്ഞതായി ഇഐസിയുടെ അഡീ. ഡയറക്ടർ ഡോ. ജെ.എസ്. റെഡ്ഡി പറഞ്ഞു. പരിസ്ഥിതി മന്ത്രാലയം ഇതിനെ ജനിതകമാറ്റം വരുത്തിയ സസ്യങ്ങളുടെയും സസ്യ ഉത്പന്നങ്ങളുടെയും (ജിഎംഒ) പരിശോധനക്കുള്ള ദേശീയ റഫറൽ ലബോറട്ടറിയായി പ്രഖ്യാപിച്ചിട്ടുണ്ട്.

# കെഎസ്എഫ്ഇക്ക് ദേശീയ പുരസ്കാരം

**തൃശൂർ:** സ്വദേശ് സമ്മാൻ ദേശീയ പുരസ്കാരം നേടി കേരള സർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് (കെഎസ്എഫ്ഇ). കേന്ദ്ര ടൂറിസം - സാംസ്കാരിക വകുപ്പ് മന്ത്രി ഗജേന്ദ്രസിംഗ് ഷെഖാവത്ത് ന്യൂദൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടന്ന ആറാമത് സ്വദേശി കോൺക്ലേവിൽ കെഎസ്എഫ്ഇ ചെയർമാൻ വരദരാജൻ, എംഡി ഡോ. എസ്.കെ. സനിൽ എന്നിവർക്ക് സ്വദേശ് സമ്മാൻ പുരസ്കാരം കൈമാറി. ഒരു ലക്ഷം കോടി രൂപ ബിസിനസ് നേടുന്ന രാജ്യത്തെ ആദ്യ എംഎൻബിസി എന്ന നേട്ടത്തിനു പിന്നാലെയാണ് ദേശീയ പുരസ്കാരം കെഎസ്എഫ്ഇയെ തേടിയെത്തിയത്.

സുപ്രീംകോടതി ജസ്റ്റിസ് കൊടീശ്വർ സിങ് ചടങ്ങിൽ കെഎസ്എഫ്ഇക്ക് കീർത്തിപത്രം സമ്മാനിച്ചു. കേന്ദ്ര ഐടി സഹമന്ത്രി ജതിൻ പ്രസാദിന്റെ സാന്നിധ്യത്തിലാണ് ദേശീയ അവാർഡ് പുരസ്കാര ചടങ്ങുകൾ നടന്നത്.

വിവിധ മേഖലകളിൽ മികച്ച സംഭാവനകൾ നൽകിയ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ലഭിക്കുന്ന ദേശീയ ബഹുമതിയാണ് സ്വദേശ് സമ്മാൻ പുരസ്കാരം. മുൻ ചീഫ് ജസ്റ്റിസും പ്രമുഖ വ്യവസായികളും കലാകാരന്മാരും അടങ്ങുന്ന ഒമ്പതംഗ ജഡ്ജിങ് പാനലാണ് പുരസ്കാര ജേതാക്കളെ തിരഞ്ഞെടുക്കുന്നത്. കെഎസ്എഫ്ഇയുടെ 'ഈ നാടിന്റെ ധൈര്യം' എന്ന പുതിയ മുദ്രാവാചകം മുഖ്യമന്ത്രി പിണറായി വിജയനാണ് അടുത്തിടെ പ്രകാശനം ചെയ്തത്. സ്വദേശ് സമ്മാൻ പുരസ്കാരം ലഭിക്കുക വഴി ഈ മുദ്രാവാചകം അന്വർത്ഥമാവുകയാണെന്ന് മന്ത്രി കെ.എൻ. ബാലഗോപാൽ പ്രതികരിച്ചു. വിശ്വാസ്യത, സുതാര്യത, കേരള സർക്കാർ നൽകുന്ന ഉറപ്പ് എന്നിവയാണ് കെഎസ്എഫ്ഇയുടെ പ്രധാന ശക്തികളെന്ന് ചെയർമാൻ വരദരാജൻ പറഞ്ഞു. ഒരു കോടി ഉപഭോക്താക്കൾ എന്ന ലക്ഷ്യത്തിലേക്ക് നീങ്ങുകയാണ് ഇപ്പോൾ കെഎസ്എഫ്ഇ.

# കെ.ആർ. ഉമാകാന്തന്റെ അമ്മ അന്തരിച്ചു



**ഏലൂർ:** തെക്കുംഭാഗം സുധാനിലയത്തിൽ പരേതനായ അച്ചുതമേനോന്റെ ഭാര്യ മീനാക്ഷി അമ്മ (88) അന്തരിച്ചു. സംസ്കാരം പച്ചാളം പൊതുശ്മശാനത്തിൽ നടത്തി. മക്കൾ: കെ.ആർ. ഉമാകാന്തൻ (മുതിർന്ന ആർഎസ്എസ് പ്രചാരകൻ, ജന്മഭൂമി മുൻ മാനേജിങ് എഡിറ്റർ, ബിജെപിയുടെയും എബിവിപിയുടെയും മുൻ സംസ്ഥാന സംഘടനാ സെക്രട്ടറി), കെ.ആർ. കൃഷ്ണപ്രസാദ് (കൗൺസിലർ, ഏലൂർ നഗരസഭ), കെ.ആർ. ചന്ദ്രശേഖരൻ (കുരുക്ഷേത്ര പ്രകാശൻ ഡയറക്ടർ, ഫാക്ട് മുൻ ഫിനാൻസ് ഉദ്യോഗസ്ഥൻ), കെ.എം. സുധ, കെ.എം. സരസ്വതി. മരുമക്കൾ: ലത, ഗിരിജ (മുൻ അദ്ധ്യാപിക, മാണിക്യമംഗലം എൻഎസ്എസ് എച്ച്എസ്എസ്), രഘുകുമാർ വി, രഘുകുമാർ പി.എം.

# പി.കെ. ഫിറോസ് ഗൾഫിൽ ചെയ്യുന്ന ജോലി എന്തെന്ന് വ്യക്തമാക്കണം: കെ.ടി. ജലീൽ

**തിരുവനന്തപുരം:** അഞ്ചേകാൽ ലക്ഷം രൂപ മാസ ശമ്പളം ലഭിക്കാൻ യൂത്ത് ലീഗ് നേതാവ് പി.കെ. ഫിറോസ് ഗൾഫിലെ കമ്പനിക്ക് വേണ്ടി ചെയ്യുന്ന ജോലി എന്തെന്ന് വ്യക്തമാക്കണമെന്ന് കെ.ടി. ജലീൽ എംഎൽഎ വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

താൻ ഉയർത്തിയ ഒരു ആരോപണവും ഫിറോസ് തള്ളി പറഞ്ഞില്ല. കേരള രാഷ്ട്രീയത്തിലെ മായാവിയാണ് ഫിറോസ്. ഫിറോസിന്റെ സാമ്പത്തിക സ്രോതസ് വ്യക്തമാക്കണം. മുഴുവൻ സമയം മുസ്ലിം യൂത്ത് ലീഗ് ജനറൽ സെക്രട്ടറിയായി ഇവിടെ പ്രവർത്തിക്കുമ്പോൾ ദുബായിലെ ഒരു കമ്പനിയിൽ സെയിൽസ് മാനേജർ ആയി പ്രവർത്തിക്കുകയാണ് പി.കെ. ഫിറോസ്. ഇന്ത്യൻ രൂപയിൽ പ്രതിമാസം അഞ്ചേകാൽ ലക്ഷം രൂപയാണ് ശമ്പളമായി കൈപ്പറ്റുന്നത്. എന്ത് കയറ്റുമതിയാണ് ചെയ്യുന്നതെന്ന് പറയാൻ ഫിറോസ് ബാധ്യസ്ഥനാണ്. നിയമസഭാ തെരഞ്ഞെടുപ്പ് സമയത്ത് യുഎഇ വിസ ഫിറോസ് കുറച്ചു കാലത്തേക്ക് വേണ്ടെന്ന് വെച്ചു. അതേ വിസ വീണ്ടും പുതുക്കി. ദുബായിൽ എവിടെയാണ് കമ്പനിയുടെ ഓഫീസ് പ്രവർത്തിക്കുന്നതെന്ന് ആർക്കും അറിയില്ല. എവിടെ ആണെന്ന് കണ്ടെത്താനും ആർക്കും കഴിഞ്ഞിട്ടില്ല. കമ്പനിയുടെ ലൊക്കേഷൻ പുറത്തു വിടണം.

മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തകനായ ഫിറോസിനെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് മുസ്ലീം ലീഗ് സംസ്ഥാന അധ്യക്ഷൻ മറുപടി നൽകണമെന്നും കെ.ടി. ജലീൽ ആവശ്യപ്പെട്ടു.

പത്ത് വർഷത്തെ യൂത്ത് ലീഗ് ജനറൽ സെക്രട്ടറി പദവിയിലിരുന്ന് സംഘടന പിരിച്ച ലക്ഷക്കണക്കിന് രൂപ മുക്കി. ദോത്തി ചലഞ്ചടക്കം തട്ടിപ്പായിരുന്നു. ദോത്തി ചലഞ്ചിൽ സാധനം വാങ്ങിയ കമ്പനിയുടെ ബിൽ ഇനിയും പുറത്തുവിട്ടിട്ടില്ല. മുസ്‌ലിം ലീഗിൽ കള്ളപ്പണം ഹലാലാണ്. ലീഗിലെ പല നേതാക്കന്മാരും തട്ടിപ്പുകേസുകളിൽ ജയിലിലാണ്. എആർ നഗർ ബാങ്ക് വിഷയത്തിൽ കോടികൾ പിഴയായി നൽകിയിരുന്നു. താൻ ഇടതുപക്ഷത്തിന്റെ ഭാഗമായല്ല, യൂത്ത് ലീഗ് മുൻ ജനറൽ സെക്രട്ടറി എന്ന നിലയിലാണ് വാർത്താസമ്മേളനം നടത്തുന്നതെന്ന് ജലീൽ പറഞ്ഞു.

മലയാളം സർവകലാശാല ഭൂമി വാങ്ങലിൽ അഴിമതിയുണ്ടെങ്കിൽ അന്വേഷിക്കട്ടെ. താൻ അന്വേഷണത്തെ ഭയക്കുന്നില്ല. ഭൂമി വാങ്ങാൻ തീരുമാനിച്ചത് താൻ മന്ത്രിയായിരുന്നപ്പോഴല്ല. അതിന്റെ നടപടികൾ അവസാന ഘട്ടത്തിലായിരുന്നപ്പോഴാണ് താൻ മന്ത്രി സ്ഥാനത്തുണ്ടായിരുന്നത്. പരാതിയുണ്ടെങ്കിൽ സിബിഐക്കോ മറ്റ് ഏജൻസികൾക്കോ ഫിറോസ് പരാതി നൽകട്ടെയെന്നും ജലീൽ കൂട്ടിച്ചേർത്തു.

### സെർച്ച് കമ്മിറ്റി രൂപീകരണം

# അക്കാദമിക വിദഗ്ധർ ചീഫ് ജസ്റ്റിസിന് കത്തയച്ചു

**ന്യൂദൽഹി:** കേരളത്തിലെ സാങ്കേതിക, ഡിജിറ്റൽ സർവകലാശാലകളിലേക്കുള്ള വൈസ് ചാൻസലർമാരുടെ നിയമനത്തിനായി രൂപീകരിച്ച സെർച്ച് കമ്മിറ്റിയിൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷന്റെ (യുജിസി) പ്രതിനിധിയെ ഉൾപ്പെടുത്താത്തതിൽ ആശങ്ക രേഖപ്പെടുത്തി കേരളത്തിലെ മുൻ വൈസ് ചാൻസലർമാരും അക്കാദമിക വിദഗ്ധരും. വിഷയത്തിൽ അടിയന്തരമായി ഇടപെടണമെന്ന് ആവശ്യപ്പെട്ട് സുപ്രീംകോടതി ചീഫ് ജസ്റ്റിസിന് കത്തയച്ചു. സുപ്രീംകോടതി മുമ്പ് പുറപ്പെടുവിച്ച ഉത്തരവുകൾക്കും സർവകലാശാലാ ഭരണത്തിന്റെ പൊതുതത്വങ്ങൾക്കും വിരുദ്ധമാണ് ഈ നടപടിയെന്ന് കത്തിൽ ചൂണ്ടിക്കാട്ടുന്നു.

മാധ്യമറിപ്പോർട്ടുകൾ അനുസരിച്ച്, വിസി നിയമനത്തിനായി സുപ്രീംകോടതി നിർദേശിച്ച സെർച്ച് കമ്മിറ്റിയുടെ തലവൻ ഒരു റിട്ട. സുപ്രീംകോടതി ജഡ്ജിയാണ്. കൂടാതെ, ചാൻസലറുടെയും സംസ്ഥാന സർക്കാരിന്റെയും രണ്ട് പ്രതിനിധികൾ വീതം ഈ കമ്മിറ്റിയിലുണ്ട്. എന്നാൽ, വിസി നിയമന സെർച്ച് കമ്മിറ്റികളിൽ യുജിസി പ്രതിനിധി നിർബന്ധമാണെന്ന് 2019ലെ ഗംഭീർദാൻ കെ. ഗാധി. സ്റ്റേറ്റ് ഓഫ് ഗുജറാത്ത് കേസിലും 2022ലെ പ്രൊഫസർ (ഡോ.) ശ്രീജിത്ത് പി.എസ്., ഡോ. രാജശ്രീ എം.എസ്. കേസിലും സുപ്രീംകോടതി തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം ഉറപ്പാക്കുന്നതിന് യുജിസിയുടെ സാന്നിധ്യം നിർണായകമാണെന്ന് കത്തിൽ പറയുന്നു.

നിലവിൽ രൂപീകരിച്ച കമ്മിറ്റിയിൽ യുജിസി പ്രതിനിധി ഇല്ലാത്തത് യുജിസി റെഗുലേഷനുകളുടെയും സുപ്രീംകോടതിയുടെ മുൻകാല വിധികൾക്കും വിരുദ്ധമാണ്. രാഷ്ട്രീയ ഇടപെടലുകൾ ഇല്ലാതെ അക്കാദമിക നിലവാരം ഉറപ്പാക്കാൻ യുജിസി പ്രതിനിധിയുടെ സാന്നിധ്യം അനിവാര്യമാണ്. ബംഗാളിലെ സർവകലാശാലാ കേസുകൾക്ക് സമാനമായി മുഖ്യമന്ത്രിക്ക് അമിതാധികാരം നൽകുന്ന രീതിയാണ് ഇവിടെയും പിന്തുടരുന്നത്. ഇത് സംസ്ഥാന നിയമങ്ങൾക്കും യുജിസി റെഗുലേഷനുകൾക്കും വിരുദ്ധമാണെന്നും കത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇത്തരത്തിലുള്ള തെരഞ്ഞെടുപ്പ് ഭാവിയിൽ നിയമപരമായ വെല്ലുവിളികൾ നേരിടുമ്പോൾ നിലനിൽക്കുമോ എന്നതിൽ സംശയമുണ്ടെന്നും കത്തിൽ വ്യക്തമാക്കുന്നു.

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രതിസന്ധികളെക്കുറിച്ചും കത്തിൽ പരാമർശമുണ്ട്. വർദ്ധിച്ചുവരുന്ന രാഷ്ട്രീയ ഇടപെടലുകൾ കാരണം കഴിവുറ്റ പ്രൊഫഷണലുകൾ വിസി സ്ഥാനത്തേക്ക് അപേക്ഷിക്കാൻ മടിക്കുന്നു. കേരളത്തിലെ സർവകലാശാലകളിൽ 50%ൽ അധികം സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതായും വിദ്യാർത്ഥികൾ മറ്റു സംസ്ഥാനങ്ങളിലേക്കും വിദേശരാജ്യങ്ങളിലേക്കും മാറുന്നതായും ഇവർ ചൂണ്ടിക്കാട്ടുന്നു.

രാഷ്ട്രീയ നേതാക്കളുടെ ബന്ധുക്കൾക്ക് ഡോക്ടറേറ്റുകളും നിയമനങ്ങളും ലഭിക്കുന്നുവെന്ന ആരോപണങ്ങളും സാധാരണമാണെന്ന് കത്തിൽ പറയുന്നു. അക്കാദമിക വിഷയങ്ങളിലെ ജുഡീഷ്യൽ വിധികൾ, സ്ഥാപിക്കപ്പെട്ട അക്കാദമിക മാനദണ്ഡങ്ങളുമായി യോജിച്ച് പോകുന്നതിന് ചീഫ് ജസ്റ്റിസിന്റെ ഇടപെടൽ ആവശ്യമാണെന്ന് കത്തിൽ അഭ്യർത്ഥിക്കുന്നു. തങ്ങളുടെ ഈ നീക്കം ഉന്നത വിദ്യാഭ്യാസത്തിന്റെ ഭാവിയെക്കുറിച്ചുള്ള ആശങ്കകൊണ്ടും നീതിന്യായ വ്യവസ്ഥയിലുള്ള വിശ്വാസം കൊണ്ടുമാണെന്ന് കത്തിൽ ഒപ്പിട്ടവർ വ്യക്തമാക്കുന്നു.

ഐഎസ്ആർഒ മുൻ ചെയർമാൻ ഡോ. ജി. മാധവൻ നായർ, കേരള സ്റ്റേറ്റ് ഹയർ എജ്യുക്കേഷൻ കൗൺസിൽ മുൻ വൈസ് ചെയർമാൻ ഡോ. ടി.പി. ശ്രീനിവാസൻ, കേരള കേന്ദ്ര സർവകലാശാല മുൻ വിസി ഡോ. ജി. ഗോപകുമാർ, കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല മുൻ വിസി ഡോ. കെ.എസ്. രാധാകൃഷ്ണൻ, കേരള സർവകലാശാല മുൻ വിസിമാരായ ഡോ. എ. ജയകൃഷ്ണൻ, പ്രൊഫ. പി.കെ. രാധാകൃഷ്ണൻ, കേരള ആരോഗ്യ സർവകലാശാല മുൻ വിസി ഡോ. എം.കെ.സി. നായർ, കാലിക്കറ്റ് സർവകലാശാല മുൻ വിസി ഡോ. എം. അബ്ദുൾസലാം, കണ്ണൂർ സർവകലാശാല മുൻ വിസി ഡോ. എസ്. ബിജോയ് നന്ദൻ, കേരള കേന്ദ്ര സർവകലാശാല മുൻ പ്രൊ. വിസി പ്രൊഫ. (ഡോ.) കെ. ജയപ്രസാദ്, ഐസിഎച്ച്ആർ മുൻ അംഗം ഡോ. സി.ഐ. ഐസക്, യുജിസി മുൻ അംഗം പ്രൊഫ. ജി. കരുണാകരൻ പിള്ള, നാക് മുൻ അക്കാദമിക് കൺസൽട്ടന്റ് ഡോ. കെ.എൻ. മധുസൂദനൻപിള്ള, കേരള കേന്ദ്ര സർവകലാശാല മുൻ രജിസ്ട്രാർ ഡോ. എ. രാധാകൃഷ്ണൻ, കേരള സർവകലാശാല മുൻ ഫിനാൻസ് ഓഫീസർ, പ്രൊഫ. സി.വി. ജയമണി, കേരള കാർഷിക സർവകലാശാല മുൻ ഡീൻ പ്രൊഫ. എം. മോഹൻദാസ് എന്നിവരാണ് കത്തിൽ ഒപ്പുവെച്ചിരിക്കുന്നത്.

# നേരിട്ട് ഹാജരാകാൻ ജയരാജന്മാർക്ക് ഹൈക്കോടതി നോട്ടീസ്

**കൊച്ചി:** കണ്ണൂരിൽ ഹൈവേ കൈയേറി വാഹന ഗതാഗതം തടസപ്പെടുത്തിയെന്നാരോപിച്ച് കോടതിയലക്ഷ്യ കേസിൽ ഒക്ടോബർ 6ന് നേരിട്ട് ഹാജരാകണമെന്ന് ആവശ്യപ്പെട്ട് മുതിർന്ന സിപിഎം നേതാക്കളായ ഇ.പി. ജയരാജൻ, എം.വി. ജയരാജൻ, പി. ജയരാജൻ തുടങ്ങിയവർക്ക് ഹൈക്കോടതി നോട്ടീസ് അയച്ചു. എറണാകുളം മരട് സ്വദേശി എൻ. പ്രകാശ് സമർപ്പിച്ച കോടതിയലക്ഷ്യ ഹർജിയിലാണ് ജസ്റ്റിസ് അനിൽ കെ. നരേന്ദ്രൻ, ജസ്റ്റിസ് എസ്. മുരളീ കൃഷ്ണ എന്നിവരടങ്ങിയ ബെഞ്ച് ഉത്തരവ് പുറപ്പെടുവിച്ചത്. ഫെബ്രുവരി 25ന് കണ്ണൂരിലെ കാർഗിൽ- യോഗശാല നാലുവരിപ്പാതയിൽ ഹെഡ്പോസ്റ്റ് ഓഫീസിന് സമീപം പന്തൽ സ്ഥാപിച്ച് സിപിഎം നേതാക്കൾ പ്രതിഷേധ പ്രകടനം നടത്തിയെന്നും അതുവഴി പൊതുജനങ്ങൾക്ക് അസൗകര്യമുണ്ടായെന്നും ഹർജിക്കാരൻ ആരോപിച്ചു. ഹൈവേ കൈയേറി നടത്തിയ പ്രതിഷേധം, റോഡുകളിലും നടപ്പാതകളിലും പൊതുയോഗങ്ങൾ, പ്രതിഷേധങ്ങൾ, ധർണകൾ എന്നിവ നിരോധിച്ച സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും മുൻ വിധികളുടെ ലംഘനമാണെന്നും അദ്ദേഹം വാദിച്ചു.

പ്രതിഷേധത്തിന്റെ രേഖകളും വിശദാംശങ്ങളും പരിശോധിച്ച കോടതി, ഇ.പി. ജയരാജൻ, എം.വി. ജയരാജൻ, പി. ജയരാജൻ, കെ.വി. സുമേഷ് എംഎൽഎ, കണ്ണൂർ സിറ്റി പോലീസ് കമ്മിഷണർ പി. നിധിൻ രാജ്, കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിലെ എസ്എച്ച്ഒ ബിനു മോഹൻ എന്നിവർക്ക് ഒക്ടോബർ 6ന് ഉച്ചയ്ക്ക് രണ്ടു മണിക്ക് കോടതിയിൽ ഹാജരാകാൻ നിർദേശിച്ചുകൊണ്ട് നോട്ടീസ് അയച്ചു. അന്നത്തെ ചീഫ് സെക്രട്ടറിയായിരുന്ന ശാരദ മുരളീധരൻ, അന്നത്തെ സംസ്ഥാന പോലീസ് മേധാവിയായിരുന്ന ഷെയ്ഖ് ദർവേഷ് സാഹിബ് എന്നിവർക്ക് നോട്ടീസ് അയച്ചെങ്കിലും, നേരിട്ട് ഹാജരാകുന്നതിൽ നിന്ന് ഒഴിവാക്കി.

2024 ഡിസംബറിൽ തിരുവനന്തപുരത്തെ വഞ്ചിയൂരിൽ ഒരു പാർട്ടി പരിപാടിക്കായി പൊതുവഴിയിൽ വേദി നിർമിച്ചതായി ആരോപിച്ച് ഇതേ ഹർജിക്കാരൻ സമർപ്പിച്ച മറ്റൊരു കോടതിയലക്ഷ്യ ഹർജിയുമായി ബന്ധപ്പെട്ട് സിപിഎം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ നേരിട്ട് കോടതിയിൽ ഹാജരായിരുന്നു. ആ വിഷയം കോടതിയുടെ പരിഗണനയിലാണ്.

### അടൂർ സ്വദേശിയുടെ മരണം

# പോലീസ് മർദിച്ച് കൊന്നെന്ന് ആരോപണം


ജോയൽ

**പത്തനംതിട്ട:** അടൂരിലെ ഡിവൈഎഫ്ഐ പ്രവർത്തകനായ ജോയലിന്റെ മരണത്തിന് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥരെ കൊലക്കുറ്റം ചുമത്തി പിരിച്ചുവിടണമെന്നാവശ്യവുമായി കുടുംബം. 2020നാണ് ജോയൽ അടൂർ പോലീസിന്റെ ക്രൂരമർദനത്തിനിരയായത്. അച്ഛന്റെയും ബന്ധുക്കളുടെയും മുന്നിൽവച്ചായിരുന്നു അടൂർ സിഐ ആയിരുന്ന യു. ബിജുവിന്റെ നേതൃത്വത്തിലുള്ള ക്രൂരമർദനം. ജനുവരി 1ന് വാഹനാപകടവുമായി ബന്ധപ്പെട്ട തർക്കത്തെത്തുടർന്നാണ് ജോയലിനെ പോലീസ് സ്റ്റേഷനിൽ കൊണ്ടുവന്നത്. വിവരമറിഞ്ഞ് സ്റ്റേഷനിൽ എത്തിയ അച്ഛനെയും പിതൃസഹോദരിയെയും പോലീസ് ക്രൂരമായി മർദിച്ചു. മർദനത്തിനിടെ പലതവണ ജോയലിന്റെ തല ഭിത്തിയിൽ ഇടിപ്പിച്ചു. മർദിച്ച് അവശനിലയിലാക്കിയ ശേഷം പരാതിയില്ലെന്ന് എഴുതിവാങ്ങുകയും വിട്ടയക്കുകയും ചെയ്തതായി ജോയലിന്റെ പിതൃസഹോദരി കുഞ്ഞമ്മ കെ.കെ. പറഞ്ഞു. അപകടത്തെത്തുടർന്ന് സ്റ്റേഷനിൽ എത്തിച്ചതിന് ശേഷം ജോയലിനെ നാഭിക്ക് തൊഴിച്ചതായി അച്ഛൻ പറയുന്നു. 'മകനെ ഒരുപാട് ഇടിച്ചു. ഇടിക്കല്ലേ എന്ന് പറഞ്ഞപ്പോൾ എന്റെ കോളറിന് പിടിച്ച് പുറത്തേക്ക് തള്ളി. ഏറ്റവും കൂടുതൽ ഉപദ്രവിച്ചത് ശിവൻകുട്ടി, ശ്യാംമോഹൻ എന്നീ പോലീസുകാരാണ്' എന്നും ജോയലിന്റെ അച്ഛൻ ജോയിക്കുട്ടി പറഞ്ഞു. സിഐ ബിജുവും ഷിജു പി. സാം, ജയകുമാർ, ശ്രീകുമാർ, സുജിത്ത്, സുരേഷ് എന്നീ പോലീസുകാരും കുടുംബത്തിന്റെ മുന്നിൽ വെച്ച് ജോയലിനെ മർദിക്കുകയായിരുന്നു.

മർദനത്തിനുശേഷം ജോയൽ സ്ഥിരമായി രക്തം ഛർദ്ദിക്കുകയും മൂത്രത്തിൽ രക്തവും പഴുപ്പും കാണുകയും ചെയ്തു. മൂന്നുമാസം വിവിധ ആശുപത്രികളിൽ ചികിത്സ തേടി. അടൂർ ജനറൽ ആശുപത്രിയിൽ ചികിത്സയിലിരിക്കെ മേയ് 22ന് ഗുരുതരാവസ്ഥയിൽ ആകുകയും മറ്റൊരു സ്വകാര്യ ആശുപത്രിയിലേക്ക് കൊണ്ടുപോകും വഴി മരിക്കുകയും ചെയ്തു. തുടർന്ന് നിയമപോരാട്ടം ആരംഭിച്ച കുടുംബത്തിന് പോലീസ് സേനയിലെ ഉന്നതരിൽ നിന്ന് മോശം അനുഭവങ്ങൾ ഉണ്ടായി. രണ്ടാമത്തെ മകനും സമാന അനുഭവമുണ്ടാകുമെന്ന ഭീഷണിയും ഉണ്ടായി. മർദന ദിവസത്തെ സിസിടിവി ദൃശ്യങ്ങൾ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടെങ്കിലും ലഭിച്ചില്ല, കുടുംബം ആരോപിച്ചു.

# ഐസക്ക് ഇനിയും തുടിക്കും.... ആറു പേരിൽ ജീവതാളമായി


ഐസക് ജോർജ്

**തിരുവനന്തപുരം/കൊച്ചി:** വാഹനാപകടത്തെ തുടർന്ന് മസ്തിഷ്ക മരണം സംഭവിച്ച ഐസക് ജോർജിന്റെ ഹൃദയം ഇനി മറ്റൊരാളിൽ മിടിക്കും. എയർ ലിഫ്റ്റിലൂടെ എത്തിച്ച ഹൃദയം എറണാകുളം ലിസി ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന 28കാരനിലാണ് മിടിക്കുക. കൊല്ലം കൊട്ടാരക്കര ബഥേൽ ചരുവിള വടവോട് സ്വദേശി ഐസക് ജോർജിന്റെ (33) ഹൃദയം ഉൾപ്പടെയുള്ള 6 അവയങ്ങളാണ് ആറ് പേർക്ക് ജീവതാളമാകുന്നത്.

അങ്കമാലി സ്വദേശി അജിൻ ഏലിയാസിനാണ് ഐസക്കിന്റെ ഹൃദയം തുന്നിച്ചേർത്തത്. ഇന്നലെ ഉച്ചയോടെ തിരുവനന്തപുരത്ത് നിന്ന് സർക്കാരിന്റെ പ്രത്യേക എയർ ആംബുലൻസിലാണ് ഐസക്കിന്റെ ഹൃദയം കൊച്ചി ലിസി ആശുപത്രിയിലെത്തിച്ചത്. നാലു മണിക്കൂറിലധികം നീണ്ട ശസ്ത്രക്രിയക്ക് ഡോ. ജോസ് ചാക്കോ പെരിയപുറം നേതൃത്വം നൽകി. വൈകിട്ട് ഏഴ് മണിയോടെ ശസ്ത്രക്രിയ പൂർത്തിയായി. 1.45ന് ഗ്രാന്റ് ഹയാത്തിലെ ഹെലിപാഡിൽ പറന്നിറങ്ങിയ എയർ ആംബുലൻസിൽ നിന്ന് ലിസി ആശുപത്രി പിആർഒ രാജേഷ് വാരിയത്ത് ഹൃദയം ഏറ്റുവാങ്ങി. ആറ് മിനിറ്റുകൊണ്ട് 4 കി.മീ. ദൂരെയുള്ള ആശുപത്രിയിലെത്തുകയും ചെയ്തു. പോലീസ് റോഡ് മാർഗമുള്ള ഗതാഗതം ക്രമീകരിച്ചിരുന്നു. ലിസി ആശുപത്രിയിലെ ഡോക്ടർമാരായ ഭാസ്കർ രംഗനാഥൻ, പി. മുരുകൻ, ജോബ് വിൽസൺ, ഗ്രേസ് മരിയ, ആന്റണി ജോർജ്, ആയിഷ നാസർ, രാജി രമേഷ്, സൗമ്യ സുനീഷ് എന്നിവരും ശസ്ത്രക്രിയയിൽ പങ്കാളികളായി.

ഹൃദയധമനികൾക്ക് വീക്കം സംഭവിക്കുന്ന കവാസാക്കി എന്ന അസുഖമായിരുന്നു അജിൻ ഏലിയാസിന് ഉണ്ടായിരുന്നത്. 2012ൽ ഇദ്ദേഹം മറ്റൊരു ആശുപത്രിയിൽ ബൈപ്പാസ് സർജറിക്കും പിന്നീട് ആൻജിയോപ്ലാസ്റ്റിക്കും വിധേയനായെങ്കിലും ഹൃദയഭംഗം ഒഴിവാക്കാനായില്ല. തുടർന്ന് ലിസി ആശുപത്രിയിലെ മെഡിക്കൽ സംഘം ഹൃദയം മാറ്റിവയ്ക്കലാണ് ഏക പോംവഴിയെന്ന് നിർദേശിക്കുകയായിരുന്നു.

ഐസക്കിന്റെ ഒരു വൃക്ക തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളജിലെ രോഗിക്കും രണ്ട് നേത്രപടലങ്ങൾ തിരുവനന്തപുരം സർക്കാർ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജിയിലും, മറ്റൊരു വൃക്കയും കരളും തിരുവനന്തപുരം കിംസ് ആശുപത്രി എന്നിവിടങ്ങളിലെ രോഗികൾക്കുമാണ് നൽകിയത്. ഇന്നലെ രാത്രിയിൽ മസ്തിഷ്ക മരണം സംഭവിച്ചതിനെ തുടർന്ന് അവയവങ്ങൾ എത്രയും പെട്ടെന്ന് അതാത് ആശുപത്രികളിൽ എത്തിക്കാൻ കെ സോട്ടോ നടപടി സ്വീകരിച്ചു. എറണാകുളത്ത് ഹൃദയമെത്തിക്കാൻ ആഭ്യന്തര വകുപ്പിന്റെ ഹെലികോപ്റ്റർ ആണ് ഉപയോഗിച്ചത്.

കൊട്ടാരക്കര കിഴക്കേത്തെരുവ് പള്ളിമുക്കിൽ വെച്ച് കഴിഞ്ഞ ആറിന് രാത്രി 8 മണിയോടെ ഐസക് നടത്തുന്ന പള്ളിമുക്കിലെ റസ്റ്റോറന്റിന് മുൻവശത്ത് റോഡ് മുറിച്ച് കടക്കവേ ബൈക്ക് ഇടിച്ചാണ് അപകടം സംഭവിച്ചത്. മസ്തിഷ്കമരണം സ്ഥിരീകരിച്ചതിനെ തുടർന്ന് കുടുംബാംഗങ്ങൾ അവയവദാനത്തിന് സന്നദ്ധരായി.

ഭാര്യ നാൻസി മറിയം സാം, മകൾ രണ്ട് വയസുള്ള അമീലിയ നാൻസി ഐസക്.

# ദൽഹി സർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പ്; എബിവിപി സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു

**ന്യൂദൽഹി:** ദൽഹി സർവ്വകലാശാല വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പിനുള്ള സ്ഥാനാർത്ഥികളെ എബിവിപി പ്രഖ്യാപിച്ചു. ആര്യൻ മാൻ (പ്രസിഡന്റ്), ഗോവിന്ദ് തൻവർ (വൈസ് പ്രസിഡന്റ്), കുനാൽ ചൗധരി (സെക്രട്ടറി), ദീപിക ഝാ (ജോയിന്റ് സെക്രട്ടറി) എന്നിവരാണ് എബിവിപി സ്ഥാനാർത്ഥികൾ.

വിദ്യാർത്ഥികളുടെ സമഗ്രവികസനം ഉറപ്പാക്കുന്നതിലും പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിലും മുഖ്യപങ്ക് വഹിക്കുന്ന എബിവിപി ഇത്തവണയും മുഴുവൻ സീറ്റിലും വിജയിക്കുമെന്ന് സംസ്ഥാന സെക്രട്ടറി സാർത്ഥക് ശർമ്മ അഭിപ്രായപ്പെട്ടു. വിദ്യാർത്ഥികളുടെ നിർദേശങ്ങൾ ഉൾക്കൊള്ളിച്ച് തയാറാക്കുന്ന പ്രകടനപത്രിക ഉടൻ പുറത്തിറക്കും. കഴിഞ്ഞതവണ എബിവിപി നേതൃത്വം നൽകിയ യൂണിയൻ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തി വിദ്യാർത്ഥികൾ വോട്ട് രേഖപ്പെടുത്തിയാൽ നാല് സീറ്റുകളിലും എബിവിപി സ്ഥാനാർത്ഥികൾക്ക് വിജയം സുനിശ്ചിതമാണെന്നും സാർത്ഥക് ശർമ്മ കൂട്ടിച്ചേർത്തു.

# തിരുവനന്തപുരം വിമാനത്താവളത്തിൽ എമിഗ്രേഷൻ ക്ലിയറൻസ് 30 സെക്കൻഡിനുള്ളിൽ

### ■ അമിത്ഷാ ഉദ്ഘാടനം ചെയ്തു



തിരുവനന്തപുരം വിമാനത്താവളത്തിൽ കേന്ദ്രമന്ത്രി അമിത് ഷാ ഉദ്ഘാടനം ചെയ്ത ഫാസ്റ്റ് ട്രാക്ക് എമിഗ്രേഷൻ സംവിധാനം

**തിരുവനന്തപുരം:** കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള ബ്യൂറോ ഓഫ് എമിഗ്രേഷൻ നടപ്പിലാക്കുന്ന ഫാസ്റ്റ്ട്രാക്ക് എമിഗ്രേഷൻ ട്രസ്റ്റഡ് ട്രാവലർ പ്രോഗ്രാം തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലും സജ്ജമായി. നൂതന സംവിധാനം കേന്ദ്രമന്ത്രി അമിത് ഷാ വെർച്ചലായി ഉദ്ഘാടനം ചെയ്തു.

പദ്ധതി യാത്രക്കാരുടെ സൗകര്യം വർദ്ധിപ്പിക്കുക മാത്രമല്ല, രാജ്യത്ത് സംഭവിക്കുന്ന മാറ്റങ്ങളെ അവർക്ക് പരിചയപ്പെടുത്താനുള്ള അവസരവും നൽകുന്നുവെന്ന് അമിത് ഷാ പറഞ്ഞു. പരമാവധി ആളുകൾക്ക് ഈ പരിപാടിയുടെ പ്രയോജനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ എല്ലാ സാങ്കേതിക സാധ്യതകളും പരിശോധിക്കണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി കൂട്ടിച്ചേർത്തു. ഈ നേട്ടം കൈവരിക്കുന്നതിനായി, പാസ്പോർട്ടുകളും ഒസിഐ കാർഡുകളും നൽകുന്ന സമയത്തു തന്നെ രജിസ്ട്രേഷൻ സാധ്യമാക്കാൻ ശ്രമിക്കണമെന്നും അദ്ദേഹം വ്യക്തമാക്കി. ഇനി എമിഗ്രേഷൻ ക്ലിയറൻസ് 30 സെക്കൻഡിനുള്ളിൽ സാധ്യമാകും.

തിരുവനന്തപുരത്തിനു പുറമെ കോഴിക്കോട്, ലഖ്നൗ, തിരുച്ചി, അമൃത്സർ എന്നിവിടങ്ങളിലും ഫാസ്റ്റ്ട്രാക്ക് ഇമിഗ്രേഷൻ ട്രസ്റ്റഡ് ട്രാവലർ പ്രോഗ്രാമിന് കേന്ദ്രമന്ത്രി തുടക്കംകുറിച്ചു. ഉദ്ഘാടനത്തോടനുബന്ധിച്ച് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ നടന്ന ചടങ്ങിൽ ഫോറിനേഴ്സ് റീജിയണൽ രജിസ്ട്രേഷൻ ഓഫീസർ അരവിന്ദ് മേനോൻ, തിരുവനന്തപുരം വിമാനത്താവളത്തിലെ ചീഫ് എയർപോർട്ട് ഓഫീസർ രാഹുൽ ഭട്കോട്ടി എന്നിവർ സംസാരിച്ചു. ഐജി ശ്യാം സുന്ദർ, ഡിഐജി നിശാന്തിനി എന്നിവരും മറ്റ് ഉന്നത പോലീസ് ഉദ്യോഗസ്ഥരും പങ്കെടുത്തു.


## കേരള സർക്കാർ ദർഘാസുകൾ
08-09-2025 മുതൽ 10-09-2025 വരെ പ്രസിദ്ധീകരിച്ച ദർഘാസുകൾ

**പുരാവസ്തു വകുപ്പ്**

ദർഘാസ് : 2025_ARCHY_790952_1 * Director, Dept. of Archaeology * Conservation Works to the Protected Monument, Kumaran Asans * അവസാന തീയതി : 25-Sep-2025 * അടങ്കൽ : ₹ 890086

ദർഘാസ് : 2025_ARCHY_795716_1 * Director, Dept. of Archaeology * Conservation Works to the Protected Monument Old Police Stat * അവസാന തീയതി : 25-Sep-2025 * അടങ്കൽ : ₹ 1578452

ദർഘാസ് : 2025_ARCHY_795766_1 * Director, Dept. of Archaeology * Periodic Maintenance Works to the Protected Monument St. Joh * അവസാന തീയതി : 25-Sep-2025 * അടങ്കൽ : ₹ 912807

ദർഘാസ് : 2025_ARCHY_795803_1 * Director, Dept. of Archaeology * Urgent Protection works to the Protected Monument, Remains o * അവസാന തീയതി : 25-Sep-2025 * അടങ്കൽ : ₹ 1183731

ദർഘാസ് : 2025_ARCHY_795829_1 * Director, Dept. of Archaeology * Development works to the Padmanabhapuram Palace Museum, Thuc * അവസാന തീയതി : 25-Sep-2025 * അടങ്കൽ : ₹ 749994

**ആരോഗ്യ വകുപ്പ്**

ദർഘാസ് : 2025_DHS_795330_1 * Superintendent * SUPPLY OF COG WITH ACCESSORIES * അവസാന തീയതി : 27-Sep-2025 * അടങ്കൽ : ₹ 972000

ദർഘാസ് : 2025_DHS_795288_3 * Superintendent * Hiring of Vehicles for JSSK Mathruyan Scheme * അവസാന തീയതി : 23-Sep-2025 * അടങ്കൽ : ₹ 2500000

ദർഘാസ് : 2025_DHS_794767_1 * SUPERINTENDENT * LAB REAGENT * അവസാന തീയതി : 17-Sep-2025 * അടങ്കൽ : ₹ 1000000

**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

ദർഘാസ് : 2025_DME_793823_2 * Principal * Supply of Dental Materials for the department of CD * അവസാന തീയതി : 23-Sep-2025 * അടങ്കൽ : ₹ 500000

ദർഘാസ് : 2025_DME_795740_1 * Principal * Purchase of Airway Trainer for General Surgery (3 Nos) * അവസാന തീയതി : 25-Sep-2025 * അടങ്കൽ : ₹ 540000

ദർഘാസ് : 2025_DME_795587_1 * PRINCIPAL * PURCHASE OF DIAGNOSTIC(BIOLOGICAL )KIT FOR MICROBIOLOGY DEPA * അവസാന തീയതി : 25-Sep-2025 * അടങ്കൽ : ₹ 993768

**പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം**

ദർഘാസ് : 2025_DP_794985_1 * AGRICULTURAL OFFICER * E-TENDER FOR AGRICULTURAL ITEMS * അവസാന തീയതി : 22-Sep-2025 * അടങ്കൽ : ₹ 2368600

ദർഘാസ് : 2025_DP_794790_1 * Secretary * Street Light Maintenance AMC * അവസാന തീയതി : 22-Sep-2025 * അടങ്കൽ : ₹ 1300000

ദർഘാസ് : 2025_DP_795208_1 * Secretary * Supply Materials for various Works undertaken by MGNREGS - E * അവസാന തീയതി : 16-Sep-2025 * അടങ്കൽ : ₹ 1171515

ദർഘാസ് : 2025_DP_769492_14 * Secretary * Road Concreting from IPC Church to Mamoottil Padi in Ward 10 * അവസാന തീയതി : 16-Sep-2025 * അടങ്കൽ : ₹ 648282

ദർഘാസ് : 2025_DP_794713_1 * Village Extension Officer * Distribution of Portable Biocomposter Bin * അവസാന തീയതി : 22-Sep-2025 * അടങ്കൽ : ₹ 1080500

ദർഘാസ് : 2025_DP_794970_1 * SECRETARY * SEPTIC TANK * അവസാന തീയതി : 22-Sep-2025 * അടങ്കൽ : ₹ 2655000

ദർഘാസ് : 2025_DP_786218_2 * HEAD CLERK * CONSTRUCTION OF PROTECTION WALL FROM PUTHIYAVEEDU TO 210 M S * അവസാന തീയതി : 15-Sep-2025 * അടങ്കൽ : ₹ 1456416

ദർഘാസ് : 2025_DP_785430_2 * HEAD CLERK * ROAD CONCRETING FROM PADINJAREPARAMBU TO MOTORTHARA * അവസാന തീയതി : 15-Sep-2025 * അടങ്കൽ : ₹ 917016

ദർഘാസ് : 2025_DP_786210_2 * HEAD CLERK * CONSTRUCTION OF PROTECTION WALL FROM PATTATHANAM JUNCTION TO * അവസാന തീയതി : 15-Sep-2025 * അടങ്കൽ : ₹ 1467793

ദർഘാസ് : 2025_DP_786224_2 * HEAD CLERK * ROAD CONCRETING FROM VIJALABHA TO SREEVILASAM * അവസാന തീയതി : 15-Sep-2025 * അടങ്കൽ : ₹ 1494219

ദർഘാസ് : 2025_DP_786233_2 * HEAD CLERK * ROAD CONCRETING FROM KANYAKKONIL TO AIRAMBALLI * അവസാന തീയതി : 15-Sep-2025 * അടങ്കൽ : ₹ 557753

ദർഘാസ് : 2025_DP_786246_2 * HEAD CLERK * CONCRETING OF PARUTHIKKAL ROAD * അവസാന തീയതി : 15-Sep-2025 * അടങ്കൽ : ₹ 851507

ദർഘാസ് : 2025_DP_795341_1 * SECRETARY * SUPPLY AND INSTALLATION OF HIGH MAST LIGHT * അവസാന തീയതി : 22-Sep-2025 * അടങ്കൽ : ₹ 600000

ദർഘാസ് : 2025_DP_795549_1 * Secretary * MATERIAL SUPPLY CONSTRUCTION OF ANGANWADI OF WARD 11 ANGANWA * അവസാന തീയതി : 30-Sep-2025 * അടങ്കൽ : ₹ 959837

ദർഘാസ് : 2025_DP_794997_1 * Secretary * CONSTRUCTION OF ANGANWADI OF WARD 2 ANGANWADI NUMBER 3 * അവസാന തീയതി : 30-Sep-2025 * അടങ്കൽ : ₹ 968824

ദർഘാസ് : 2025_DP_794978_1 * VEO * BOCHASHI BUCKET * അവസാന തീയതി : 22-Sep-2025 * അടങ്കൽ : ₹ 1249600

ദർഘാസ് : 2025_DP_794857_1 * Village Extension Officer * Tender for Waste Removel Agencies * അവസാന തീയതി : 22-Sep-2025 * അടങ്കൽ : ₹ 1000000

ദർഘാസ് : 2025_DP_794991_1 * VEO * SUPPLY OF BIO BIN * അവസാന തീയതി : 23-Sep-2025 * അടങ്കൽ : ₹ 1080800

ദർഘാസ് : 2025_DP_791454_1 * ICDS Supervisor * Purchase Of Old Age Coat * അവസാന തീയതി : 16-Sep-2025 * അടങ്കൽ : ₹ 840000

ദർഘാസ് : 2025_DP_795418_1 * Secretary * Stadium Veerandikkulam Sivakshetram Road Kallupakal * അവസാന തീയതി : 20-Sep-2025 * അടങ്കൽ : ₹ 706920

ദർഘാസ് : 2025_DP_795649_1 * Secretary * Kovval AKG Road Concrete * അവസാന തീയതി : 20-Sep-2025 * അടങ്കൽ : ₹ 718009

വിശദവിവരങ്ങൾ https://etenders.kerala.gov.in സന്ദർശിക്കുക
Ro.No: 08-10/Sep/2025/PRD/1



## കേരള സർക്കാർ ദർഘാസുകൾ
08-09-2025 മുതൽ 10-09-2025 വരെ പ്രസിദ്ധീകരിച്ച ദർഘാസുകൾ

**ഗ്രാമ വികസന കമ്മീഷണറേറ്റ്**

ദർഘാസ് : 2025_CRD_794958_1 * Secretary * Electrification of Public Health Unit Building - CHC Kumbala * അവസാന തീയതി : 16-Sep-2025 * അടങ്കൽ : ₹ 800000

ദർഘാസ് : 2025_CRD_794936_1 * SECRETARY * KANJIRAKKOLLI TAKE A BREAK RENOVATION PRO NO 114/26 * അവസാന തീയതി : 17-Sep-2025 * അടങ്കൽ : ₹ 500000

ദർഘാസ് : 2025_CRD_787850_2 * Block Development Officer * Krishna Vilasam Puthentharayil mukku road renovation in Oach * അവസാന തീയതി : 17-Sep-2025 * അടങ്കൽ : ₹ 844810

ദർഘാസ് : 2025_CRD_787989_2 * Block Development Officer * SDRF-2024-25-Oachira Block Bindu Bhvanam NH Kaleeckal road r * അവസാന തീയതി : 17-Sep-2025 * അടങ്കൽ : ₹ 844209

ദർഘാസ് : 2025_CRD_788070_2 * Block Development Officer * SDRF 2024-25 Oachira Block Panchayath, Renovation of road fr * അവസാന തീയതി : 17-Sep-2025 * അടങ്കൽ : ₹ 846817

ദർഘാസ് : 2025_CRD_795772_1 * Block Development Officer * MPLADS Kattakuthippady Kurisumala Road in Mulakkulam Panchay * അവസാന തീയതി : 17-Sep-2025 * അടങ്കൽ : ₹ 542636

ദർഘാസ് : 2025_CRD_795864_1 * Block Development Officer * Annual Plan 2025-2026- Pro No.223/26- Purchase of Equipment * അവസാന തീയതി : 18-Sep-2025 * അടങ്കൽ : ₹ 900000

ദർഘാസ് : 2025_CRD_785634_2 * BLOCK DEVELOPMENT OFFICER * FDR-2024-25 - Shankaravayal Keloth Vayal Road (Koloth Vayal * അവസാന തീയതി : 18-Sep-2025 * അടങ്കൽ : ₹ 846703

ദർഘാസ് : 2025_CRD_789350_1 * BLOCK DEVELOPMENT OFFICER * FDR-2024-25 - Chedikkulam Narayamkulam Road, Kottur GP-DCKKD * അവസാന തീയതി : 18-Sep-2025 * അടങ്കൽ : ₹ 846691

ദർഘാസ് : 2025_CRD_795030_9 * Block Development Officer * FDR-CBP - FLOOD 2023-24 OTTATHENGU KARIPPAKADAV ROAD-OTTATHE * അവസാന തീയതി : 17-Sep-2025 * അടങ്കൽ : ₹ 677241

ദർഘാസ് : 2025_CRD_793490_7 * SECRETARY * FDR 2024-25 Vennakkodu Edavalath Kanjirathingal road, chatha * അവസാന തീയതി : 15-Sep-2025 * അടങ്കൽ : ₹ 847409

ദർഘാസ് : 2025_CRD_792047_11 * Block Development Officer * MLASDF 2025-26-Cheeluparamb Meethale Koyyal Road- Narippatta * അവസാന തീയതി : 16-Sep-2025 * അടങ്കൽ : ₹ 508462

ദർഘാസ് : 2025_CRD_792047_9 * Block Development Officer * Flood-2024-25-Thalappoyil Banglat Chunda Road-Narippatta Gra * അവസാന തീയതി : 16-Sep-2025 * അടങ്കൽ : ₹ 847434

ദർഘാസ് : 2025_CRD_792047_8 * Block Development Officer * Flood-2024-25-Thoovattapoyil Moyilothara Road-Maruthomkara G * അവസാന തീയതി : 16-Sep-2025 * അടങ്കൽ : ₹ 846516

ദർഘാസ് : 2025_CRD_795310_2 * Block Development Officer * NCFRW Puthukodu Ambalam Road * അവസാന തീയതി : 19-Sep-2025 * അടങ്കൽ : ₹ 846815

ദർഘാസ് : 2025_CRD_795103_1 * Block development officer * Construction of Anganwadi at Kunnuparambu, Ward 2 in Vandazh * അവസാന തീയതി : 23-Sep-2025 * അടങ്കൽ : ₹ 2000000

ദർഘാസ് : 2025_CRD_795221_1 * Block Development Officer * fish net for marine plywood boats * അവസാന തീയതി : 18-Sep-2025 * അടങ്കൽ : ₹ 2000000

വിശദവിവരങ്ങൾ https://etenders.kerala.gov.in സന്ദർശിക്കുക
Ro.No: 08-10/Sep/2025/PRD/6



വാരാണസി സന്ദർശനത്തിനായി ലാൽ ബഹാദൂർ ശാസ്ത്രി അന്താരാഷ്ട്ര വിമാനത്താവളത്തിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ഗവർണർ ആനന്ദിബെൻ പട്ടേൽ, മുഖ്യമന്ത്രി യോഗി ആദിത്യനാഥ് എന്നിവർസ്വീകരിക്കുന്നു

# സ്വാമി വിവേകാനന്ദന്റെ ചിക്കാഗോ പ്രസംഗം; പ്രചോദനാത്മകമായ നിമിഷം: പ്രധാനമന്ത്രി




ലോകമത സമ്മേളനവേദിയിൽ സ്വാമി വിവേകാനന്ദൻ

**ന്യൂദൽഹി:** സ്വാമി വിവേകാനന്ദൻ ചിക്കാഗോയിലെ ലോകമതപാർലമെന്റിൽ നടത്തിയ ചരിത്രപ്രസിദ്ധമായ പ്രസംഗത്തിന്റെ 132-ാം വാർഷികദിനത്തിൽ പ്രസംഗം പങ്കുവെച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. 1893 സെപ്തംബർ 11ന് ചിക്കാഗോയിൽ സ്വാമി വിവേകാനന്ദൻ നടത്തിയ പ്രസംഗം ഒരു നിർണായക നിമിഷമായി കണക്കാക്കപ്പെടുന്നുവെന്ന് പ്രസംഗം പങ്കുവെച്ച് പ്രധാനമന്ത്രി സാമൂഹ്യമാധ്യമമായ എക്സിൽ കുറിച്ചു.

ഐക്യത്തിനും സാർവത്രിക സാഹോദര്യത്തിനും ഊന്നൽ നൽകി ലോകവേദിയിൽ ഭാരത സംസ്കാരത്തിന്റെ ആദർശങ്ങളെക്കുറിച്ച് അദ്ദേഹം ആവേശത്തോടെ സംസാരിച്ചു. നമ്മുടെ ചരിത്രത്തിൽ ഏറ്റവും ആഘോഷിക്കപ്പെട്ടതും പ്രചോദനാത്മകവുമായ നിമിഷങ്ങളിൽ ഒന്നായിരുന്നു അതെന്നും പ്രധാനമന്ത്രി കുറിച്ചു. സ്വാമി വിവേകാനന്ദന്റെ പ്രസംഗം ഉൾക്കൊള്ളുന്ന ബേലൂർ മഠത്തിന്റെ വെബ്സൈറ്റിന്റെ ലിങ്കാണ് കുറിപ്പിനൊപ്പം പങ്കുവെച്ചത്.

## ആചാര്യ വിനോബ ഭാവെയ്ക്ക് ശ്രദ്ധാഞ്ജലി



**ന്യൂദൽഹി:** ആചാര്യ വിനോബ ഭാവെയുടെ ജന്മദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ഭാരതത്തിലെ ഏറ്റവും ആദരണീയരായ ആത്മീയ നേതാക്കളിലും സ്വാതന്ത്ര്യ സമരസേനാനികളിലും സാമൂഹിക പരിഷ്കർത്താക്കളിലും ഒരാളായി അദ്ദേഹം ഓർമിക്കപ്പെടുന്നുവെന്ന് പ്രധാനമന്ത്രി കുറിച്ചു.

ഗാന്ധിയൻ ആദർശങ്ങൾ പ്രചരിപ്പിക്കുന്നതിനും പാർശ്വവൽകരിക്കപ്പെട്ടവരെ ശാക്തീകരിക്കുന്നതിനുമായി അദ്ദേഹം തന്റെ ജീവിതം സമർപ്പിച്ചു. ഒരു വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിൽ അദ്ദേഹത്തിന്റെ ചിന്തകൾ നമ്മെ വളരെയധികം പ്രചോദിപ്പിക്കുന്നതായും പ്രധാനമന്ത്രി എക്സിലെ കുറിപ്പിൽ കൂട്ടിച്ചേർത്തു.

# കുൽമൻ ഘിസിങ് നേപ്പാളിൽ ഇടക്കാല പ്രധാനമന്ത്രിയാകും

**കാഠ്മണ്ഡു:** നേപ്പാളിൽ സംഘർഷങ്ങൾ തുടരുന്നതിനിടെ ഇടക്കാല പ്രധാനമന്ത്രിയായി കുൽമൻ ഘിസിങ് ചുമതലയേൽക്കും. പ്രധാനമന്ത്രിയായിരുന്ന കെ.പി. ശർമ ഒലി രാജിവെച്ചതിനെ തുടർന്നാണിത്. നേപ്പാൾ വൈദ്യുതി ബോർഡ് മുൻ ചെയർമാനാണ് ഈ 54 കാരൻ.

പ്രധാനമന്ത്രിയും മറ്റ് മന്ത്രിമാരും രാജിവെച്ചൊഴിഞ്ഞതിനെ തുടർന്ന് ഇടക്കാല സർക്കാർ രൂപീകരണത്തിനായി നേപ്പാളിൽ തിരക്കിട്ട ചർച്ചകൾ നടന്നുവരികയാണ്. കാഠ്മണ്ഡു മേയർ ബാലേന്ദ്ര ഷാ, നേപ്പാൾ സുപ്രീംകോടതി മുൻ ചീഫ് ജസ്റ്റിസ് സുശീല കർക്കി എന്നിവരുടെ പേരുകളും പ്രധാനമന്ത്രി സ്ഥാനത്തേക്ക് പരിഗണിക്കപ്പെട്ടിരുന്നെങ്കിലും അവസാനം കുൽമനെ ഏകകണ്ഠമായി തെരഞ്ഞെടുക്കുകയായിരുന്നു.

ബാലേന്ദ്രയുടെ പേരാണ് ജെൻ സി പ്രതിഷേധക്കാർ ആദ്യം മുന്നോട്ടുവെച്ചത്. എന്നാൽ അദ്ദേഹം പ്രധാനമന്ത്രിപദം ഏറ്റെടുക്കാൻ വിസമ്മതിക്കുകയായിരുന്നു. മുൻ ചീഫ് ജസ്റ്റിസ് സുശീലയ്ക്ക് വേണ്ടിയും ചർച്ചകൾ നടന്നെങ്കിലും മുൻ ജഡ്ജിമാർ പ്രധാനമന്ത്രിയാകുന്നതിനെ പലരും എതിർത്തതോടെ കുൽമനെ നിശ്ചയിക്കുകയായിരുന്നു.

നേപ്പാൾ ജനതയെ അലട്ടിക്കൊണ്ടിരുന്ന വൈദ്യുതി പ്രതിസന്ധി പരിഹരിച്ചത് കുൽമനാണ്. അതുകൊണ്ടുതന്നെ യുവാക്കൾക്കിടയിൽ അദ്ദേഹത്തിന് വലിയ സ്വീകാര്യതയാണ്. ഇടക്കാല പ്രധാനമന്ത്രിയായി ജെൻ സി പ്രതിഷേധക്കാർ കുൽമനെ സ്വാഗതം ചെയ്തിട്ടുണ്ട്. ദേശസ്നേഹി എന്നാണ് അവർ അദ്ദേഹത്തെ വിശേഷിപ്പിച്ചതും.



കുൽമൻ ഘിസിങ്

1979 നവംബർ 25ന് ബേതാനിലാണ് കുൽമന്റെ ജനനം. പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം ഭാരതത്തിലെത്തിയ അദ്ദേഹം ജംഷഡ്പൂരിലെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്ന് ഇലക്ട്രിക്കൽ എൻജിനീയറിങ്ങിൽ ബിരുദം കരസ്ഥമാക്കിയതിന് ശേഷമാണ് നേപ്പാൾ വൈദ്യുതി ബോർഡിൽ എൻജിനീയറായി സേവനം ആരംഭിച്ചത്.

# നേപ്പാളിലെ അക്രമങ്ങൾ ഹൃദയഭേദകം: നരേന്ദ്ര മോദി

**ന്യൂദൽഹി:** ജെൻ സി പ്രക്ഷോഭത്തിനിടെ നേപ്പാളിൽ അരങ്ങേറിയ അക്രമങ്ങൾ ഹൃദയഭേദകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. നേപ്പാളിലെ യുവാക്കളുടെ ജീവൻ നഷ്ടപ്പെട്ടതിൽ ദുഃഖം പ്രകടിപ്പിച്ച പ്രധാനമന്ത്രി, രാജ്യത്ത് സമാധാനം പുനസ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടു.

നേപ്പാളിന്റെ സ്ഥിരത, സമാധാനം, സമൃദ്ധി എന്നിവയ്ക്ക് വളരെയധികം പ്രാധാന്യമുണ്ട്. സമാധാനത്തെ പിന്തുണയ്ക്കാൻ നേപ്പാളിലെ പൗരന്മാരോടും മോദി എക്സിലൂടെ അഭ്യർത്ഥിച്ചു. നേപ്പാളിലെ സംഭവ വികാസങ്ങളും സുരക്ഷയും ചർച്ച ചെയ്യുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ഇന്നലെ അടിയന്തിര ക്യാബിനറ്റ് യോഗവും ചേർന്നു. നേപ്പാളിലെ സ്ഥിതിഗതികൾ ശാന്തമാകുന്നതുവരെ പൗരന്മാർ അങ്ങോട്ടേയ്ക്കുള്ള യാത്രകൾ തത്കാലത്തേയ്ക്ക് മാറ്റിവെക്കണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ നേപ്പാളിലുള്ള സുരക്ഷിത സ്ഥാനങ്ങളിൽ അവിടെ തുടരണം. ജാഗ്രത പുലർത്തണം. ഇവരെ തിരിച്ചെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നും കേന്ദ്ര സർക്കാർ അറിയിച്ചു.

നേപ്പാൾ അധികൃതരിൽ നിന്നും കാഠ്മണ്ഡുവിലെ ഭാരത എംബസിയിൽ നിന്നുമുള്ള നിർദേശങ്ങൾ പാലിക്കണം. സഹായം ആവശ്യമെങ്കിൽ കാഠ്മണ്ഡുവിലെ ഭാരത എംബസിയുടെ ഹെൽപ് ലൈൻ നമ്പറുകളും കേന്ദ്ര സർക്കാർ പുറത്തുവിട്ടിട്ടുണ്ട്. +977 980 860 2881, +977 981 032 6134 നേപ്പാളിലെ ഭാരതീയർക്ക് ഈ നമ്പറുകളിൽ ബന്ധപ്പെടാം.

## കാഠ്മണ്ഡു വിമാനത്താവളം തുറന്നു

**കാഠ്മണ്ഡു:** പ്രക്ഷോഭത്തെ തുടർന്ന് അടച്ചിട്ട കാഠ്മണ്ഡുവിലെ ത്രിഭുവൻ രാജ്യാന്തര വിമാനത്താവളം തുറന്നു. ബുധനാഴ്ച വൈകിട്ടോടെ വിമാനത്താവളത്തിന്റെ പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്. വിമാനത്താവളം തുറന്നതിനെ തുടർന്ന് സർവീസുകൾ പുനരാരംഭിച്ചതായി ഇൻഡിഗോ അറിയിച്ചു. എയർ ഇന്ത്യയും സർവീസ് ആരംഭിച്ചു. ടിക്കറ്റ് ബുക്കിങ് തുടങ്ങി. 17 വരെ നേപ്പാളിലേക്കും തിരിച്ചും ടിക്കറ്റ് ബുക്ക് ചെയ്തവർക്കു യാത്ര സൗജന്യമായി പുനഃക്രമീകരിക്കാമെന്നും എയർ ഇന്ത്യ അറിയിച്ചു.

## രണ്ട് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നാളെ ആസാമിലെത്തും

**വാരാണസി:** പ്രധാനമന്ത്രി നരേന്ദ്രമോദി 13,14 തീയതികളിൽ ആസാം സന്ദർശിക്കും. 18,000 കോടി രൂപയുടെ പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നിർവഹിക്കും. നാളെ ഗുവാഹത്തി ഖാനപാറ വെറ്ററിനറി കോളജ് ഫീൽഡിൽ നടക്കുന്ന ഭാരതരത്ന ഡോ. ഭൂപൻ ഹസാരികയുടെ ജന്മശതാബ്ദിആഘോഷ പരിപാടിയിൽ മുഖ്യാതിഥിയായി പ്രധാനമന്ത്രി പങ്കെടുക്കും. ഡോ. ഹസാരികയുടെ ചിത്രം ആലേഖനം ചെയ്ത നാണയവും ചടങ്ങിൽ മോദി പുറത്തിറക്കും.

14ന് മംഗൾഡോയിയിൽ എത്തുന്ന പ്രധാനമന്ത്രി 567 കോടി രൂപ ചെലവിൽ നിർമിക്കുന്ന ദരംഗ് മെഡിക്കൽ കോളജ്, നഴ്സിങ് കോളജ്, ജിഎൻഎം സ്കൂൾ എന്നിവയുടെ തറക്കല്ലിടൽ, ബ്രഹ്മപുത്ര നദിക്ക് കുറുകെ നരേംഗിയെ കുറുവയുമായി ബന്ധിപ്പിക്കുന്ന പുതിയ പാലത്തിന്റെയും ഗുവാഹത്തി റിങ് റോഡിനും തറക്കല്ലിടും. 5000 കോടി രൂപ ചെലവിൽ രാജ്യത്തെ ആദ്യത്തെ മുള അധിഷ്ഠിത ബയോ റിഫൈനറിയുടെ ഉദ്ഘാടനവും അദ്ദേഹം നിർവഹിക്കും. ശേഷം ജോർഹട്ട് വിമാനത്താവളത്തിൽ നിന്ന് പ്രധാനമന്ത്രി കൊൽക്കത്തയിലേക്ക് പോകും.

## ട്രംപ് അനുയായി ചാർളി കിർക്ക് വെടിയേറ്റ് മരിച്ചു



**വാഷിങ്ടൺ:** പ്രമുഖ മാധ്യമപ്രവർത്തകനും ഡൊണാൾഡ് ട്രംപിന്റെ അനുയായിയുമായ ചാർളി കിർക്ക് വെടിയേറ്റ് മരിച്ചു. യുട്ടാ വാലി സർവകലാശാലയിൽ നടന്ന പരിപാടിയിലാണ് സംഭവം.

യൂട്ടാ വാലി യൂണിവേഴ്സിറ്റിയിൽ ടേണിങ് പോയിന്റ് യുഎസ്എ സംഘടിപ്പിച്ച സംവാദത്തിൽ സംസാരിക്കവേ മേൽക്കൂരയിൽ നിന്ന് വെടിയേൽക്കുകയായിരുന്നു. വെടിയേൽക്കുന്നതിന് മുൻപ് കൂട്ട വെടിവെപ്പുകളെ കുറിച്ചും, തോക്ക് ആക്രമണങ്ങളെക്കുറിച്ചുമുള്ള ചോദ്യങ്ങൾക്ക് മറുപടി നൽകുകയായിരുന്നു അദ്ദേഹം. 31 വയസായിരുന്നു. പരിപാടിയിലെ മറ്റാർക്കും അപകടമുണ്ടായില്ല. പ്രതി ഒളിവിലാണ്. കിർക്ക് യുഎസിലെ ഏറ്റവും പ്രമുഖ യാഥാസ്ഥിതിക പ്രവർത്തകനും മാധ്യമപ്രവർത്തകനുമാണ്. ടേണിങ് പോയിന്റ് എന്ന അഭിഭാഷക ഗ്രൂപ്പിന്റെ സഹസ്ഥാപകനുമായിരുന്നു അദ്ദേഹം.

## ഐഎസ് ബന്ധമുള്ള അഞ്ച് ഭീകരർ പിടിയിൽ



**ന്യൂദൽഹി:** രാജ്യത്തിന്റെ വിവിധ സ്ഥലങ്ങളിലായി നടത്തിയ തെരച്ചിലിൽ ഐഎസ് ബന്ധമുള്ള അഞ്ച് ഭീകരർ പിടിയിൽ. ദൽഹി പോലീസ് സ്പെഷൽ സെല്ലും കേന്ദ്ര ഏജൻസികളും സംയുക്തമായി നടത്തിയ തെരച്ചിലിലാണ് ഇവരെ പിടികൂടിയത്. ഇവർക്ക് ഐഎസുമായി ബന്ധമുള്ളതിന്റെ തെളിവുകളും അന്വേഷണ സംഘത്തിന് ലഭിച്ചിട്ടുണ്ട്.

ന്യൂദൽഹി, മുംബൈ, ഝാർഖണ്ഡ്, മധ്യപ്രദേശ്, ഹൈദരാബാദ് എന്നിവിടങ്ങളിലാണ് അന്വേഷണ സംഘം തെരച്ചിൽ നടത്തിയത്. മുംബൈ സ്വദേശികളായ അഫ്താബ്, സുഫിയാൻ എന്നീ ഭീകരരെ ദൽഹിയിൽ നിന്നാണ് പിടികൂടിയത്. മുംബൈയിലെ ഇവരുടെ ഒളിത്താവളങ്ങളിൽ നടത്തിയ തെരച്ചിലിൽ ആയുധങ്ങളും സ്ഫോടക വസ്തുക്കളും കണ്ടെടുത്തിട്ടുണ്ട്. റാഞ്ചി, മധ്യപ്രദേശ്, ഹൈദരാബാദ് എന്നിവിടങ്ങളിൽ നിന്നും ഓരോരുത്തരെ വീതവും പ്രത്യേക സംഘം പിടികൂടിയിട്ടുണ്ട്.

യുവാക്കളെ ഭീകര പ്രവർത്തനങ്ങളിൽ ചേർക്കുന്നതിനായി സ്ലീപ്പർ സെല്ലായാണ് ഇവർ പ്രവർത്തിച്ചത്. ഇവർക്ക് ബോംബ് നിർമാണത്തിൽ പരിശീലനം ലഭിച്ചിരുന്നു. രാജ്യത്ത് പലയിടത്തും സ്ഫോടനത്തിനും ഇവർ പദ്ധതിയിട്ടിരുന്നതായും അന്വേഷണ സംഘം അറിയിച്ചു.

# പ്രധാനമന്ത്രിയുടെ 75-ാം ജന്മദിനം; വിപുലമായ സേവന പ്രവർത്തനങ്ങളുമായി ബിജെപി

**ന്യൂദൽഹി:** പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ 75-ാം ജന്മദിനത്തോടനുബന്ധിച്ച് രാജ്യമെങ്ങും വിപുലമായ സേവന പ്രവർത്തനങ്ങളുമായി ബിജെപി. ജന്മദിനമായ 17 മുതൽ മഹാത്മാഗാന്ധിയുടെയും ലാൽ ബഹദൂർ ശാസ്ത്രിയുടെയും ജയന്തിദിനമായ ഒക്ടോബർ രണ്ട് വരെ വികസിതവും സ്വാശ്രയവുമായ ഭാരതമെന്ന ആഹ്വാനത്തോടെ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും സജീവപങ്കാളിത്തം ഉറപ്പാക്കി കൊണ്ടാകും പരിപാടികൾ സംഘടിപ്പിക്കുകയെന്ന് കേന്ദ്രമന്ത്രി ഭൂപേന്ദ്ര യാദവും ബിജെപി ദേശീയ ജനറൽ സെക്രട്ടറി സുനിൽ ബൻസാലും വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

സേവനം, ശുചിത്വം, സ്വാശ്രയത്വം, രാഷ്ട്രനിർമാണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചാണ് പരിപാടികൾ. രാജ്യമെമ്പാടും വലിയ തോതിലുള്ള രക്തദാന ക്യാമ്പുകൾ, ആരോഗ്യ പരിശോധന ക്യാമ്പുകൾ, വിപുലമായ ശുചീ കരണ പ്രവർത്തനങ്ങൾ, പരിസ്ഥിതി സംരക്ഷണ കാമ്പ യിൻ, പ്രദർശനങ്ങൾ, സംവാദങ്ങൾ, സമ്മേളനങ്ങൾ, വിശിഷ്ട വ്യക്തികളെ ആദരിക്കൽ, ദിവ്യാംഗർക്ക് സഹായ ഉപകരണ വിതരണം, 75 കേന്ദ്രങ്ങളിൽ യുവമോർച്ച നമോ യുവ റൺ കൂട്ടയോട്ടം, കായികമേളകൾ, ചിത്രരചനാ മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കും.

മോദിയുടെ ജീവിതത്തെയും നേട്ടങ്ങളെയും കുറിച്ചുള്ള പ്രദർശനങ്ങൾ എല്ലാ ജില്ലകളിലും സംഘടിപ്പിക്കും. പ്രമുഖവ്യക്തികൾ പങ്കെടുക്കുന്ന സംവാദങ്ങളും സമ്മേളനങ്ങളും സംഘടിപ്പിക്കും. വിവിധ സംസ്ഥാനങ്ങളിലായി 771 സംവാദ പരിപാടികളാണ് സംഘടിപ്പിക്കുക. 21 മുതൽ ഡിസംബർ വരെ കായിക മേളകൾ സംഘടിപ്പിക്കും. പണ്ഡിറ്റ് ദീൻദയാൽ ഉപാധ്യായ ജയന്തിയോടനുബന്ധിച്ച് രാജ്യമെമ്പാടും സ്വാശ്രയ ഭാരതം- വികസിത ഭാരതം കാമ്പയിൻ ആരംഭിക്കും. സ്വദേശി ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി, ജില്ലകളിൽ വോക്കൽ ഫോർ ലോക്കൽ പ്രദർശനങ്ങൾ, മേളകൾ എന്നിവ സംഘടിപ്പിക്കും. ഈ കാമ്പയിൻ ഡിസംബർ 25 വരെ തുടരും.



അമ്മയുടെ പേരിൽ ഒരു മരം പദ്ധതി ഈ മാസം 25 മുതൽ വ്യാപകമായി പുനരാരംഭിക്കും. രാജ്യത്തുടനീളം വൃക്ഷത്തൈകൾ നടുന്നതും നഗരവനങ്ങളും പാർക്കുകളും സൃഷ്ടിക്കുന്നതും ഇതിൽ ഉൾപ്പെടും. സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ, പരിസ്ഥിതി സംരക്ഷണത്തിനായുള്ള ഒരു രാജ്യവ്യാപക പ്രസ്ഥാനമായി മാറ്റാനാണ് പദ്ധതി.

നരേന്ദ്രമോദി രാഷ്ട്രീയത്തിൽ സേവനത്തെ ശക്തമായ അടിത്തറയായി സ്ഥാപിച്ചതായി ഭൂപേന്ദ്രയാദവ് പറഞ്ഞു. എല്ലാ പ്രതിസന്ധിഘട്ടങ്ങളിലും ജനങ്ങളെ പ്രചോദിപ്പിച്ചു, പാവപ്പെട്ടവർക്കുള്ള ക്ഷേമ പദ്ധതികൾ താഴെത്തട്ടിലേക്ക് എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തി, ഭരണത്തിൽ സുതാര്യത വർധിപ്പിച്ചു, രാജ്യത്തുടനീളം ശുചിത്വസന്ദേശം പ്രചരിപ്പിച്ചു. നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ, ശുചിത്വം, ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം എന്നിവയിൽ രാജ്യം ആഗോള മാതൃക സൃഷ്ടിച്ചു. ഇന്ന് ഒഡിഎഫ് പ്ലസിലേക്ക് അതിവേഗം പുരോഗമിക്കുന്നു, അതേസമയം ശുദ്ധജലവും ശുചിത്വ സൗകര്യങ്ങളും ഗ്രാമപ്രദേശങ്ങളിലേക്ക് പോലും എത്തുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## റഷ്യൻ സൈന്യത്തിൽ ചേരാനുള്ള തീരുമാനത്തിൽനിന്നും പിന്മാറണം; മുന്നറിയിപ്പുമായി കേന്ദ്രം

**ന്യൂദൽഹി:** ഭാരതീയർ റഷ്യൻ സൈന്യത്തിൽ ചേരുന്നതിനെതിരേ മുന്നറിയിപ്പുമായി കേന്ദ്ര വിദേശകാര്യമന്ത്രാലയം. അടുത്തിടെ റഷ്യൻ സൈന്യത്തിലേക്ക് ഭാരതീയരെ റിക്രൂട്ട് ചെയ്തതായി വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ ഒളിഞ്ഞിരിക്കുന്ന അപകടങ്ങളും വിഷമതകളും പൗരന്മാർ മനസിലാക്കണമെന്നും വിദേശകാര്യ സെക്രട്ടറി രൺദീപ് ജയ്സ്വാൾ എക്സിലൂടെ അറിയിച്ചു.

റഷ്യയിലേക്ക് പോയ ഭാരതീയരിൽ പലരും ഉക്രൈനെതിരേയുള്ള യുദ്ധത്തിൽ റഷ്യൻ സൈന്യത്തിനു വേണ്ടി പ്രവർത്തിക്കുന്നുണ്ട്. ഇവർ അഭിമുഖീകരിക്കേണ്ടി വന്ന വിഷമതകളെക്കുറിച്ച് കഴിഞ്ഞ ഒരുവർഷത്തിനിടെ ഭാരതം പലതവണ മുന്നറിയിപ്പ് നൽകി. വളരെ അപകടം നിറഞ്ഞതാണിത്. അതിനാൽ റഷ്യൻ സൈന്യത്തിൽ ചേരാനുള്ള തീരുമാനത്തിൽനിന്നും പിന്മാറണമെന്നും ജയ്സ്വാൾ അറിയിച്ചു. കൺസ്ട്രക്ഷൻ മേഖലയിൽ ജോലി വാഗ്ദാനം ചെയ്ത് റഷ്യയിലെത്തിയ രണ്ട് ഭാരതീയരെ ഉക്രൈനിൽ യുദ്ധത്തിനായി കൊണ്ടപോയെന്ന റിപ്പോർട്ടുകളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

പതിമൂന്നോളം ഭാരതീയർ കിഴക്കൻ ഉക്രൈനിലെ യുദ്ധമുഖത്ത് എത്തിയതായി യുവാക്കൾ ഫോൺമുഖാന്തരം അറിയിച്ചിട്ടുണ്ട്. ഇവരുടെ കുടുംബങ്ങളുമായി കേന്ദ്രം ബന്ധപ്പെടുന്നുണ്ട്. ഇവരുടെ മോചനത്തിനായി ദൽഹിയിലേയും മോസ്കോയിലേയും റഷ്യൻ അധികൃതരുമായി ചർച്ച നടത്തിവരികയാണെന്നും ജയ്സ്വാൾ കൂട്ടിച്ചേർത്തു.

# ധർമസ്ഥല ഗൂഢാലോചന; മലക്കംമറിഞ്ഞ് മനാഫ്

### മൊഴിയും തെളിവുകളും കള്ളം

**ബെംഗളൂരു:** ധർമസ്ഥല ക്ഷേത്രത്തിനെതിരായ ഗൂഢാലോചന കേസിൽ വീണ്ടും നിർണായക വഴിത്തിരിവ്. കേസുമായി ബന്ധപ്പെട്ട് സമർപ്പിച്ച തെളിവുകളും മൊഴികളും കൃത്രിമമെന്ന് ലോറിയുടമ മനാഫ് ചോദ്യം ചെയ്യലിൽ സമ്മതിച്ചു. ഇതോടെ വൻ ഗൂഢാലോചനയുടെ ചുരുളഴിയുകയാണ്.

ധർമസ്ഥല ആക്ഷൻ കമ്മിറ്റി അംഗമായ മനാഫിനെ കഴിഞ്ഞ മൂന്ന് ദിവസമായി പ്രത്യേക അന്വേഷണ സംഘം ചോദ്യം ചെയ്യുകയായിരുന്നു. ധർമസ്ഥലയ്ക്കെതിരെ വ്യാജപരാതി ഉന്നയിച്ച മുൻ ശുചീകരണതൊഴിലാളി ചിന്നയ്യയുടെ അറസ്റ്റിനെ തുടർന്നാണ് കേസിൽ സാക്ഷികളായ മനാഫ് ഉൾപ്പെടെയുള്ളവർ സംശയത്തിന്റെ നിഴലിലാകുന്നത്. പൊതുജനങ്ങൾക്കിടയിൽ വിശ്വാസ്യത ഉണ്ടാക്കാൻ വ്യാജതെളിവുകൾ സൃഷ്ടിക്കുകയായിരുന്നു കേസിലെന്ന് അന്വേഷണ സംഘം വ്യക്തമാക്കി.

ധർമസ്ഥലയിൽ വെച്ച് മകളെ കാണാനില്ലെന്ന വ്യാജ പരാതി നൽകിയ സുജാത ഭട്ടിനെ വിശ്വസിച്ചത് അബദ്ധമായെന്നും അവർ പറഞ്ഞതൊക്കെ കള്ളം ആയിരുന്നെന്നും പ്രത്യേക അന്വേഷണസംഘത്തോട് മനാഫ് വെളിപ്പെടുത്തി. ധർമസ്ഥലയിൽ നടന്നത് നാടിനെ നടുക്കുന്ന സംഭവങ്ങളാണെന്നും മലയാളി പെൺകുട്ടികൾ അടക്കം നാനൂറോളം പേരെ ബലാത്സംഗം ചെയ്തു കൊന്നു കുഴിച്ചുമൂടിയെന്നുമായിരുന്നു മനാഫ് ഉൾപ്പെടെയുള്ളവരുടെ ആരോപണം. എന്നാൽ ഹാജരാക്കിയ തെളിവുകൾ വ്യാജമാണെന്ന് കണ്ടെത്തിയതോടെ സാക്ഷികൾ മലക്കം മറിയുകയായിരുന്നു.

അതേസമയം തനിക്ക് ആരെയും സംരക്ഷിക്കാൻ ഇല്ലെന്ന് മനാഫ് പറഞ്ഞു. ചിലർ നടത്തിയ നാടകം കേസിനെ ബാധിക്കുമെന്ന് ആശങ്കയുണ്ട്. ചില കള്ളനാണയങ്ങൾ സംഭവത്തിൽ ഉൾപ്പെട്ടു. തനിക്ക് അറിയാവുന്ന കാര്യങ്ങൾ അന്വേഷണസംഘത്തോട് പറഞ്ഞുവെന്നും ആരെയും സംരക്ഷിക്കാൻ ഇല്ലെന്നും മനാഫ് വ്യക്തമാക്കി. പ്രത്യേക അന്വേഷണ സംഘത്തിന് മുന്നിൽ ഹാജരായ മനാഫ് ഉഡുപ്പി പോലീസിന് മുന്നിൽ ഹാജരാകാതെ നാട്ടിലേയ്ക്ക് മടങ്ങി. മനാഫിനെതിരെ ഭാരതീയ ന്യായസംഹിതയിലെ 299-ാം വകുപ്പ് ചുമത്തി ഉഡുപ്പി ടൗൺ പോലീസ് എഫ്ഐആർ ഇട്ടിട്ടുണ്ട്. ധർമസ്ഥലയിലെ കൂട്ടക്കൊല ആരോപണവുമായി ബന്ധപ്പെട്ട് നിരവധി വീഡിയോകൾ മനാഫ് പങ്കുവച്ചിരുന്നു.

കുഴിച്ചിട്ട മൃതദേഹത്തിന്റെ അസ്ഥിയടക്കം പോലീസ് സ്റ്റേഷനിൽ ഹാജരാക്കിയായിരുന്നു ശുചീകരണ തൊഴിലാളിയായ സി.എൻ. ചിന്നയ്യ പോലീസിൽ പരാതി നൽകിയത്. ഇതിന് പിന്നാലെയാണ് ധർമസ്ഥലയിൽ നിരവധി പേരെ കാണാതായതായി പരാതികളും ആരോപണങ്ങളും ഉയർന്നത്. പിന്നീടുള്ള അന്വേഷണത്തിൽ ചിന്നയ്യ ഹാജരാക്കിയ തലയോട്ടി ഉൾപ്പെടെയുള്ള തെളിവുകൾ വ്യാജമാണ് എന്നായിരുന്നു എസ്ഐടി അന്വേഷണത്തിൽ കണ്ടെത്തി.

മൊഴി അനുസരിച്ച് ധർമസ്ഥലയിലെ വിവിധയിടങ്ങളിൽ കുഴിയെടുത്ത് പരിശോധന നടത്തിയെങ്കിലും രണ്ടിടങ്ങളിൽ നിന്ന് മാത്രമാണ് അസ്ഥികൾ ലഭിച്ചത്. ആഗസ്ത് 23ന് ചിന്നയ്യയെ പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്തിരുന്നു.

## ശബരിമലയിലെ സ്വർണപാളി: പുനഃപരിശോധനാ ഹർജി നൽകി

**കൊച്ചി:** ശബരിമല ക്ഷേത്രത്തിലെ ശ്രീകോവിലിന്റെ ഇരുവശത്തുമുള്ള ദ്വാരപാലക വിഗ്രഹങ്ങളുടെ സ്വർണം പൂശിയ ആവരണങ്ങൾ ചെന്നൈയിൽ നിന്ന് സന്നിധാനത്തേക്ക് തിരികെ നൽകണമെന്ന കോടതിയുടെ മുൻ ഉത്തരവ് പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡ് (ടിഡിബി) ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചു. ജസ്റ്റിസ് വി. രാജ വിജയരാഘവൻ, ജസ്റ്റിസ് കെ. വി. ജയകുമാർ എന്നിവരടങ്ങുന്ന ദേവസ്വം ബെഞ്ച് ഇന്ന് പുനഃപരിശോധനാ ഹർജി പരിഗണിക്കും.

## ലോട്ടറി വില വർദ്ധിപ്പിക്കില്ലെന്ന് കെ.എൻ. ബാലഗോപാൽ

**ന്യൂദൽഹി:** സംസ്ഥാനത്ത് ലോട്ടറിയുടെ വില വർദ്ധിപ്പിക്കില്ലെന്ന് ധനമന്ത്രി കെ.എൻ. ബാലഗോപാൽ. നിലവിൽ ലോട്ടറിയുടെ വില വർദ്ധിപ്പിക്കില്ലെന്നും സമ്മാനത്തുകയിലും വലിയ കുറവ് വരുത്തില്ലെന്നും മന്ത്രി ന്യൂദൽഹി കേരളഹൗസിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. വില വർദ്ധിപ്പിക്കുന്നത് രണ്ട് ലക്ഷം പേരെയാണ് ബാധിക്കുക. നഷ്ടം സർക്കാർ ഉൾപ്പെടെയുള്ളവർ പരിഹരിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

## ഓസ്ട്രേലിയൻ സെനറ്ററെ പുറത്താക്കി

**സിഡ്നി:** ഭാരതീയ കുടിയേറ്റത്തേക്കുറിച്ച് മോശം പരാമർശം നടത്തുകയും പിന്നീട് തിരുത്താൻ വിസമ്മതിക്കുകയും ചെയ്ത സെനറ്ററെ പുറത്താക്കി. ഓസ്ട്രേലിയയിലെ ഭാരത സമൂഹത്തെക്കുറിച്ച് ആശങ്കകൾ ഉണ്ടെന്നും ലേബർ പാർട്ടി നയിക്കുന്ന പ്രധാനമന്ത്രി ആന്റണി അൽബനീസിന് അതുകൊണ്ട് പ്രയോജനമുള്ളതിനാലാണ് ഭാരതീയർക്ക് വലിയ തോതിൽ കുടിയേറ്റത്തിന് അനുമതി നൽകുന്നത് എന്നുമായിരുന്നു ജെസിന്ത നമ്പിജിൻപ പ്രൈസിന്റെ പരാമർശം. മധ്യ വലതുപക്ഷ ലിബറൽ പാർട്ടിയുടെ സെനറ്ററായ ജസിന്ത നമ്പിജിൻപ പ്രൈസാണ് റേഡിയോ അഭിമുഖത്തിനിടെ ഭാരതീയ കുടിയേറ്റക്കാർക്കെതിരെ രൂക്ഷ പരാമർശം നടത്തിയത്.

## ന്യൂനപക്ഷങ്ങളെയും കൂടെ നിർത്തണം; വിശ്വാസ സംഗമവുമായി സർക്കാർ

**തിരുവനന്തപുരം:** അയ്യപ്പസംഗമത്തിന് പിന്നാലെ ക്രിസ്ത്യൻ മുസ്ലിം വിഭാഗങ്ങളെ കൂടെ നിർത്താൻ ന്യൂനപക്ഷ സംഗമം സംഘടിപ്പിക്കാനൊരുങ്ങി സംസ്ഥാന സർക്കാർ. വിഷൻ 2031 എന്ന പേരിൽ കൊച്ചിയിൽ വെച്ച് ന്യൂനപക്ഷ ക്ഷേമം ലക്ഷ്യമാക്കി ചർച്ചകൾക്ക് വേദിയൊരുക്കാനാണ് സർക്കാർ നീക്കം. ക്രിസ്ത്യൻ- മുസ്ലിം മത വിഭാഗങ്ങളിൽപ്പെട്ട 1500 പേരെ വീതം സംഘടിപ്പിക്കാനാണ് ശ്രമം നടത്തുന്നത്.

ക്രിസ്ത്യൻ വിഭാഗത്തെ സംഘടിപ്പിക്കാനുള്ള ചുമതല കെ.ജെ. മാക്സി എംഎൽഎയ്ക്ക് എന്ന് സൂചനയുണ്ട്. ഇതുമായി ബന്ധപ്പെട്ട് ന്യൂനപക്ഷങ്ങളിലെ വിവിധ വിഭാഗങ്ങളുമായി ആശയവിനിമയം നടത്താനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു കഴിഞ്ഞതായാണ് വിവരം. സിപിഎമ്മിലെ ക്രിസ്ത്യൻ മുസ്ലിം വിഭാഗത്തിലെ എംഎൽഎമാരോട് മതാചാര്യന്മാരുമായി ആശയം വിനിമയം നടത്താൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആഗോള അയ്യപ്പസംഗമം പോലെ മറ്റ് മതവുമായി ബന്ധപ്പെട്ട് വിശ്വാസികളെ സംഘടിപ്പിച്ച് സംഗമം നടത്തുമോയെന്ന ചോദ്യം ഉയർന്നിരുന്നു. ഇതിന് ഉത്തരമായാണ് വിശ്വാസ സംഗമത്തിനുള്ള നീക്കം.

ഇതിനായി അയ്യപ്പസംഗമത്തിന്റെ മാതൃക തന്നെ പിന്തുടരും. എന്നാൽ ക്രിസ്ത്യൻ മുസ്ലിം വിഭാഗങ്ങളുടെ വെവ്വേറെ സംഗമം നടത്തിയാലെന്തെന്നും ആലോചനയിലുണ്ട്.

## പരമ്പരാഗത കടലറിവുകൾ മത്സ്യമേഖലയുടെ കരുത്തെന്ന് വിദഗ്ധർ



സുസ്ഥിരവും സുരക്ഷിതവുമായ സമുദ്ര സമ്പദ്‌വ്യവസ്ഥയുമായി ബന്ധപ്പെട്ട് സിഎംഎഫ്ആർഐയിൽ നടന്ന പാനൽ ചർച്ച കുഫോസ് വൈസ് ചാൻസലർ ഡോ. എ. ബിജുകുമാർ ഉദ്ഘാടനം ചെയ്യുന്നു

**കൊച്ചി:** കാലാവസ്ഥാ പ്രവചനം മുതൽ ബോട്ട് നിർമാണം വരെയുള്ള സമുദ്രമത്സ്യമേഖലയിലെ നിർണായക ആവശ്യങ്ങൾക്ക് മത്സ്യത്തൊഴിലാളികളുടെ പരമ്പരാഗത കടലറിവുകൾ കരുത്താകുമെന്ന് വിദഗ്ധർ. തലമുറകളായി കൈമാറ്റം ചെയ്യപ്പെടുന്ന പരമ്പരാഗത വൈദഗ്ധ്യവും അവരുടെ സാങ്കേതിക വിദ്യകൾ പഠിക്കാനും രേഖപ്പെടുത്താനും മറൈൻ എൻജിനീയറിങ്ങിൽ ഒരു പുതിയ സമീപനം ആവശ്യമാണെന്ന് പാനൽ ചർച്ച ഉദ്ഘാടനം ചെയ്ത കുഫോസ് വൈസ് ചാൻസലർ ഡോ. എ. ബിജുകുമാർ പറഞ്ഞു.

കാലാവസ്ഥാ വ്യതിയാനത്തെ നേരിടാൻ സമഗ്രവും, മത്സ്യത്തൊഴിലാളികളെ കൂടി പങ്കാളികളാക്കിയുമുള്ള സമീപനം വേണം. മൺസൂണിന്റെ ഗതിയെയും അതുമായി ബന്ധപ്പെട്ട് കടലിലുണ്ടാകുന്ന പ്രത്യേകതളിലും കാലാവസ്ഥാ വ്യതിയാനം മാറ്റം വരുത്തിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

തലമുറകളായി മത്സ്യത്തൊഴിലാളികൾ കാറ്റിന്റെ ദിശ, സമുദ്രപ്രവാഹങ്ങൾ, കള്ളക്കടൽ എന്നിവ നിരീക്ഷിച്ച് കാലാവസ്ഥയും മത്സ്യലഭ്യതയും മനസിലാക്കാറുണ്ട്. കടലിലും ആകാശത്തിലും കാണുന്ന പ്രത്യേക അടയാളങ്ങൾ സൂക്ഷ്മമായി മനസിലാക്കാനും കാലാവസ്ഥ മുൻകൂട്ടി പ്രവചിക്കാനുമുള്ള പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സിദ്ധി പരമാവധി പ്രയോജനപ്പെടുത്തണം. ഇതിനെ ഉപഗ്രഹ മോഡലിങ് പോലുള്ള ശാസ്ത്രവിദ്യകളുമായി സംയോജിപ്പിക്കാൻ ശ്രമങ്ങളുണ്ടാകണം. കടലിൽ സുരക്ഷ വർധിപ്പിക്കാനും കാലാവസ്ഥാ മുന്നറിയിപ്പുകളും മൺസൂൺ പ്രവചനങ്ങളും കൂടുതൽ കുറ്റമറ്റതാക്കുന്നതിനും ഇത് ഗുണം ചെയ്യുമെന്നും വിദഗ്ധർ അഭിപ്രായപ്പെട്ടു.

## പി.പി. മുകുന്ദൻ അനുസ്മരണം നാളെ

**കണ്ണൂർ:** ബിജെപി ദക്ഷിണ ക്ഷേത്രീയ സംഘടനാ ജനറൽ സെക്രട്ടറിയായിരുന്ന സ്വർഗ്ഗീയ പി.പി. മുകുന്ദന്റെ അനുസ്മരണ സമ്മേളനം നാളെ ജന്മനാടായ മണത്തണയിൽ നടക്കും. രാവിലെ 9.30ന് അദ്ദേഹത്തിന്റെ വസതിയിൽ പുഷ്പാർച്ചനയും തുടർന്ന് പ്രത്യേകം സജ്ജമാക്കിയ വേദിയിൽ അനുസ്മരണ സമ്മേളനവും നടക്കും.

എൻഡിഎ സംസ്ഥാന വൈസ് ചെയർമാൻ എ.എൻ. രാധാകൃഷ്ണൻ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യും. ബിജെപി സംസ്ഥാന വക്താവ് ടി.പി. ജയചന്ദ്രൻ മാസ്റ്റർ, ബിജെപി കണ്ണൂർ സൗത്ത് ജില്ലാ പ്രസിഡന്റ് ബിജു ഏളക്കുഴി, എൻ. ഹരിദാസ്, പി. സത്യപ്രകാശ് തുടങ്ങിയവർ സംസാരിക്കും.

## ഭിന്നശേഷിക്കാരുടെ വോട്ടവകാശം ഉറപ്പാക്കും: തെര. കമ്മിഷണർ

**തിരുവനന്തപുരം:** തെരഞ്ഞെടുപ്പ് പ്രക്രിയയിൽ ഭിന്നശേഷിക്കാർ ഉൾപ്പെടെയുള്ള എല്ലാ വിഭാഗങ്ങളെയും പൂർണമായി ഉൾക്കൊള്ളിക്കാനുള്ള ശ്രമങ്ങൾ ഊർജിതമായി തുടരുമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷണർ എ. ഷാജഹാൻ. തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിൽ സംഘടിപ്പിച്ച എല്ലാവരെയും ഉൾക്കൊള്ളുന്ന തെരഞ്ഞെടുപ്പ് പങ്കാളിത്ത ഏകദിന ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ദേശീയതലത്തിൽ 23 ശതമാനം വരുന്ന ഭിന്നശേഷി വിഭാഗത്തിന് തെരഞ്ഞെടുപ്പിൽ സുഗമമായി പങ്കെടുക്കാൻ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനായി സുപ്രീംകോടതിയുടെ പിന്തുണയടക്കം ലഭിച്ചിട്ടുണ്ട്. തെര. കമ്മിഷൻ, സർക്കാരുകൾ, സന്നദ്ധ സംഘടനകൾ എന്നിവ ഈ ലക്ഷ്യത്തിനായി ഒരുമിച്ച് പ്രവർത്തിക്കുന്നു. 18 വയസ് പൂർത്തിയാകുമ്പോൾ തന്നെ ഭിന്നശേഷി വിഭാഗത്തിലുള്ളവരുടെ രജിസ്ട്രേഷൻ പൂർത്തിയാക്കി വോട്ടിങ് പ്രക്രിയയിൽ പങ്കാളിത്തം ഉറപ്പാക്കാനുള്ള ശ്രമങ്ങളാണ് നടത്തിവരുന്നതെന്നും അദ്ദേഹം പറഞ്ഞു. ജില്ലാ കളക്ടർ അനുകുമാരി, സംസ്ഥാന ഭിന്നശേഷി കമ്മിഷണറേറ്റ് കമ്മിഷണർ ഡോ. പി.ടി. ബാബുരാജ് എന്നിവർ പങ്കെടുത്തു.

## മദ്യപിച്ച് വാഹന പരിശോധന; എംവിഐക്ക് സസ്പെൻഷൻ

**തൃക്കാക്കര (കൊച്ചി):** മദ്യലഹരിയിൽ വാഹന പരിശോധന നടത്തിയ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറെ ഗതാഗത കമ്മിഷണർ സസ്പെൻഡ് ചെയ്തു. എറണാകുളം ആർടി ഓഫീസിലെ അസി. മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ എൻ.എസ്. ബിനുവിനെയാണ് സസ്പെൻഡ് ചെയ്തത്. ബുധനാഴ്ച്ച രാത്രി 10.15ന് തൃക്കാക്കര തോപ്പിൽ ജങ്ഷനിൽ സ്വന്തം കാറോടിച്ചെത്തിയ ബിനു വഴിയരികിൽ പരിശോധനക്കിറങ്ങുകയായിരുന്നു. നിർത്തിയിട്ടിരുന്ന മീൻ കയറ്റിയ ഓട്ടോറിക്ഷ പരിശോധിക്കുകയും പരാതി ലഭിച്ചിട്ടുണ്ടെന്നും 3000 രൂപ പിഴയടക്കണമെന്നും ഉടമകളായ ദമ്പതികളോട് ഉദ്യോഗസ്ഥൻ പറഞ്ഞു.

തുടർന്ന് നാട്ടുകാർ സംഘടിക്കുകയും എംവിഡി ഉദ്യോഗസ്ഥൻ മദ്യപിച്ചിട്ടുണ്ടെന്ന് സംശയം തോന്നിയ ഇവർ പേലീസിനെ വിവരം അറിയിക്കുകയുമായിരുന്നു. സ്ഥലത്തെത്തിയ പോലീസ് ബ്രീത്ത് അനലൈസർ ഉപയോഗിച്ച് ഉദ്യോഗസ്ഥനെ പരിശോധിച്ച് മദ്യപിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കിയ ശേഷം തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിലെത്തിച്ചും പരിശോധന നടത്തി. മദ്യലഹരിയിൽ കാറോടിച്ചതിന് കേസെടുത്തു. സംഭവത്തെക്കുറിച്ച് എറണാകുളം എൻഫോഴ്സ്മെന്റ് ആർടിഒ ബിജു ഐസക്ക് സമർപ്പിച്ച പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗതാഗത കമ്മിഷണർ ബിനുവിനെ സസ്പെൻഡ് ചെയ്തു. വിഷയം വിശദമായി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ മൂവാറ്റുപുഴ ആർടിഒയെ ചുമതലപ്പെടുത്തി. സംഭവത്തിൽ മത്സ്യവിൽപ്പന നടത്തിയിരുന്ന ദമ്പതികളും പരാതിയുമായി പോലീസിനെ സമീപിച്ചിട്ടുണ്ട്.

## എം.കെ. മുനീർ എംഎൽഎ ആശുപത്രിയിൽ

**കോഴിക്കോട്:** മുസ്ലിംലീഗ് നേതാവും കൊടുവള്ളി എംഎൽഎയുമായ ഡോ. എം.കെ. മുനീറിനെ ഹൃദയാഘാതത്തെ തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പൊട്ടാസ്യം ലെവൽ അപകടകരമായ വിധം താഴ്ന്നതിനു പിന്നാലെ ഹൃദയാഘാതം ഉണ്ടാവുകയായിരുന്നെന്ന് ആശുപത്രി അധികൃതർ അറിയിച്ചു. കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലാണ്.

## അർബൻ കോൺക്ലേവ് ഇന്ന് മുതൽ

**കൊച്ചി:** രണ്ടു ദിവസത്തെ കേരള അർബൻ കോൺക്ലേവ് 2025ന് ഇന്ന് കൊച്ചി ഗ്രാന്റ് ഹയാത്ത് കൺവെൻഷൻ സെന്ററിൽ തുടക്കമാകും. കേന്ദ്ര മന്ത്രി മനോഹർലാൽ ഖട്ടർ മുഖ്യാതിഥിയാകും. രാവിലെ 9.30ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മന്ത്രി എം.ബി. രാജേഷ് അധ്യക്ഷനാകും. കേന്ദ്രമന്ത്രി ജോർജ് കുര്യൻ, ശ്രീലങ്കൻ മന്ത്രി അനുര കരുണതിലക, ദക്ഷിണാഫ്രിക്കയിൽ നിന്നുള്ള അടിസ്ഥാന സൗകര്യ എക്സിക്യൂട്ടീവ് കൗൺസിൽ അംഗം മാർട്ടിൻ മെയർ, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, കേന്ദ്ര നഗരകാര്യ സെക്രട്ടറി കെ. ശ്രീനിവാസ് തുടങ്ങിയവരും പങ്കെടുക്കും.

## അറ്റകുറ്റപ്പണി: മെമു സർവീസുകളുടെ കോച്ചുകൾ കുറച്ചു

**കൊച്ചി:** മെമു റേക്കിന്റെ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ ഇന്ന് സർവീസ് നടത്തുന്ന മൂന്ന് മെമു സർവീസുകളുടെ കോച്ചുകൾ വെട്ടിക്കുറച്ചു. ട്രെയിൻ നമ്പർ 66312 കൊല്ലം ജങ്ഷൻ-ആലപ്പുഴ മെമു, ട്രെയിൻ നമ്പർ 66314 ആലപ്പുഴ-എറണാകുളം ജങ്ഷൻ മെമു, ട്രെയിൻ നമ്പർ 66320 എറണാകുളം ജങ്ഷൻ-ഷൊർണൂർ ജങ്ഷൻ മെമു സർവീസുകളുടെ കോച്ചുകളാണ് 16ൽ നിന്ന് 12 ആക്കി കുറച്ചത്. ഇന്ന് മാത്രമായിരിക്കും ഈ ക്രമീകരണമെന്നും, ഈ താൽക്കാലിക മാറ്റത്തിന് അനുസരിച്ച് യാത്ര ആസൂത്രണം ചെയ്യണമെന്നും റെയിൽവേ അറിയിച്ചു.

## പാട്ന, മേഘാലയ, മണിപ്പൂർ: പുതിയ ചീഫ് ജസ്റ്റിസുമാർ

**ന്യൂദൽഹി:** വിവിധ ഹൈക്കോടതികളിലെ ചീഫ് ജസ്റ്റിസ് സ്ഥാനത്തേക്ക് സുപ്രീംകോടതി കൊളീജിയം നിയമനങ്ങൾ ശിപാർശ ചെയ്തു. കർണാടക ഹൈക്കോടതിയിലെ ജസ്റ്റിസ് പി.ബി ബജന്ത്രിയെ പാട്ന ഹൈക്കോടതിയിലെ ആക്ടിങ് ചീഫ് ജസ്റ്റിസായി നിയമിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്. കൊൽക്കത്ത ഹൈക്കോടതിയിലെ ജസ്റ്റിസ് സൗനെൺ സെന്നിനെ മേഘാലയ ഹൈക്കോടതി ചീഫ് ജസ്റ്റിസായും മദ്രാസ് ഹൈക്കോടതിയിലെ ജസ്റ്റിസ് എം. സുന്ദറിനെ മണിപ്പൂർ ഹൈക്കോടതി ചീഫ് ജസ്റ്റിസായും ശിപാർശ ചെയ്തു.

## തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനിടെ ക്രെയിൻ പൊട്ടി: രണ്ട് തൊഴിലാളികൾക്ക് ദാരുണാന്ത്യം



അക്ഷയ്, അശ്വിൻ

**കാസർകോട്:** നിർമാണം അവസാനഘട്ടത്തിലെത്തിയ പുതിയ ദേശീയപാതയിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനിടെ ക്രെയിൻ പൊട്ടിവീണ് രണ്ട് തൊഴിലാളികൾ മരിച്ചു. വടകര മടപ്പള്ളി സ്വദേശിയായ അക്ഷയ് (30), മണിയൂർ സ്വദേശി അശ്വിൻ (26) എന്നിവരാണ് മരിച്ചത്.

ഇന്നലെ ഉച്ചയോടെയാണ് മൊഗ്രാൽ പുത്തൂർ ദേശീയ പാതയിൽ അപകടം നടന്നത്. തെരുവ് വിളക്ക് സ്ഥാപിക്കാൻ ക്രെയിൻ ഉപയോഗിക്കുകയായിരുന്നു അക്ഷയും അശ്വിനും. ഇരുവരും നിന്നിരുന്ന ക്രെയിനിന്റെ ബോക്സ് തകർന്നു വീണാണ് അപകടം സംഭവിച്ചത്. ഗുരുതരമായി പരിക്കേറ്റ ഇരുവരേയും ഉടൻ തന്നെ കുമ്പള സഹ. ആശുപത്രിയിൽ എത്തിച്ചെങ്കിലും അക്ഷയുടെ മരണം സംഭവിച്ചിരുന്നു. നില ഗുരുതരമായതിനാൽ അശ്വിനെ ഉടൻ മംഗളൂരു ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ജില്ലയിലെ ദേശീയപാത നിർമാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഇതുവരെ ഉണ്ടായ അപകടങ്ങളിൽ ജീവൻ പൊലിഞ്ഞത് ഏഴ് തൊഴിലാളികൾക്ക്.

മഞ്ചേശ്വരം കുഞ്ചത്തൂർ ദേശീയപാതയിൽ ക്യാമറ സ്ഥാപിക്കുമ്പോൾ ലോറി ഇടിച്ചുകയറി രാജ്കുമാർ മാത്തൂർ (25, ബിഹാർ), ദാമൂർ അമിത്ത് ഗണപതി ഭായി (23, രാജസ്ഥാൻ) എന്നിവർ മരിച്ചത് രണ്ട് മാസങ്ങൾക്ക് മുമ്പാണ്. ഗുരുതരമായി പരിക്കേറ്റ മറ്റൊരു തൊഴിലാളി മംഗളൂരുവിൽ ചികിത്സയിലായിരുന്നു. ചെർക്കള ഫ്ലൈഓവർ നിർമാണത്തിൽ ഏർപ്പെട്ട അസം സ്വദേശി റാക്കിബുൽ ഹഖ് (27) ഫ്ലൈഓവർ താഴേക്ക് വീണ് മരിച്ചത് രണ്ട് ദിവസം മുമ്പാണ്. ചെറുവത്തൂർ മട്ടലായിയിൽ കുന്നിടിഞ്ഞ് മണ്ണിടിച്ചിലിൽപ്പെട്ട് ഒരു തൊഴിലാളി ദാരുണമായി മരിച്ചതും ഈ മഴക്കാലത്താണ്.

കാസർകോട് ടൗണിൽ ഒറ്റത്തൂൺ മേൽപ്പാല നിർമാണത്തിനിടെ മുകളിൽ നിന്ന് വീണ് മറ്റൊരു തൊഴിലാളിയും മാസങ്ങൾക്ക് മുമ്പ് മരിച്ചിരുന്നു. ജില്ലയിൽ ദേശീയപാത നിർമാണവുമായി ബന്ധപ്പെട്ട അപകടങ്ങളിൽ മൊത്തം ഏഴ് തൊഴിലാളികൾ മരിച്ചിട്ടും സേഫ്റ്റി ഓഫീസർ ഇല്ലാത്തത് അധികാരികളുടെ അനാസ്ഥയാണ് തെളിയിക്കുന്നത്.

## പീഡനക്കേസ് ഗൂഢാലോചനയെന്ന് റാപ്പർ വേടന്റെ കുടുംബം

**കൊച്ചി:** റാപ്പർ വേടൻ എന്ന ഹിരൺദാസ് മുരളിക്കെതിരായ പീഡനക്കേസ് ഗൂഢാലോചനയെന്ന ആരോപണവുമായി കുടുംബം. വേടനെ സ്ഥിരം കുറ്റവാളിയാക്കാനുള്ള നീക്കമാണ് പരാതിക്ക് പിന്നിൽ. വിഷയത്തിൽ അന്വേഷണം ആവശ്യപ്പെട്ട് കുടുംബം മുഖ്യമന്ത്രിക്ക് പരാതി നൽകി. വേടന്റെ സഹോദരൻ ഹരിദാസാണ് പരാതി നൽകിയത്.

പരാതിയുമായി വന്നിട്ടുള്ള സ്ത്രീകൾ ഒത്തുചേർന്നാണോ ഇത്തരത്തിൽ പ്രവർത്തിക്കുന്നതെന്ന് അന്വേഷിക്കണം. നിലവിലേതുപോലെ മറ്റ് പരാതികളും പരിഗണിക്കാൻ തുടങ്ങിയാൽ തന്റെ സഹോദരൻ സ്ഥിരം കുറ്റവാളിയാണെന്ന് നിയമത്തിനും സമൂഹത്തിനും മുന്നിൽ ചൂണ്ടിക്കാണിക്കപ്പെടുമെന്നും പരാതിയിൽ വേടന്റെ സഹോദരൻ ആരോപിക്കുന്നു.

കോട്ടയം സ്വദേശിനിയായ യുവ ഡോക്ടറുടെ പരാതിയിൽ തൃക്കാക്കര പോലീസ് രജിസ്റ്റർ ചെയ്ത കേസിൽ വേടനെ കഴിഞ്ഞദിവസം അറസ്റ്റ് ചെയ്ത് വിട്ടയച്ചിരുന്നു. 2021 ആഗസ്ത് മുതൽ 2023 മാർച്ച് വരെയുള്ള കാലയളവിൽ കോഴിക്കോടും കൊച്ചിയിലുമടക്കം അഞ്ചിടങ്ങളിലെത്തിച്ച് പീഡിപ്പിച്ചെന്നും പിന്നീട് വിവാഹം കഴിക്കാതെ ഒഴിവാക്കിയെന്നുമാണ് പരാതി. ഹൈക്കോടതി മുൻകൂർ ജാമ്യം അനുവദിച്ചിരുന്നതിനെത്തുടർന്നായിരുന്നു ചോദ്യം ചെയ്യലിനു ശേഷം അറസ്റ്റ് രേഖപ്പെടുത്തി വൈദ്യപരിശോധന പൂർത്തിയാക്കി വിട്ടയച്ചത്.

പരസ്പര സമ്മതപ്രകാരമുള്ള ബന്ധമായിരുന്നു താനും പരാതിക്കാരിയും തമ്മിലുണ്ടായിരുന്നതെന്നും അസ്വാരസ്യങ്ങൾ ഉണ്ടായപ്പോഴാണ് ബലാത്സംഗം ചെയ്തെന്ന ആരോപണം ഉന്നയിച്ചതെന്നും വേടൻ പോലീസിന് മൊഴി നൽകിയിട്ടുണ്ട്. കേസുമായി ബന്ധപ്പെട്ട് വേടനെതിരായ ഡിജിറ്റൽ തെളിവുകൾ ലഭിച്ചതായി പോലീസ് അറിയിച്ചു.

| സ്വർണം പവൻ | 81,040 |
|---|---|
| സ്വർണം ഗ്രാം | 10,130 |

### കമ്പോളം

| | |
|---|---|
| വെളിച്ചെണ്ണ മില്ലിങ് | 36,800 |
| വെളിച്ചെണ്ണ | 37,300 |
| കൊപ്ര | 21,900–22,100 |
| പിണ്ണാക്ക് എക്സ്പെല്ലർ | 4000 |
| പിണ്ണാക്ക് റോട്ടറി | 4200 |
| കുരുമുളക് അൺഗാർബിൾഡ് | 68,800 |
| പുതിയ കുരുമുളക് | 67,800 |
| കുരുമുളക് ഗാർബിൾഡ് | 70,800 |
| ചുക്ക് മീഡിയം | 24,000 |
| ചുക്ക് ബെസ്റ്റ് | 25,000 |
| മഞ്ഞൾ നാടൻ | ഇല്ല |
| സേലം–ഈറോഡ് | 15,500–16,000 |
| കാഞ്ഞിരക്കുരു | 1850 |
| അടയ്ക്ക | 36,000 |
| പഞ്ചസാര | 4500 |
| മുളക് | 19,000 |
| ഉഴുന്ന് | 9600–10,700 |
| ചെറുപയർ | 10,000–13,600 |
| കടല | 8100–10,100 |
| മുതിര | 5000 |
| എള്ള് | 22,000 |
| മല്ലി | 7800–9200 |
| പച്ചരി നമ്പർ 1 | 4700 |
| പുഴുക്കലരി (ജയ) | 4200–4500 |
| ജാതിക്ക തൊണ്ടൻ | 200–270 |
| ജാതിക്ക തൊണ്ടില്ലാത്തത് | 440–570 |
| ജാതിപത്രി ചുവപ്പ്-മഞ്ഞ | 1000–1200 |
| ജാതി ഫ്ലവർ ചുവപ്പ് | 1300–1750 |
| ജാതി ഫ്ലവർ മഞ്ഞ | 1750–1950 |
| ഗ്രാമ്പു | 780–880 |
| ഏലം കൂടിയ വില | 2909 |
| ശരാശരി വില | 2558.51 |
| റബർ ആർഎസ്എസ് 5 ഗ്രേഡ് | 17,700–18,300 |
| റബർ ആർഎസ്എസ് 4 ഗ്രേഡ് | 18,700 |
| ഒട്ടുപാൽ | 12,200 |
| ലാറ്റക്സ് | 12,200 |

**ഓഹരി**

| | |
|---|---|
| സെൻസെക്സ് | 81,548.73 |
| നിഫ്റ്റി | 25,005.50 |

### വിനിമയ നിരക്ക്

| കറൻസി | വാങ്ങൽ | വിൽക്കൽ |
|---|---|---|
| ഡോളർ | 88.54 | 88.48 |
| യൂറോ | 103.44 | 103.38 |
| പൗണ്ട് | 119.47 | 119.40 |
| സ്വിസ്ഫ്രാങ്ക് | 110.68 | 110.61 |
| സിംഗപ്പൂർ ഡോളർ | 68.87 | 68.81 |
| ആസ്ട്രേലിയൻ ഡോളർ | 58.46 | 58.40 |
| കനേഡിയൻ ഡോളർ | 63.79 | 63.72 |
| ബഹറിൻ ദിനാർ | 233.70 | |
| കുവൈറ്റ് ദിനാർ | 289.10 | |
| ഒമാനി റിയാൽ | 228.84 | |
| സൗദി റിയാൽ | 23.57 | |
| യുഎഇ ദിർഹം | 24.08 | |
| ഖത്തർ റിയാൽ | 24.16 | |

### കേരള സംസ്ഥാന ഭാഗ്യക്കുറി KARUNYA PLUS KN-589 DRAW RESULT 11/09/2025

ഒന്നാം സമ്മാനം ₹ 1 കോടി PJ 313650 (ഇരിഞ്ഞാലക്കുട)

സമാശ്വാസ സമ്മാനം ₹ 5000: PA 313650 PB 313650 PC 313650 PD 313650 PE 313650 PF 313650 PG 313650 PH 313650 PK 313650 PL 313650 PM 313650

രണ്ടാം സമ്മാനം ₹30 ലക്ഷം PE 913280 (കൊല്ലം)

മൂന്നാം സമ്മാനം ₹5 ലക്ഷം PJ 107752 (പട്ടാമ്പി)

താഴെ കാണുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

നാലാം സമ്മാനം ₹5000: 0916 1399 2822 3035 3785 5671 5860 6106 6285 6744 6979 8087 8385 8676 8834 8894 9313 9466 9805 9847

അഞ്ചാം സമ്മാനം ₹2000: 0595 3125 5086 6922 7918 9061

ആറാം സമ്മാനം ₹1000: 0393 0527 0806 1323 1496 1596 2552 2825 3757 3868 3984 4565 4927 5249 5418 5679 5966 6018 6021 6130 6292 6909 7037 7201 7856 8319 9120 9546 9949 9956

ഏഴാം സമ്മാനം ₹500: 0066 0156 0378 0431 0510 0544 0568 0759 0840 0974 1118 1296 1451 1524 1560 1569 1584 1887 2075 2131 2424 2500 2559 2771 3311 3341 3436 3840 3898 4016 4321 4514 4521 4546 4566 4629 4951 5109 5153 5214 5282 5536 5610 5857 5994 6091 6185 6266 6386 6430 6550 6670 6793 6807 6880 7040 7384 7440 7441 7515 7923 8005 8296 8529 8891 9059 9391 9426 9477 9496 9507 9561 9579 9581 9591 9830

എട്ടാം സമ്മാനം ₹200: 0203 0205 0248 0443 0770 1025 1067 1081 1216 1254 1402 1415 1467 1530 1771 1793 1957 2022 2091 2149 2467 2502 2845 3161 3172 3407 3511 3609 3667 3720 3823 3926 4066 4386 4817 4891 4900 5075 5078 5352 5387 5467 5569 5622 5644 5648 5906 6039 6050 6148 6247 6345 6390 6437 6441 6471 6681 6981 7230 7424 7580 7655 7774 8039 8055 8128 8153 8193 8210 8249 8278 8291 8418 8440 8477 8807 8985 9083 9290 9525 9637 9773 9812 9929

ഒൻപതാം സമ്മാനം ₹100: 0223 0240 0320 0397 0623 0677 0786 0885 1085 1128 1299 1498 1510 1593 1686 1838 1939 2060 2063 2071 2168 2195 2217 2300 2342 2376 2379 2465 2501 2555 2561 2581 2602 2618 2640 2730 2750 2776 2889 2982 3038 3040 3098 3108 3137 3249 3427 3468 3504 3554 3607 3614 3704 3743 3804 3824 3849 3935 3964 3998 4200 4257 4304 4393 4720 4815 5008 5063 5202 5253 5458 5513 5596 5642 5681 5702 5797 5808 5840 5845 5865 6023 6058 6162 6177 6335 6403 6464 6568 6640 6728 6812 6815 6861 6895 6941 6962 6963 7059 7076 7122 7255 7284 7477 7504 7505 7516 7550 7629 7692 7722 7827 7954 7998 8082 8104 8108 8131 8159 8186 8211 8214 8220 8406 8467 8480 8556 8581 8587 8729 8767 8829 8915 8976 9025 9027 9029 9155 9205 9282 9365 9483 9522 9540 9617 9664 9669 9671 9676 9809 9850 9853 9874 9888 9926 9954

രാജ്കപൂർ ജോ. ഡയരക്ടർ,

www.statelottery.kerala.gov.in

## ജിപ്മെറിൽ പഠിക്കാം ബിഎസ്സി നഴ്സിങ്, അലൈഡ് ഹെൽത്ത് സയൻസ് കോഴ്സുകൾ

- **പ്രവേശന വിജ്ഞാപനം www.jipmer.edu.inൽ**
- **ഓൺലൈനിൽ സപ്തംബർ 22 വരെ അപേക്ഷിക്കാം**
- **'നീറ്റ് യുജി 2025' യോഗ്യത നേടിയവർക്കാണ് അവസരം**

വിദ്യാഭ്യാസം

**വൈശാഖ് ജി.നായർ**

ജവഹർലാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോസ്റ്റ് ഗ്രാഡുവേറ്റ് മെഡിക്കൽ എഡ്യൂക്കേഷൻ ആന്റ് റിസർച്ച് (ജിപ്മെർ), പുതുച്ചേരി 2025-26 അധ്യയനവർഷത്തെ ബിഎസ്സി- നഴ്സിങ്, അലൈഡ് ഹെൽത്ത് സയൻസസ് കോഴ്സുകളിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൻ കീഴിൽ ദേശീയ പ്രാധാന്യമുള്ള സ്ഥാപനമാണിത്. വളരെ ചുരുങ്ങിയ ഫീസ് നിരക്കിൽ മികച്ച സൗകര്യങ്ങളോടെ ഇവിടെ പഠനം പൂർത്തിയാക്കാനാകും. 1200 രൂപയാണ് വാർഷിക ട്യൂഷൻ ഫീസ്.

**കോഴ്സുകളും സീറ്റുകളും:** ബിഎസ്സി നഴ്സിങ്, നാല് വർഷത്തെ ഫുൾടൈം കോഴ്സ്. 24 ആഴ്ചത്തെ പെയിഡ് ഇന്റേൺഷിപ്പും ഇതിൽ ഉൾപ്പെടും. സീറ്റുകൾ 94 (വനിതകൾ 85, പുരുഷന്മാർ 9); ബിഎസ്സി അലൈഡ് ഹെൽത്ത് സയൻസ് കോഴ്സുകൾ (എഎച്ച്എസ്)- സീറ്റുകൾ 87 (മെഡിക്കൽ ലബോറട്ടറി സയൻസ് 37, അനസ്തേഷ്യ ടെക്നോളജി, ഒപ്ട്രോമെട്രി (ബി.ഒപ്ട്രോം), കാർഡിയാക് ലബോറട്ടറി ലബോറട്ടറി ടെക്നോളജി, ഡയാലിസിസ് തെറാപ്പി ടെക്നോളജി, എംഎൽറ്റി (ബ്ലഡ് ബാങ്കിങ്), മെഡിക്കൽ റേഡിയോളജി ആന്റ് ഇമേജിങ് ടെക്നോളജി, ന്യൂറോ ടെക്നോളജി, ന്യൂക്ലിയർ മെഡിസിൻ ടെക്നോളജി, പെർഫ്യൂഷൻ ടെക്നോളജി, റേഡിയോ തെറാപ്പി ടെക്നോളജി. ഓരോ കോഴ്സിലും 5 സീറ്റ് വീതം). കോഴ്സ് കാലാവധി 4 വർഷം (തിയറിയും പ്രാക്ടിക്കലും 3 വർഷം + ഒരു വർഷം കമ്പൽസറി ഇന്റേൺഷിപ്പും).

**പ്രവേശന യോഗ്യത:** ഭാരത പൗരന്മാരായിരിക്കണം. 'നീറ്റ് യുജി 2025'ൽ യോഗ്യത നേടിയിരിക്കണം. ഫിസിക്സ്, കെമിസ്ട്രി, ബയോളജി/ബോട്ടണി ആന്റ് സുവോളജി, ഇംഗ്ലീഷ് വിഷയങ്ങളോടെ ഹയർ സെക്കന്ററി/പ്ലസ്ടു/തത്തുല്യ ബോർഡ് പരീക്ഷ പാസായിരിക്കണം. ഈ ശാസ്ത്ര വിഷയങ്ങൾക്ക് മൊത്തം 50 ശതമാനം മാർക്കിൽ കുറയാതെയുണ്ടാകണം. എസ്സി/എസ്ടി/ഒബിസി വിഭാഗങ്ങളിൽപ്പെടുന്നവർക്ക് 40% മാർക്കിൽ കുറയാതെയും ഭിന്നശേഷിക്കാർക്ക് (പിഡബ്ല്യുബിഡി) 45% മാർക്കിൽ കുറയാതെയും നേടിയിരിക്കണം. പ്രായം 2025 ഡിസംബർ 31 ന് 17 വയസ് തികഞ്ഞിരിക്കണം. ഉയർന്ന പ്രായപരിധിയില്ല.

'നീറ്റ്-യുജി 2025' സ്കോർ മെരിറ്റ് പരിഗണിച്ചാണ് തെരഞ്ഞെടുപ്പ്. പ്രവേശന വിജ്ഞാപനം, വിശദവിവരങ്ങളടങ്ങിയ പ്രോസ്പെക്ടസ് എന്നിവ www.jipmer.edu.inൽ അനൗൺസ്മെന്റ് ലിങ്കിൽ ക്ലിക്ക് ചെയ്ത് ഡൗൺലോഡ് ചെയ്യാം.

പ്രോസ്പെക്ടസിലെ നിർദ്ദേശങ്ങൾ പാലിച്ച് ഓൺലൈനിൽ ഇപ്പോൾ രജിസ്റ്റർ ചെയ്യാം. സപ്തംബർ 22 വൈകിട്ട് 4 മണിവരെ അപേക്ഷ സ്വീകരിക്കും. അർഹതയുള്ളവരുടെ ലിസ്റ്റ് ഒക്ടോബർ 8ന് മുമ്പ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തും. കൗൺസലിങ്, അഡ്മിഷൻ തീയതികൾ പിന്നീട് അറിയിക്കുന്നതാണ്. ക്ലാസുകൾ ഒക്ടോബർ 27 ന് തുടങ്ങും.

ഒബിസി നോൺ ക്രീമിലെയർ, എസ്സി/എസ്ടി, ഇഡബ്ല്യൂഎസ്, ഭിന്നശേഷി (പ്രിഡബ്ല്യുബിഡി), പുതുച്ചേരിയിലെ സ്ഥിരതാമസക്കാർ മുതലായ വിഭാഗങ്ങളിൽപ്പെടുന്നവർക്ക് സൗവരണാനുകൂല്യം ലഭിക്കും.

**ഫീസ് ഘടന:** അഡ്മിഷൻ ഫീസ് (ഒറ്റതവണ)- 2,500 രൂപ, വാർഷിക ട്യൂഷൻ ഫീസ് 1200 രൂപ, വാർഷിക സ്റ്റുഡന്റ്സ് അസോസിയേഷൻ ഫീസ് 1000 രൂപ, വാർഷിക ലേണിങ് റിസോഴ്സ് ഫീസ് 2000 രൂപ, വാർഷിക കോർപ്പസ് ഫണ്ട് 60 രൂപ, ഐഡന്റിറ്റി കാർഡ് (ഒറ്റതവണ) 150 രൂപ, വാർഷിക സ്റ്റുഡന്റ് ഇൻഫർമേഷൻ ഡീറ്റെയിൽ 150 രൂപ, കോഷൻ ഡിപ്പോസിറ്റ് 3000 രൂപ. മൊത്തം 11,410 രൂപയാണ് ആദ്യവർഷം വിവിധ ഇനങ്ങളിലായി ഫീസ് അടയ്ക്കേണ്ടത്. ഫീസ് നിരക്കിൽ മാറ്റം വന്നുകൂടെന്നില്ല.

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യം ലഭിക്കും. കൂടുതൽ വിവരങ്ങൾക്കും അപ്ഡേറ്റുകൾക്കും വെബ്സൈറ്റ് നിരന്തരം സന്ദർശിക്കേണ്ടതാണ്.

**അയ്യപ്പസംഗമം**

## ഹൈക്കോടതി വിധി സർക്കാരിനേറ്റ കനത്ത തിരിച്ചടി: കൃഷ്ണദാസ്



**തിരുവനന്തപുരം:** ആഗോള അയ്യപ്പസംഗമവുമായി ബന്ധപ്പെട്ട് ഹൈക്കോടതി വിധി സർക്കാരിനേറ്റ കനത്ത തിരിച്ചടിയെന്ന് ബിജെപി ദേശീയ നിർവാഹക സമിതിയംഗം പി.കെ. കൃഷ്ണദാസ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. അയ്യപ്പസംഗമത്തെക്കുറിച്ച് ബിജെപി പ്രകടിപ്പിച്ച ആശങ്ക തന്നെയാണ് കോടതിയും പ്രകടിപ്പിച്ചത്. സർക്കാർ നടത്തുന്ന അയ്യപ്പസംഗമത്തിൽ സമുദായ സംഘടനകളും ഹൈന്ദവ സംഘടനകളും ആശങ്ക അറിയിച്ചിരുന്നു. ഇത് തന്നെയാണ് കോടതിയും പ്രകടിപ്പിച്ചത്. ആഗോള അയ്യപ്പസംഗമത്തിന്റെ ലക്ഷ്യമെന്തെന്ന കോടതിയുടെ ചോദ്യത്തിന് പോലും ഉത്തരം നൽകാൻ സർക്കാരിനോ ദേവസ്വം ബോർഡിനോ കഴിഞ്ഞില്ല.

രണ്ടാഴ്ചയ്ക്കുള്ളിൽ ശബരിമലയുമായി ബന്ധപ്പെട്ട് സർക്കാരിന് ലഭിക്കുന്ന രണ്ടാമത്തെ തിരിച്ചടിയാണിത്. കോടതിയെ അറിയിക്കാതെ സ്വർണ്ണപ്പാളി ഇളക്കിക്കൊണ്ട് പോയതാണ് ആദ്യം കിട്ടിയ തിരിച്ചടി. വിശ്വാസ ലംഘനം പാടില്ലെന്ന് കോടതി പറഞ്ഞിരിക്കുകയാണ്. വിശ്വാസ ലംഘനമാണ് നടന്നിരിക്കുന്നത്. ശബരിമലയുടെ പവിത്രത കളങ്കപ്പെടുത്താൻ ആരെയും അനുവദിക്കില്ല. യുവതി പ്രവേശനത്തിൽ സർക്കാരും ദേവസ്വം ബോർഡും ശബരിമലയെ കളങ്കപ്പെടുത്തി. അയ്യപ്പസംഗമത്തിന്റെ പേരിൽ പണപ്പിരിവ് നടത്തി അയ്യപ്പഭക്തരെ വിഭജിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

അയ്യപ്പന് മുന്നിൽ എല്ലാവരും ഒരുപോലെയാണ്. അയ്യപ്പസംഗമം വിശ്വാസം സംരക്ഷിക്കാനാണെങ്കിൽ എന്തിനാണ് സ്റ്റാലിനെയും ഉദയനിധി സ്റ്റാലിനെയും ക്ഷണിച്ചത്. ഇവരെല്ലാം നിരന്തരം ഹൈന്ദവരെയും ആചാരാനുഷ്ഠാനങ്ങളെയും അപമാനിക്കുന്നവരാണ്. ദ്വാരപാലക ശില്പങ്ങളിലെ സ്വർണ്ണപ്പാളികൾ കടത്തിക്കൊണ്ടുപോയ സംഭവത്തിലടക്കം സർക്കാരും ദേവസ്വം ബോർഡും വ്യക്തത വരുത്തണം. അയ്യപ്പസംഗമത്തിന് പിന്നിൽ ദുരൂഹതയുള്ളതുപോലെ തന്നെ സ്വർണം കടത്തിക്കൊണ്ടുപോയതിലും ദുരൂഹതയുണ്ടെന്നും ഇതെല്ലാം അന്വേഷിക്കണമെന്നും കൃഷ്ണദാസ് ആവശ്യപ്പെട്ടു.

BEST CHOICE FOR YOUR NEEDS
JB Classifieds
LOW RATE ▶▶▶ BIG REACH ▶▶▶
9526666842
advtchn@janmabhumidaily.com

**മുന്നറിയിപ്പ്:**
ജന്മഭൂമി പത്രത്തിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കുന്നതിന് മുമ്പായി ആയതിന്റെ നിജസ്ഥിതിയെക്കുറിച്ച് അന്വേഷിച്ച് ഉറപ്പുവരുത്തേണ്ടതാണ്. പരസ്യക്കാരുടെ ഏതെങ്കിലും അവകാശവാദങ്ങൾ ശരിയാണെന്ന് ജന്മഭൂമിയുടെ പ്രസാധകരായ മാതൃകപ്രചരണാലയം ലിമിറ്റഡ് ഉറപ്പുനൽകുന്നില്ല. പരസ്യക്കാരുടെ അവകാശവാദങ്ങൾ തെറ്റാണെന്നു കണ്ടാലോ ആർക്കെങ്കിലും തന്മൂലം വല്ല കഷ്ടനഷ്ടങ്ങൾ സംഭവിച്ചാലോ ജന്മഭൂമിയുടെ പ്രിന്ററോ പബ്ലിഷറോ എഡിറ്ററോ മറ്റു ജീവനക്കാരോ ഉത്തരവാദികൾ ആയിരിക്കുന്നതല്ല.

എയർപിസ്റ്റോൾ, എയർ റൈഫിൾസ് സൗത്ത് ഇന്ത്യയിലെ ഏറ്റവും വലിയ വിൽപനശാല
കൊച്ചിൻ എയർഗൺസ്
കച്ചേരിപ്പടി, ചിറ്റൂർ റോഡ്, സുധീന്ദ്ര ഹോസ്പിറ്റലിന് സമീപം, എറണാകുളം.
ഫോൺ: 9061987450

ലൈസൻസ് വേണ്ട
എയർ പിസ്റ്റോൾ/ റൈഫിൾ
• മാഗസിനിൻ •18 ബിബി. 177 നിറയ്ക്കാവുന്നത്
എല്ലാവിധ തോക്കുകളും വാങ്ങുന്നതിനും, റിപ്പയറിംഗിനും, ലൈസൻസുള്ളവ വിൽക്കുവാനും
കൊച്ചിൻ ആർമറി
ഷേണായിസ് ജംഗ്ഷൻ, നാരകത്തറ റോഡ്, എറണാകുളം,
ഫോൺ: 0484 – 2371598, 2353589 9388619684

**ആനന്ദവല്ലി അമ്മ**

**കൊല്ലം:** രാഷ്ട്രീയസ്വയംസേവക സംഘത്തിന്റെ മുതിർന്ന പ്രവർത്തകൻ പ്രകാശിന്റെ അമ്മ ആശ്രാമം ശ്രീകൃഷ്ണനഗർ 210 നന്ദനത്തിൽ ആനന്ദവല്ലി അമ്മ (87) അന്തരിച്ചു. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് 12.30ന് പോളയത്തോട് വിശ്രാന്തിയിൽ. ഭർത്താവ്: പരേതനായ കെ. ഗോപാലകൃഷ്ണൻ. മക്കൾ: ഉഷാരാജൻ, പ്രകാശ്. മരുമക്കൾ: രാജൻ പിള്ള, ഷീല. സഞ്ചയനം വ്യാഴം രാവിലെ 8ന്.

**ശീതള**

**പരവൂർ:** കലയ്ക്കോട് മാണികൃത്തിൽ പണയിൽ വീടിൽ ശീതള (72) അന്തരിച്ചു. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് ഒന്നിന് വീട്ടുവളപ്പിൽ. ഭർത്താവ്: ശ്രീധരൻ (റിട്ട.പോസ്റ്റുമാൻ). മക്കൾ: സുരേഷ്, സുഭാഷ്, സുമേഷ്, സുജിത. മരുമക്കൾ: ഷീജ ശിവൻ, സൂര്യ, സൈബി, സുനിൽ.

**മീനാക്ഷി**

**കൊല്ലം:** കളരിപുരയിടത്തിൽ പരേതനായ രാമചന്ദ്രന്റെ ഭാര്യ മീനാക്ഷി (68) അന്തരിച്ചു. സംസ്കാരം ഇന്ന് ഉച്ചക്ക് 12ന് മുളങ്കാടകം ശ്മശാനത്തിൽ. മക്കൾ: ലക്ഷ്മി, സന്തോഷ്. മരുമകൾ: അജിത.

**രാജപ്പൻപിള്ള**

**കൊട്ടാരക്കര:** റിട്ട. കെഎസ് ആർടിസി മിനിസ്റ്റീരിയൽ സ്റ്റാഫ് ആയിരുന്ന കുളക്കട കൊച്ചു വീട്ടിൽ എൻ രാജപ്പൻപിള്ള (92) അന്തരിച്ചു. സംസ്ക്കാരം ഇന്ന് രാവിലെ 10ന്. ഭാര്യ പരേതയായ ഭാരതി അമ്മ (കുളക്കട ഗവ.എൽപി എസ് ടീച്ചർ). മക്കൾ: പരേതനായ ആർ. ഹരികുമാർ (അധ്യാപകൻ, ഐ ജി എം വിഎച്ച് എസ് എസ് മഞ്ഞക്കാല), ആർ. ശ്രീകുമാർ ( മാനേജർ, ആക്സിസ് ബാങ്ക്, കുണ്ടറ). മരുമക്കൾ: സിന്ധു എം(ടീച്ചർ, എസ്കെഎച്ച്എസ്എസ്. തൃക്കണ്ണമംഗൽ), ശാരിക സതീഷ്. സഞ്ചയനം ചൊവ്വ രാവിലെ 8ന്

**കെ. രാമചന്ദ്രൻ**

**കൊല്ലം:** പട്ടത്താനം തൊടിയിൽ പുത്തൻവീട്ടിൽ വികാസ് നഗർ 32ൽ കെ. രാമചന്ദ്രൻ (87-റിട്ട സബ് രജിസ്ട്രാർ, കൊട്ടാരക്കര) അന്തരിച്ചു. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് ഒന്നിന്. ഭാര്യ: തൊടിയിൽ രാധാദേവി. മക്കൾ: ഡോ: എം.. ആർ. ഷിബു (ഫിസിയോളജി വകുപ്പ് മെഡിക്കൽ കോളേജ്), എം.ആർ. രാജു (എഞ്ചിനീയർ), എം. ആർ. മിനി (ടീച്ചർ ക്രൈസ്റ്റ്നഗർ തിരുവല്ലം) മരുമക്കൾ: ഡോ.വി.വീണ ( മെഡിക്കൽ ഓഫീസർ ഹോമിയോ വകുപ്പ്), റജിരാജു (എച്ച്ഒഡി, സിവിൽ വകുപ്പ് യൂനുസ് എഞ്ചിനീയറിംഗ് കോളേജ്), വി. അജിത് (റിട്ട. എസ്പി).

**ആഷ്‌ലി തോമസ്**

**കല്ലുപ്പാറ:** തെക്കേമുറിയിൽ തോമസ് വറുഗീസിന്റെ ഭാര്യ ആഷ്‌ലി തോമസ് (50) അന്തരിച്ചു.

**രാജൻപിള്ള**

**കരുനാഗപ്പള്ളി:** തൊടിയൂരിലെ രാഷ്ട്രീയ സ്വയംസേവകസംഘത്തിന്റെ ആദ്യകാല പ്രവർത്തകരായിരുന്ന ഇരട്ട സഹോദരന്മാർ എന്നറിയപ്പെട്ടിരുന്നവരിൽ ഒരാളായ തൊടിയൂർ വേങ്ങര മാലുമേൽ കൊച്ചുവീട്ടിൽ വിളയിൽ രാജൻ പിള്ള (68) അന്തരിച്ചു. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് രണ്ടിന് വീട്ടുവളപ്പിൽ. തൊടിയൂർ മലുമേൽശാഖാ സ്വയം സേവകനായി പ്രവർത്തിച്ച ഇദ്ദേഹം വിവിധ ക്ഷേത്ര സംഘടനകളിലും, സാമൂഹിക മേഖലകളിലും സജീവ സാന്നിധ്യമായിരുന്നു. നിർധനരായ പത്ത് കുടുംബങ്ങൾക്ക് വീടുവയ്ക്കുന്നതിനായി തന്റെ ഉടമസ്ഥതയിലുള്ള അൻപത് സെന്റ് വസ്തു വീതം വച്ചു നൽകി. സഹോദരൻ വിജയൻപിള്ള, ഭാര്യ സതി ആർ.വി പിള്ള.സഞ്ചയനം വ്യാഴാഴ്ച രാവിലെ 7ന്.

**നാരായണപിള്ള**

**ഓടനാവട്ടം:** കളപ്പില ചന്ദ്രികവിലാസത്തിൽ നാരായണപിള്ള (83) അന്തരിച്ചു. സംസ്ക്കാരം ഇന്ന് ഉച്ചയ്ക്ക് 12.30ന്. ഭാര്യ: ചന്ദ്രമതിയമ്മ. മക്കൾ: സന്ധ്യമോൾ, ശ്യാംകുമാർ. മരുമക്കൾ: സജികുമാർ, സന്ധ്യ മോഹൻ.

**റോസമ്മ**

**കുന്നത്തൂർ:** നെടിയവിള മാണിക്യമംഗലം ഗീതാഭവനത്തിൽ പരേതനായ മോഹനന്റെ ഭാര്യ റോസമ്മ(61) അന്തരിച്ചു. മക്കൾ: ഗീത, ഗിരീഷ്, ഗിരി, ഗിരിജ. സഞ്ചയനം 15ന് രാവിലെ 8ന്

**തങ്കമ്മ**

**അരിമ്പൂർ:** ആറാംകല്ല് ദീപശിഖ റോഡിൽ ചാലിശേരികുറ്റുക്കാരൻപരേതനായ ദേവസി ഭാര്യ തങ്കമ്മ (86) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10ന് എറവ് സെന്റ് തെരേസാസ് കപ്പൽ പള്ളി സെമിത്തേരിയിൽ. മക്കൾ: ജോസഫ് (ക്ലാർക്ക്, സെന്റ് തെരേസാസ് കപ്പൽ പള്ളി, എറവ്), പ്രിൻസി. മരുമക്കൾ: സിൽവി (എൽഐസി ഏജന്റ്, തൃശൂർ ബ്രാഞ്ച്), ചാർളി (ചാർളീസ് മിൽ സ്റ്റോഴ്സ്, പറപ്പൂർ).

**പത്മനാഭ പിള്ള**

**തിരുവനന്തപുരം:** വള്ളംകോഡ് ശങ്കരവിലാസം ബംഗ്ളാവിൽ പത്മനാഭ പിള്ള(98) അന്തരിച്ചു. സ്വാതന്ത്ര്യ സമര സേനാനിയും ഫ്രീഡം ഫൈറ്റേഴ്സ് ആൻഡ് ഡിസെന്റൻസ് അസോസിയേഷൻ വൈസ്പ്രസിഡന്റായി പ്രവർത്തിച്ചുവരികയായിരുന്നു. തിരുവനന്തപുരം ജില്ല ഫ്രീഡം ഫൈറ്റേഴ്സ് വെൽഫയർ കോഓപ്പറേറ്റീവ് സൊസൈറ്റി മുൻ സെക്രട്ടറി, കേരള സ്റ്റേറ്റ് ഫ്രീഡം ഫൈറ്റേഴ്സ് അസോസിയേഷൻ സ്റ്റേറ്റ് ട്രഷറർ എന്നീ നിലകളിലും പ്രവർത്തിച്ചിരുന്നു. ഭാര്യ പരേതയായ സുകുമാരി അമ്മ. മക്കൾ: പദ്മകുമാർ എസ്.പി. (ശ്രീകാളഹസ്തി ക്ഷേത്രം), രോഹിണി എസ്. കല. മരുമക്കൾ: രാജേന്ദ്രൻ നായർ എസ്.(റിട്ട. എസ്ഐ), മിനി സി.വി.

**രാംകുമാർ**

**കാവനാട്:** മീനത്തുചേരി വെട്ടിയിൽ കിഴക്ക് രാംകുമാർ (ശ്യാം, 35) അന്തരിച്ചു. അച്ഛൻ: പരേതനായ ഗോപാലകൃഷ്ണപിള്ള. അമ്മ: ശ്രീകുമാരി. സഹോദരങ്ങൾ: രാജേശ്വരി, രമേശ്. സഞ്ചയനം വ്യാഴം രാവിലെ 8ന്.

**കെ.ജയദേവൻഉണ്ണിത്താൻ**

**പുത്തനമ്പലം:** ഐവർകാലപടി വടക്ക് ജയനിവാസിൽ കെ. ജയദേവൻ ഉണ്ണിത്താൻ (85) അന്തരിച്ചു. ഭാര്യ: പ്രസന്നകുമാരി. പി.ബി. മക്കൾ: ജയ. പി, ദിവ്യ. പി. മരുമക്കൾ: അനിൽ കുമാർ. എൻ. സഞ്ചയനം 18ന് രാവിലെ 8ന്.

**സുമ**

**മുതുകുളം:** കള്ളിക്കാട് വെട്ടത്ത് കടവ് കുമ്മിണി വടക്കതിൽ ഉത്തമന്റെ ഭാര്യ സുമ (56) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: അഖിലേഷ്, ആദർശ്. മരുമകൾ: അഞ്ജലി. സഞ്ചയനം 14ന് രാവിലെ 9ന്.

**സദാശിവൻ പിള്ള**

**ചെറുകര:** വിമുക്തഭടൻ സദാശിവൻ പിള്ള (71) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: പത്മിനിയമ്മ (പെണ്ണുക്കര മാലുത്തറയിൽ കുടുംബാംഗം). മക്കൾ: സുമേഷ് (സൗദി), സൂര്യ. മരുമക്കൾ: വാഗീശ്വരി, രഞ്ജിത്ത് (എക്സ്-സർവീസ്). സഞ്ചയനം 17ന്.

**രാംകുമാർ പൈ**

**മട്ടാഞ്ചേരി:** വടക്കേ ചെറളായി തുളസിത്തറയ്ക്ക് സമീപം 4/885 ൽ താമസം സിൻഡിക്കേറ്റ് ബാങ്ക് റിട്ട. ജീവനക്കാരൻ ആർ. രാംകുമാർ പൈ (74) അന്തരിച്ചു. അടിയന്തരാവസ്ഥ സമര ഭടനാണ്. സംസ്കാരം നടത്തി. ഭാര്യ: പരേതയായ പ്രേമ. മക്കൾ: രാജേഷ് പൈ (എൻപിസി ഐഎൽ കൈക), രജനി പൈ. മരുമക്കൾ: ജയപ്രഭ, ഉമേഷ് ബാബു (ഐഒബി കൊടുങ്ങല്ലൂർ).

**റസിയ**

**പാലക്കാട്:** കുന്നത്തൂർമേട് ചിറക്കാട് മുഹമ്മദ് മൻസിലിൽ റസിയ (56)അന്തരിച്ചു. പിതാവ്:പരേതനായ മുഹമ്മദ് അബ്ദുൾ ഖാദർ. മാതാവ്: പരേതയായ മൈമുന. സഹോദരങ്ങൾ: കാജാഹുസൈൻ, ജബ്ബാർ, കബീർ, സലീം, റാഫി, സുബൈദ, പരേതരായ നൂർജഹാൻ, ജമീല, ഷക്കീല ഭാനു.

**തങ്കപ്പൻ എസ്.**

**നരുവാമൂട്:** പനവിളാകം സുരേഷ്ഭവനിൽ തങ്കപ്പൻ. എസ് (84) അന്തരിച്ചു. ഭാര്യ ശാരദ ജി. മക്കൾ: സുരേഷ് റ്റി. ശ്രീജ എസ്. മരുമകൾ ഷീല ജി. സഞ്ചയനം ഞായർ രാവിലെ 8ന്.

**കെ. രാജമ്മ**

**മുതുകുളം:** ചിങ്ങോലി നാരായണപുരത്ത് (വടുതലപ്പുറം) കെ. രാജമ്മ (92) അന്തരിച്ചു. ആരൂർ ഗവ. എൽ.പിസ്കൂൾ റിട്ട. അധ്യാപികയാണ്. സംസ്കാരം നടത്തി. ഭർത്താവ്: പരേതനായ ജനാർദ്ദനൻനായർ (റിട്ട.അധ്യാപകൻ, കാർത്തികപ്പള്ളി ഗവ. യു.പി സ്കൂൾ). മക്കൾ: വത്സല (റിട്ട. പ്രധാനാധ്യാപിക, പായിപ്പാട് യു.പി സ്കൂൾ), ഗീത (റിട്ട. അധ്യാപിക, ചിങ്ങനല്ലൂർ എൽ.പി സ്കൂൾ, ചിങ്ങോലി), ഗിരിജ, ഇന്ദുലേഖ. മരുമക്കൾ: രാജശേഖരൻ, രാജമനോഹരൻ നായർ, ഗോപാലകൃഷ്ണ പിള്ള, മുരളീധരൻ പിള്ള. സഞ്ചയനം 15ന് രാവിലെ എട്ടിന്.

**സുപ്രിയ**

**മുതുകുളം തെക്ക്:** സുപ്രിയ ഭവനത്തിൽ (തഴയശ്ശേരിൽ) പരേതനായ കേശവൻ പവിത്രന്റെ ഭാര്യ സുപ്രിയ (84) അന്തരിച്ചു. മക്കൾ: അശോക്. പി, അനിത. എസ്, ദീപ. സഞ്ചയനം 15ന് രാവിലെ 8ന്.

**റോസമ്മ**

**കഞ്ഞിപ്പാടം:** അഴകം പറമ്പിൽ വീട്ടിൽ റോസമ്മ (70) അന്തരിച്ചു. സംസ്കാരം ഇന്ന് 10.30ന് വ്യാകുല മാതാ ദേവാലയത്തിൽ. ഭർത്താവ്: ദേവസ്യ. മക്കൾ: ബീന, ഷാജി. മരുമക്കൾ: മോളി, സോണി.

**ജാനകി**

**ഇലഞ്ഞി:** പെരുമ്പടവം കിഴക്കേ പറമ്പിൽ കെ. ജാനകി (95)അന്തരിച്ചു. ഭർത്താവ്: പരേതനായ പത്മനാഭൻ മക്കൾ: കെ.പി.പ്രേമൻ, കെ.പി. സുരേഷ് ബാബു, കെ.പി.സോമൻ, കെ.പി.ശാരദ, കെ.പി. സുമോൾ. മരുമക്കൾ: വിജി വട്ടമറ്റത്തിൽ മോനിപ്പിള്ളി, മീന പുഴവേലിൽ ബ്രഹ്മമംഗലം, ലത ചെത്തിക്കോട്, രാജൻ മഞ്ഞശ്ശേരിൽ മേതല പരേതനായ രാജപ്പൻ. സംസ്കാരം നടത്തി.

**മേരി**

**കൂത്താട്ടുകുളം:** പൈറ്റിക്കുളം പാലച്ചുവട്ടിൽ സ്കറിയ ഭാര്യ മേരി (74) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: സോബി, ബേസിൽ, ജെസ്സി.

**രാജേന്ദ്രബാബു**

**തിരുവനന്തപുരം:** മാധവപുരം വിജയഹൗസിൽ രാജേന്ദ്രബാബു (63)അന്തരിച്ചു. ഭാര്യ: സിന്ധു. മക്കൾ: സൂരജ്, സൂരത്ത് (കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി), സൂര്യ. മരുമക്കൾ: കീർത്തി, ദീപക്‌രാജ്. സഞ്ചയനം തിങ്കൾ രാവിലെ 9ന്.

**വി.എൻ. പ്രശാന്ത്**

**വെള്ളനാട്:** വാതിൽ വിളാകത്തു വീട്ടിൽ വി.എൻ. പ്രശാന്ത്(61) അന്തരിച്ചു. ഭാര്യ പ്രീത ആർ. മക്കൾ: അഭിജിത്ത് വി.പി., ആർദ്ര വി.പി. മരുമകൾ ഗായത്രി ദേവി ആർ.എസ്. മരണാനന്തര ചടങ്ങ് ഇന്ന് 9ന്.

**രമണൻ**

**പടിഞ്ഞാറേ കല്ലട:** കോതപുരം മായപ്പള്ളി വീട്ടിൽ രമണൻ (53) അന്തരിച്ചു. ഭാര്യ: ഡി. ബിനിമോൾ. മക്കൾ: നിമ്മി രമണൻ, നന്ദു രമണൻ. മരുമകൻ: വിംസി. സഞ്ചയനം ഞായർ രാവിലെ 7ന്.

**വി. ജനാർദ്ദന അയ്യർ**

**ആലപ്പുഴ:** എസ്ഡി കോളേജ് റിട്ട. ലൈബ്രേറിയൻ പാലസ് വാർഡിൽ തെക്കേമത്തിൽ, ശ്രീനിവാസയിൽ വി. ജനാർദ്ദന അയ്യർ (88) അന്തരിച്ചു. ഭാര്യ: പരേതയായ സുബ്ബലക്ഷ്മി (സരോജ). മക്കൾ: ജെ. വെങ്കിടാചലം എഫ്സിഐ, വൃന്ദ (കൊല്ലം), വാണി (പാലക്കാട്). മരുമക്കൾ: അഡ്വ. സുജിനി വെങ്കിടാചലം (കെബിഎസ് വനിതാ വിഭാഗം മുൻ സംസ്ഥാന ജനറൽ സെക്രട്ടറി), ശേഖർ, ശ്രീറാം.

**ശാരദ**

**മാവേലിക്കര:** പൊന്നോരംതോട്ടം പുത്തൻപുരയിൽ വാസുദേവന്റെ ഭാര്യ ശാരദ (77) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: സോഫി, സൗമ്യ. മരുമക്കൾ: മധു, സാജൻ. സഞ്ചയനം 15ന് തിങ്കൾ 8ന്.

**അക്കാമ്മ ജോൺസ്**

**പുന്നവേലി:** പാറിടയിൽ പരേതനായ ഡി. ജോൺസിന്റെ ഭാര്യ റിട്ട. അധ്യാപിക അക്കാമ്മ ജോൺസ് (അമ്മിണി, 90) അന്തരിച്ചു. സംസ്കാരം നാളെ 11ന് പുന്നവേലി സെന്റ് തോമസ് മാർത്തോമ പള്ളിയിൽ.

**സെയ്ത്**

**ഫോർട്ടുകൊച്ചി:** ഈരവേലി ലാസർ മാർക്കറ്റ് കനാൽ റോഡ് നമ്പികുന്നിലത്ത് വീട്ടിൽ സെയ്ത് (89) അന്തരിച്ചു. സംസ്കാരം മട്ടാഞ്ചേരി മുഹ്യദ്ദീൻ പള്ളി കബർസ്ഥാനിൽ നടത്തി. ഭാര്യ: പരേതയായ ഫാത്തിമ. മക്കൾ: ബഷീർ, നാസർ, ഷഹീറ, പരേതയായ അഫ്സത്ത്. മരുമക്കൾ: സിയാദ്, നസീമ, സുഹറ, അഷറഫ്.

**കുമാരി ജോൺസൻ ചാക്കോള**

**പാലക്കാട്:** പരേതനായ ചാക്കോള ജോൺസൻ ഭാര്യ കുമാരി (72) അന്തരിച്ചു.സംസ്കാരം ഇന്ന് വൈകീട്ട് 3 മണിക്ക് തൃശൂർ പറവട്ടാനി മാർ അദ്ദായ് ശ്ലീഹാ പള്ളി സെമിത്തേരിയിൽ വച്ച്. മക്കൾ: സിംജേൺസൻ ചാക്കോള, സാം ജോൺസൻ ചാക്കോള, മരുമകൾ: ടിനു സാം ചാക്കോള.

**വിജയകുമാർ**

**പൂല്ലഴി:** എടത്തറ വിജയകുമാർ (69) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 11ന് വടൂക്കര ശ്മശാനത്തിൽ. ഭാര്യ: സരസ്വതി. മക്കൾ: രേഷ്മ, നിധീഷ്. മരുമകൻ: രജിൻ.

**ഇന്ദിരദേവി അമ്മ**

**ഓയൂർ:** പരുത്തിയറ (കണ്ണോട്ടുമുക്ക്) കൃഷ്ണസദനത്തിൽ ഇന്ദിരദേവി അമ്മ (93) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 9ന്. ഭർത്താവ്: പരേതനായ പെരുമാൾസ്വാമി. മക്കൾ: വാസുദേവ പണിക്കർ, ഗോലകൃഷ്ണ പിള്ള. മരുമക്കൾ: ഗീതാകുമാരി, സുശീലാകുമാരി.

**റാവു. എസ്**

**ചിങ്ങോലി:** വലിയതറയിൽ റിട്ട. ക്യാപ്റ്റൻ റാവു. എസ് (86) അന്തരിച്ചു. കോൺഗ്രസ്സ് ചിങ്ങോലി 10-ാം വാർഡ് കമ്മിറ്റി അംഗം ആയിരുന്നു. സംസ്കാരം നടത്തി. ഭാര്യ: വസുമതി റാവു. മക്കൾ: റൂബി പ്രസാദ്, റീന സദഗോപൻ, വിനോദ് റാവു. മരുമക്കൾ: പ്രസാദ്, സദഗോപൻ, മഞ്ജുഷ. സഞ്ചയനം 5ന് രാവിലെ 9ന്.

**ജുബൈരിയ**

**മണ്ണഞ്ചേരി:** പഞ്ചായത്ത് 5-ാം വാർഡ് പൊന്നാട് മുളക്കിൽ ജുബൈരിയ (56) അന്തരിച്ചു. ഭർത്താവ്: മുഹമ്മദ് കുഞ്ഞ് (മാഞ്ഞ). മക്കൾ: മുംതാസ്, അജ്മൽ. മരുമക്കൾ: നിസാം, തൗഫീറ.

**സുമംഗലി**

**കായംകുളം:** ചിറക്കടവം സുമംഗലി ഭവനത്തിൽ സുമംഗലി (78) അന്തരിച്ചു. സംസ്കാരം ഇന്ന് 10ന്. ഭർത്താവ്: പരേതനായ ശങ്കരൻ. മക്കൾ: സന്തോഷ്, സിന്ധു. മരുമക്കൾ: സീന, അനിൽ. സഞ്ചയനം ചൊവ്വ 8ന്.

**സരോജിനി**

**ആലങ്ങാട്:** നീറിക്കോട് അടിയിരുത്തിൽ പരേതനായ രാഘവൻ വൈദ്യരുടെ ഭാര്യ സരോജിനി രാഘവൻ (102) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: പരേതനായ മോഹനൻ, അയിഷ, ഉഷ, അശോകൻ, ബെൻസം, ലാൽജി, ജെയിൻ.

**രാധ**

**പെരിങ്ങോട്ടുകര:** കാഞ്ഞിരച്ചോട് ക്ഷേത്രത്തിനു വടക്ക് കൊച്ചത്ത് പരേതനായ വാസുദേവൻ ഭാര്യ രാധ (87) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: സുരേഷ്, സുമേഷ്. മരുമക്കൾ: ശോഭ, ദിവ്യ.

**വേശു**

**ആലത്തൂർ:** കുനിശ്ശേരി നെല്ലിക്കൊറ പരേതനായ ഗോപാലൻ ഭാര്യ വേശു (93) അന്തരിച്ചു. മക്കൾ: സുരേന്ദ്രൻ, ശിവദാസൻ, ഉദയകുമാർ, വിജയൻ, ഉഷാകുമാരി, പരേതനായ ലക്ഷ്മണൻ. മരുമക്കൾ: രജിത, സുമതി, പ്രമീള, ഷീജ, മഞ്ജുള, പരേതനായ വേണു.

**ടി. സുഗതൻ**

**തഴവ:** വടക്കുംമുറി കിഴക്ക്, കറുത്തേരി ജംഗ്ഷന് സമീപം, കുറ്റിക്കാട്ട് വടക്കതിൽ ടി. സുഗതൻ (62) അന്തരിച്ചു. ഭാര്യ: എ. സിന്ധു (ഓച്ചിറ മഠത്തിൽകാരാഴ്മ ചിറയുടെ കിഴക്കതിൽ കുടുംബാംഗം). മക്കൾ: ചിഞ്ചു ശ്യാംദാസ് (മസ്കറ്റ്), സൂരജ് (മസ്കറ്റ്). മരുമകൻ: ശ്യാംദാസ് (മസ്കറ്റ്). സഞ്ചയനം തിങ്കൾ രാവിലെ 8ന്.

**ഭരതൻ**

**ശക്തികുളങ്ങര:** കല്ലുംപുറം കുന്നേൽവീട്ടിൽ (കളഭം) ജി. ഭരതൻ (99) അന്തരിച്ചു. ഭാര്യ: ഡി. വിലാസിനി. മക്കൾ: ഗീതാദേവി, രമാദേവി, ശിവപ്രസാദ്. മരുമക്കൾ: എം. പ്രസന്നകുമാർ, കെ. രാജേന്ദ്രപ്രസാദ് (ഗരുഡാ സാനിറ്ററി, ശക്തികുളങ്ങര), ഉഷാ പ്രസാദ് (സർവേ വകുപ്പ്, കേരള മഹിളാസംഘം ശക്തികുളങ്ങര വില്ലേജ് കമ്മിറ്റി പ്രസിഡന്റ്). സഞ്ചയനം 15ന് രാവിലെ 7ന്.

**ആർ. ഗോപിനാഥപിള്ള**

**മാവേലിക്കര:** മാവേലിക്കര തെക്ക് കൊട്ടാരംപറമ്പ് ശ്രീലകം റിട്ട. ദേവസ്വം ബോർഡ് ഉദ്യോഗസ്ഥൻ ആർ. ഗോപിനാഥ പിള്ള (84) അന്തരിച്ചു. ഭാര്യ: പത്മകുമാരിയമ്മ. മക്കൾ: രഘുനാഥൻ നായർ, മിനി, ബിജു. മരുമക്കൾ: മിനി രഘു, വിക്രമൻ നായർ, ദീപ ബിജു. സഞ്ചയനം 17ന് രാവിലെ 9ന്.

**ലളിത ഹരിദാസ്**

**കലവൂർ:** ഓമനപ്പുഴ ചിറയിൽ ലളിത ഹരിദാസ് (78) അന്തരിച്ചു. മക്കൾ: രജിമോൻ, വിജിമോൻ, പരേതയായ സിന്ധു. മരുമക്കൾ: ഷീല, ധന്യ, മോഹൻദാസ്. സഞ്ചയനം 14ന് പകൽ 2.30ന്.

**ശശിധരൻ പിള്ള**

**ചാരുംമൂട്:** ചുനക്കര വടക്ക് തുണ്ടുപറമ്പിൽ ചങ്കൂർ കിഴക്കതിൽ ശശിധരൻ പിള്ള (73) അന്തരിച്ചു. ഭാര്യ: രാധാമണിയമ്മ. മക്കൾ: രാജേഷ് കുമാർ, അജേഷ് കുമാർ. സഞ്ചയനം വെള്ളി രാവിലെ 8ന്.

**ഉണ്ണികൃഷ്ണൻ നായർ**

**ചെങ്ങന്നൂർ:** വലിയ കൊട്ടാരത്തിൽ തിട്ടമേൽ ഉണ്ണികൃഷ്ണൻ നായർ (67) അന്തരിച്ചു. സംസ്കാരം നാളെ 2ന്. ഭാര്യ: ജയലക്ഷ്മി (പ്രഭ). മക്കൾ. അനന്ദു കൃഷ്ണൻ, ആതിര.

**പത്മ**

**കാഞ്ഞാണി:** അമ്പലക്കാട് കോലാട്ട് ഗോപിയുടെ ഭാര്യ പത്മ (78) അന്തരിച്ചു. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് വീട്ടുവളപ്പിൽ. മക്കൾ: നിത, ലീന, അനുരാഗ്. മരുമക്കൾ: സഞ്ജു, പരേതനായ രഘുനാഥ്, പ്രഭ.

**രാജു പാപ്പി**

**ഏഴംകുളം:** അയോധ്യ നഗർ സഞ്ജു ഭവനത്തിൽ രാജു പാപ്പി (63) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: റോസമ്മ. മക്കൾ: സഞ്ജു, സൈജു.

**മോഹനൻ പിള്ള**

**എടത്വാ:** തലവടി ഇടപ്പറമ്പിൽ മോഹനൻ പിള്ള (75) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 11ന് വീട്ടുവളപ്പിൽ. ഭാര്യ: ജയ. മക്കൾ: ധന്യ, ധനീഷ്. മരുമകൻ: പ്രദീപ്. സഞ്ചയനം 16ന് രാവിലെ 9ന്.

**പങ്കജാക്ഷൻ**

**ചാരുംമൂട്:** വെട്ടിയാർ തെക്ക് വിളയിൽ പങ്കജാക്ഷൻ (67) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: മഹിളാമണി. മകൻ: കിരൺപങ്കജ്. മരുമകൾ: ശരണ്യ കിരൺ. സഞ്ചയനം തിങ്കൾ രാവിലെ 9ന്.

**എൽ. ജഗന്നാഥ പൈ**

**ചിറ്റൂർ:** അമ്പാടിയിൽ എൽ. ജഗന്നാഥ പൈ (90) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: പ്രഭാവതി. മക്കൾ: ജെ. വിനോദ്കുമാർ: (ഇൻഷുറൻസ് കൺസൾട്ടന്റ്), ജ്യോതിലക്ഷ്മി. മരുമക്കൾ: എ.ആർ. രാമചന്ദ്ര കമ്മത്ത്(ഫാർമസി & എഫ് ബിസിനസ്), ജി. ജ്യോതി പ്രഭ (എൽഐസി എജന്റ്).

**അരവിന്ദ് വിജയ് തമ്പി**

**അരിമ്പൂർ:** എറവ് വില്ലേജ്ഓഫീസിനു സമീപം ശ്രേയസ് പഞ്ഞിപ്പറമ്പിൽ വീട്ടിൽ അരവിന്ദ് വിജയ് തമ്പി (തൃശൂർ റിലയൻസ് ട്രെൻഡ്സ് ജീവനക്കാരനാണ് (29) അന്തരിച്ചു. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് 12ന് വടൂക്കര ശ്മശാനത്തിൽ. മാതാവ്: റിട്ട. പ്രഫ. പി.എം വിജയകുമാരി (ഹിന്ദി വിഭാഗം മേധാവി, സി.അച്യുതമേനോൻ കോളേജ്, കുട്ടനെല്ലൂർ, തൃശൂർ കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ ജില്ലാ ജോ. സെക്രട്ടറി). സഹോദരങ്ങൾ: ഡോ. അനുശ്രീ രാജു (കൊയിലോൺ ഡന്റൽ ക്ലിനിക്, കടപ്പാക്കട, കൊല്ലം), ആനന്ദ് വിജയ് തമ്പി (എൻജിനീയർ, മർച്ചന്റ് നേവി, തായലണ്ട്).

**ജി. തങ്കമണി അന്തർജനം**

**തിരുവനന്തപുരം:** പാൽകുളങ്ങര വടക്കേമഠം(ഗണഗീത്) പരേതനായ എൻ. ശംഭുപോറ്റിയുടെ ഭാര്യയും പാൽകുളങ്ങര എസ്. ഗണപതി പോറ്റിയുടെ മാതാവുമായ ജി. തങ്കമണി അന്തർജനം(87), എആർഎ 214, കോഴിയോട്ട് ലൈൻ, പാൽകുളങ്ങരയിൽ അന്തരിച്ചു. മക്കൾ: പാൽകുളങ്ങര എസ്. ഗണപതി പോറ്റി(ജ്യോത്സ്യൻ), എസ്. ഗോപാലകൃഷ്ണൻ പോറ്റി, എസ്. സുശീല, പരേതനായ എസ്. നാരായണൻ പോറ്റി. മരുമക്കൾ: എസ്. സരസ്വതി(ഗീത), ബി. ശാന്തകുമാരി, പരേതനായ ശങ്കരൻ പോറ്റി, ദേവകി അന്തർജനം. സഞ്ചയനം ഞായർ രാവിലെ 8.30ന്.

## വിനോദയാത്രക്കിടയിൽ വെള്ളത്തിൽ വീണ് മരിച്ചു



**കുണ്ടറ:** കൊല്ലത്ത് നിന്ന് തകഴിയിൽ വന്ന വിനോദയാത്രക്കാരൻ വെള്ളത്തിൽ വീണ് മുങ്ങിമരിച്ചു. പുന്നുക്കന്നൂർ പെരുമ്പുഴ മിഖായേൽ ഭവനിൽ സാജൻ ഉണ്ണി (25) ആണ് മരിച്ചത്. കൈനകരി ഹൗസ് ബോട്ട് ടെർമിനലിന് സമീപമാണ് വെള്ളത്തിൽ വീണത്. പുരവഞ്ചിയിൽ നിന്ന് കരയ്ക്ക് ഇറങ്ങിയ ശേഷമാണ് അപകടം ഉണ്ടായത്. വ്യാഴം പകൽ 12നാണ് സംഭവം. കൂട്ടത്തിൽ വന്ന കുട്ടിയുടെ വെള്ളത്തിൽ വീണ തൊപ്പി എടുക്കാൻ ശ്രമിക്കവെ വെള്ളത്തിൽ വീഴുകയായിരുന്നു. പെട്ടെന്ന് മുങ്ങി താഴുകയായിരുന്നു. 10 പേർ അടങ്ങുന്ന വിനോദയാത്ര സംഘത്തിൽ പെട്ട ആൾ ആയിരുന്നു. നെടുമുടി പോലീസ് മേൽനടപടികൾ സ്വീകരിച്ചു. ആലപ്പുഴ മെഡിക്കൽ കോളേജിൽ പോസ്റ്റ്മോർട്ടത്തിന് ശേഷം ബോഡി സ്വദേശമായ കൊല്ലത്തേക്ക് കൊണ്ടു പോയി.

## അപകടത്തിൽ പരിക്കേറ്റ പാസ്റ്റർ മരിച്ചു



**കൊട്ടാരക്കര:** പുലമണിൽ വാഹനാപകടത്തിൽ പരിക്കേറ്റ മേലില ആണ്ടുവയൽ വികൂറി ഭവനിൽ പാസ്റ്റർ വികൂറാലയം (75) അന്തരിച്ചു. ബുധനാഴ്ച വൈകിട്ട് കൊട്ടാരക്കര പുലമണിൽ എംസി റോഡരികിൽ നിർത്തിയിട്ടിരുന്ന വികൂറാലയത്തിന്റെ കാറിനു പിന്നിൽ മറ്റൊരു കാർ ഇടിച്ചായിരുന്നു അപകടം.

കാറിലുണ്ടായിരുന്ന വികൂറാലയത്തിന് പുറമേ കാര്യമായ പരിക്കുണ്ടായിരുന്നില്ലെങ്കിലും ആന്തരികാവയവങ്ങൾക്കും വാരിയെല്ലിനും ക്ഷതമേറ്റിരുന്നു. താലൂക്കാശുപത്രിയിലും പിന്നീട് കൊല്ലത്ത് സ്വകാര്യ ആശുപത്രിയിലും ചികിത്സ തേടിയെങ്കിലും വ്യാഴാഴ്ച പുലർച്ചെയോടെ മരിച്ചു. ഭാര്യ: ഗ്രേസി വികൂർ. മക്കൾ: ഷാലി, ജൂലി, ലാലി. സംസ്കാരം ഞായർ രാവിലെ 11ന് കരിക്കം എസ്ഡിഎ ചർച്ച് സെമിത്തേരിയിൽ.

## തിരുവോണംനാൾ ലക്ഷ്മി തമ്പുരാട്ടി അന്തരിച്ചു



ലക്ഷ്മി തമ്പുരാട്ടി

**പന്തളം:** പന്തളം രാജകുടുംബാംഗവും കൈപ്പുഴ മുണ്ടക്കൽ കൊട്ടാരത്തിൽ പരേതയായ അവിട്ടം നാൾ മംഗല തമ്പുരാട്ടിയുടെയും കോട്ടയം കിഴിപ്പുറം ഇല്ലത്ത് പരേതനായ സി.ഡി പുരുഷോത്തമൻ നമ്പൂരിയുടെയും മകൾ തിരുവോണംനാൾ ലക്ഷ്മി തമ്പുരാട്ടി (സുകുമാരി തമ്പുരാട്ടി) അന്തരിച്ചു. 83 വയസ്സായിരുന്നു. ഇന്നലെ ഉച്ചക്ക് 2.45ന് തിരുവനന്തപുരത്തു വെച്ചായിരുന്നു അന്ത്യം. ഭർത്താവ്: തൃപ്പൂണിത്തുറ കോവിലകത്ത് പരേതനായ രവിവർമ്മ (കൊച്ചപ്പൻ) തമ്പുരാൻ. മക്കൾ: സുഭഗാ വർമ്മ, ചിത്രാ വർമ്മ (റിട്ട. അദ്ധ്യാപിക ആർആർവി സ്കൂൾ കിളിമാനൂർ). മരുമക്കൾ: സജ്ജീവ് (കോട്ടയ്ക്കൽ കോവിലകം), സുഭാഷ് വലവൂർ. ആശൂലം ആയതിനാൽ പന്തളം വലിയകോയിക്കൽ ധർമ്മ ശാസ്താ ക്ഷേത്രം അടച്ചു. ശുദ്ധിക്രിയകൾക്കു ശേഷം 22ന് തുറക്കും. സംസ്കാരം പിന്നീട്.

## മുതിർന്ന വൈദികൻ ഫാദർ ജോസഫ് തട്ടകത്ത് അന്തരിച്ചു



ഫാദർ ജോസഫ് തട്ടകത്ത്

**മാള:** കോട്ടപ്പുറം രൂപതയിലെ മുതിർന്ന വൈദികൻ ഫാദർ ജോസഫ് തട്ടകത്ത് 75 അന്തരിച്ചു. ഭൗതിക ദേഹം പ്രാർത്ഥന ശുശ്രൂഷകൾക്കു ദിവ്യ ബലിക്കു ശേഷം ഗോതുരുത്ത് സെന്റ് സെബ്വാസ്റ്റ്യൻ ദേവലയത്തിൽ സംസ്ക്കാരം നടത്തി.2023 മുതൽ വടക്കൻ പറവൂർ ജുബിലി ഹോമിൽ വിശ്രമ ജീവിതത്തിലായിരുന്നു. ഗോതുരുത്ത് പരേതരായ തട്ടകത്ത് ചീക്കുബത്രേസ്യ ദമ്പതികളുടെ മകനാണ്. മേരി, സെലീന,റെജീന (ഇരുവരും പരേതർ) എന്നിവർ സഹോദരങ്ങൾ. 1976 ഏപ്രിൽ ഒന്നിന് വരാപ്പുഴ ആർച്ച് ബിഷപ്പ് ജോസഫ് കേളന്ത്രറയിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. വരാപ്പുഴ, കോട്ടപ്പുറം രൂപതകളിലെ ദേവലയങ്ങളിലും വിവിധ സ്ഥാപനങ്ങളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

## ബൈക്ക് മതിലിൽ ഇടിച്ച് വിദ്യാർത്ഥി മരിച്ചു



ആദിത്യ ജ്യോതി

**ഉഴവൂർ:** കുറിച്ചിത്താനം വെങ്ങിണിക്കാട്ട് ജ്യോതിയുടെ മകൻ ആദിത്യ ജ്യോതിയാണ് (17) അപകടത്തിൽ മരിച്ചത്. ബുധനാഴ്ച രാത്രി ഒൻപതു മണിയോടെ ഉഴവൂർ കുര്യനാട് റോഡിൽ പൂവത്തുങ്കലിനു സമീപം നിയന്ത്രണം വിട്ട് റോഡരികിലെ ഗയിറ്റിലും മതിലിലും ഇടിച്ച പൾസർ ബൈക്കിൽ നിന്നും തെറിച്ചു വീണായിരുന്നു അപകടം. നാട്ടുകാരുടെ സഹായത്താൽ മോനിപ്പള്ളിയിലെ സ്വകാര്യആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. കുറവിലങ്ങാട് പോലീസ് നടപടികൾ സ്വീകരിച്ചു. അമ്മ: ദയ ജ്യോതി. സഹോദരൻ: കൈലാസ് ജ്യോതി (ഒന്നാം ക്ലാസ് വിദ്യാർത്ഥി).

## കുളത്തിൽ മുങ്ങിമരിച്ച നിലയിൽ കണ്ടെത്തി



ജയജീവൻ

**പെരിഞ്ഞനം:** കോവിലകത്ത് കുളത്തിൽ മുങ്ങി മരിച്ച ജയ ജീവന്റെ സംസ്കാരം ഇരിങ്ങാലക്കുട മുക്തി സ്ഥാനിൽ സംസ്കാരം നടത്തി. വ്യാഴാഴ്ച ഉച്ചയ്ക്ക് 12 മണിയോടെ പോസ്റ്റ്മോർട്ടം നടപടികൾ പൂർത്തിയാക്കി മൃതദേഹം കാട്ടൂരിലെ തറവാട്ട് വീട്ടിൽ എത്തിച്ചു. കോവിലകം പടിഞ്ഞാറ് സഹൃദയ റോഡിലെ താമസക്കാരൻ മാടമ്പിക്കാട്ടിൽ വീട്ടിൽ ജയജീവൻ (50) വീടിനടുത്തുള്ള കുളത്തിൽ വീണ് മരിച്ച നിലയിൽ കണ്ടെത്തിയത് ഇന്നലെ ഉച്ചയ്ക്ക് ഏകദേശം 1:30 ഓടെയായിരുന്നു. വിവരം അറിഞ്ഞ് കൈപമംഗലം പോലീസ് സ്ഥലത്തെത്തിയ ശേഷമാണ് മൃതദേഹം കരയ്ക്ക് കയറ്റിയത്.

അത്യുഗ്രൻ പ്രകടനത്തിന് സാധിച്ചതിൽ ഞാൻ നന്ദി അറിയിക്കുന്നത് എന്റെ ഫിറ്റ്നസ് പരിശീലകനായ അഡ്രിയാനോടാണ്. ഫിറ്റ്നസ് മികച്ച രീതിയിൽ ക്രമപ്പെടുത്തിയിരുന്നതിനാൽ യുഎഇക്കെതിരായ മത്സരത്തിൽ വേണ്ടതെല്ലാം കൃത്യതയോടെ ചെയ്യാൻ സാധിച്ചു. ഓരോ ബാറ്ററും സ്ട്രൈക്ക് ചെയ്യുമ്പോൾ അവരുടെ പദ്ധതികളെ മുൻകൂട്ടി അറിയാൻ ശ്രമിച്ചുകൊണ്ടാണ് പന്തെറിയാനൊരുങ്ങുന്നത്, അത് ഇനിയും തുടരാനാണ് തീരുമാനം

-കുൽദീപ് യാദവ്



**കാണേണ്ട കളി**
**ഹോങ്കോങ് ഓപ്പൺ**
ലക്ഷ്യാ സെൻ-ആയുഷ് ഷെട്ടി
ക്വാർട്ടർ
വൈകീട്ട് 3.30
(തത്സമയം കാണാൻ സോണി ലിവ്)



## പേജ് ഹൈലൈറ്റ്



**ഏഷ്യാ കപ്പ് വനിതാ ഹോക്കിയിൽ ഭാരതത്തിന് തോൽവി. സൂപ്പർ ഫോറിലെ രണ്ടാം മത്സരത്തിൽ ചൈനയോട് 1-4ന് പരാജയപ്പെട്ടു. ഇന്ന് ജപ്പാനെതിരായ മത്സരത്തിൽ ജയിച്ചാൽ ഭാരതത്തിന് ഫൈനലിലെത്താം. ഇന്നലെ നടന്ന സൂപ്പർ ഫോർ പോരാട്ടത്തിൽ ചൈനക്കു വേണ്ടി സൂ മെയ്റോങ് ഇരട്ട ഗോൾ നേടി. നാല്, 56 മിനിറ്റുകളിലായിരുന്നു താരത്തിന്റെ ഗോളുകൾ. ചൈനയുടെ ഷെൻ യാങ്(31-ാം മിനിറ്റ്), ടാൻ ജിൻഷാങ്(52) എന്നിവരും സ്കോർ ചെയ്തു. ഭാരതത്തിന്റെ ആശ്വാസ ഗോൾ 38-ാം മിനിറ്റിൽ മുംതാസ് ഖാൻ നേടി.**



**മധ്യനിരതാരവും തിരുവനന്തപുരം പൊഴിയൂർ സ്വദേശിയുമായ എബിൻ ദാസിനെയാണ് അവർ സ്വന്തമാക്കിയത്. കരാർ അടിസ്ഥാനത്തിലാണ് താരത്തെ വാരിയേഴ്സ് ടീമിലെത്തിച്ചത്. ആവശ്യഘട്ടത്തിൽ വിങ്ങറുടെ പൊസിഷനിലും എബിന് കളിക്കാൻ സാധിക്കും. മധ്യനിരയിൽ കളി നിയന്ത്രിക്കുന്നതിനൊപ്പം ഗോൾ അടിക്കാനും അടിപ്പിക്കാനും കഴിവുള്ള താരമാണ്.**

**LIVE Matches**

**ക്രിക്കറ്റ്**
**ഏഷ്യാകപ്പ്**
പാകിസ്ഥാൻ-ഒമാൻ
രാത്രി 8.00

**ട്വന്റി20 പരമ്പര**
ഇംഗ്ലണ്ട്-ദക്ഷിണാഫ്രിക്ക
രണ്ടാം മത്സരം
രാത്രി 8.00

ദുലീപ് ട്രോഫി
**ക്വാർട്ടർ**
ദക്ഷിണ മേഖല-മധ്യമേഖല

ബാഡ്മിന്റൺ
ഹോങ്കോങ് ഓപ്പൺ
മത്സരങ്ങൾ വൈകീട്ട് 3.30

## ലോക അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിന് നാളെ തുടക്കം

# ഗെറ്റ്, സെറ്റ് ടോക്കിയോ

**ടോക്കിയോ:** ലോക അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പ് 2025 നാളെ മുതൽ ജപ്പാനിലെ ടോക്കിയോയിൽ ആരംഭിക്കും. നഗരത്തിൽ കടുത്ത ചൂട് അനുഭവപ്പെടുന്നതിനാൽ മാരത്തൺ ഉൾപ്പെടെ ദീർഘദൂര മത്സര ഇനങ്ങൾ നേരത്തെയാക്കി. ഒമ്പത് ദിവസം നീണ്ടു നിൽക്കുന്ന ലോക കായിക മേളയുടെ ആദ്യ ദിവസമായ നാളെ 35 കിലോമീറ്റർ നടത്തത്തിന്റെ ഫൈനൽ നടക്കും. പുതിയ സമയക്രമം അനുസരിച്ച് ഇതടക്കമുള്ളവ അര മണിക്കൂർ നേരത്തെയായിരിക്കും ആരംഭിക്കുക. രാവിലെ എട്ടിന് ഷെഡ്യൂൾ ചെയ്തിരുന്ന മത്സരങ്ങൾ ഏഴരയോടെയാക്കി. നടത്തം കൂടാതെ മാരത്തണിനും പുതുക്കിയ സമയക്രമം ബാധകമാണ്. കഴിഞ്ഞ ദിവസങ്ങളിലായി ഇവിടെ 31 ഡിഗ്രിക്കു മേൽ ചൂട് ആണ് അനുഭവപ്പെടുന്നത്. വരും ദിവസങ്ങളിൽ 31-34 ഡിഗ്രി വരെ ചൂട് ഉണ്ടായേക്കാമെന്നാണ് കാലാവസ്ഥാ പ്രവചനം. ജപ്പാനിൽ കഴിഞ്ഞ മാസം സൂര്യാഘാതമേറ്റ് മൂവായിരത്തിലേറെ പേരെയാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

മാരത്തണിനായി നിശ്ചയിച്ചിട്ടുള്ള നിരത്തുകളിൽ 185 വാട്ടർ സ്റ്റോപ്പുകളാണ് ക്രമീകരിച്ചിട്ടുള്ളത്. കൂടാതെ മത്സരം നടക്കുന്ന സ്റ്റേഡിയത്തിൽ പരിശീലനത്തിനെത്തുന്ന താരങ്ങളും കോച്ചുമാരടക്കമുള്ള ടീമംഗങ്ങൾക്കുമായി സ്റ്റേഡിയത്തിലെ വിശ്രമകേന്ദ്രങ്ങളിൽ താൽക്കാലിക ശീതീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ചൂട് മൂലം ഉണ്ടാകാനിടയുള്ള അവശതകൾ പരിഹരിക്കാനും ചികിത്സിക്കാനും മത്സര വേദികളിലെ മെഡിക്കൽ സംഘത്തിൽ പ്രത്യേക വിഭാഗം ജാഗ്രതയോടെ നിൽക്കുന്നുണ്ട്. ടോക്കിയോയിലെ ഒളിംപിക് സ്റ്റേഡിയമാണ് പ്രധാന വേദി. 49 ഇനങ്ങളിലാണ് മത്സരങ്ങൾ നടക്കുക. ചരിത്രത്തിൽ ഇത് മൂന്നാം തവണയാണ് ജപ്പാൻ ലോക അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിന് വേദിയാകുന്നത്. നാളെ ആരംഭിക്കുന്ന ചാമ്പ്യൻഷിപ്പ് 21നാണ് അവസാനിക്കുക.

## ലക്ഷ്യ സെൻ, ആയുഷ്, സാത്വിക്- ചിരാഗ് ക്വാർട്ടറിൽ

**വിക്ടോറിയ പാർക്ക്:** ഭാരതത്തിന്റെ യുവ ബാഡ്മിന്റൺ താരം ആയുഷ് ഷെട്ടി മിന്നും വിജയം കൊയ്ത് ഹോങ്കോങ് ഓപ്പൺ ക്വാർട്ടറിൽ പ്രവേശിച്ചു. ചാമ്പ്യൻഷിപ്പിൽ ഇന്നലെ നടന്ന മത്സരത്തിൽ നിലവിലെ ലോക ചാമ്പ്യൻഷിപ്പ് വെള്ളി ജേതാവ് ജപ്പാന്റെ കോഡയി നരോക്കയെ തോൽപ്പിച്ചാണ് മുന്നേറ്റം.

ത്രില്ലർ പോരാട്ടത്തിനൊടുവിലാണ് ലോക രണ്ടാം നമ്പർ താരത്തെ ആയുഷ് അട്ടിമറിച്ചത്. സ്കോർ 21-19, 12-21, 21-14നായിരുന്നു വിജയം. ആവേശപ്പോരാട്ടം 72 മിനിറ്റോളം നീണ്ടു. ഇന്ന് ക്വാർട്ടറിൽ ഭാരത താരം ലക്ഷ്യ സെൻ ആണ് ആയുഷിന്റെ എതിരാളി. ഇന്നലെ പ്രീക്വാർട്ടറിൽ മലയാളി താരം എച്ച്എസ് പ്രണോയിയെ തോൽപ്പിച്ചാണ് ലക്ഷ്യാ സെന്നിന്റെ മുന്നേറ്റം. പ്രണോയിക്കെതിരെ കടുത്ത പോരാട്ടത്തിലൂടെയാണ് ലക്ഷ്യ വിജയം കണ്ടത്. സ്കോർ 15-21, 21-18, 21-10നാണ് മത്സരം അവസാനിച്ചത്. പുരുഷ സിംഗിൾസിലിറങ്ങിയ മറ്റൊരു താരം കിരൺ ജോർജ് ചൈനീസ് തായിപേയി താരം കൂ ടിയെൻ ഷെന്നിനോട് പരാജയപ്പെട്ട് പുറത്തായി. സ്കോർ 6-21, 12-21ന് നേരിട്ടുള്ള സെറ്റ് തോൽവിയാണ് വഴങ്ങിയത്.

ഭാരതത്തിന്റെ പുരുഷ ഡബിൾസ് താരങ്ങളായ സാത്വിക് സായിരാജ്-റങ്കിറെഡ്ഡി സഖ്യത്തിന് ഇന്ന് ക്വാർട്ടറിൽ മലേഷ്യൻ സഖ്യം ജുനൈദ് ആരിഫ്-റോയി കിങ് യാപിനെ ആണ് നേരിടേണ്ടത്.

# ഹോങ്കോങ്ങിന് 143



**അബുദാബി:** ട്വന്റി20 ക്രിക്കറ്റിൽ ബംഗ്ലാദേശിന് മുന്നിൽ ഹോങ്കോങ്ങിന്റെ വിജയലക്ഷ്യം 144. ഗ്രൂപ്പ് ബിയിൽ നടന്ന മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത ഹോങ്കോങ് നിശ്ചിത 20 ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 143 റൺസെടുത്തു.

ടോസ് ബംഗ്ലാദേശിനായിരുന്നു. എതിരാളികളെ ബാറ്റിങ്ങിന് വിട്ടു. അൻഷുമാൻ റാത്തിനെ(നാല്) നഷ്ടപ്പെട്ടതിലൂടെ തുടക്കം തന്നെ ഹോങ്കോങ്ങിന് തിരിച്ചടി നേരിട്ടു. ഓപ്പണർ സീഷൻ അലി ഇന്നിങ്സിന് അടിത്തറയൊരുക്കാൻ ശ്രമിച്ചു. പക്ഷെ വേണ്ട ത്ര പിന്തുണ ലഭിക്കാതെ വന്നതോടെ 30 റൺസുമായി മടങ്ങി. തൻസീബ് ഹസൻ സാക്കിബ് ആണ് പുറത്താക്കിയത്. സീഷൻ ക്രീസ് വിട്ടുപോകുമ്പോൾ മറുവശത്തുണ്ടായിരുന്ന നിസാകത്ത് ഖാൻ മികച്ച ഇന്നിങ്സ് കാഴ്ചവച്ചു. 40 പന്തുകൾ നേരിട്ട താരം രണ്ട് ബൗണ്ടറിയും ഒരു സിക്സറും സഹിതം 42 റൺസെടുത്തു. നിസാകാത്തിനൊപ്പം ക്യാപ്റ്റൻ യാസിം മുർതാസയും(28) ഭേദപ്പെട്ട പ്രകടനം കാഴ്ചവച്ചു. മുർതാസ റണ്ണൗട്ടായതോടെ ഹോങ്കങ് നില പിന്നെയും പരിതാപകരമായി. ഒടുവിൽ പൊരുതാവുന്ന ടോട്ടൽ എത്തിപ്പിടിക്കുകയായിരുന്നു.

ബംഗ്ലാദേശിന് വേണ്ടി താസ്കിൻ അഹമ്മദ്, തൻസീബ് ഹസൻ സാക്കിബ്, റിഷാദ് ഹൊസ്സെയിൻ എന്നിവർ രണ്ട് വീതം വിക്കറ്റുകൾ നേടി.




**ബംഗ്ലാദേശിനെതിരായ ഏഷ്യാകപ്പ് മത്സരത്തിൽ ഹോങ്കോങ് താരം സീഷൻ അലി റിവേഴ്സ് സ്വീപ്പിന് ശ്രമിക്കുന്നു**

## പാകിസ്ഥാൻ ഇന്ന് ആദ്യ മത്സരത്തിന്

**ദുബായി:** ഏഷ്യാകപ്പ് ക്രിക്കറ്റിൽ ഇന്ന് പാകിസ്ഥാന് ആദ്യ മത്സരം. ഗ്രൂപ്പ് എയിൽ രാത്രി എട്ടിന് നടക്കുന്ന മത്സരത്തിൽ ഒമാൻ ആണ് എതിരാളികൾ. രണ്ട് ടീമിന്റെയും ആദ്യ മത്സരമാണിത്.

ഏഷ്യാകപ്പ് മുൻ ജേതാക്കളായ പാകിസ്ഥാനെ മുഹമ്മദ് ഹാരിസ് ആണ് നയിക്കുന്നത്. താരതമ്യേന ചെറു ടീമായ ഒമാന് പാകിസ്ഥാനെതിരെ അത്ഭുതം കാട്ടാൻ കഴിയുമോയെന്നാണ് ക്രിക്കറ്റ് ലോകം കാത്തിരിക്കുന്നത്. ജതീന്ദർ സിങ് ആണ് ഒമാനെ നയിക്കുന്നത്.

## വനിതാ ലോകകപ്പ് വനിതകൾ നിയന്ത്രിക്കും



**ദുബായി:** വനിതകളുടെ ലോകകപ്പ് ക്രിക്കറ്റ് സമ്പൂർണമായും വനിതകൾ നിയന്ത്രിക്കും. ഈ മാസം 30 മുതൽ നവംബർ രണ്ട് വരെ നീണ്ടു നിൽക്കുന്ന ഐസിസി വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിനായി പത്ത് അംപയർമാരെയും നാല് മാച്ച് റെഫറിമാരെയും അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ (ഐസിസി) ചുമതലപ്പെടുത്തി.

ഇത് വലിയൊരു നാഴികക്കല്ലായി കണക്കാക്കുന്നു. വനിതാ ക്രിക്കറ്റിനെ വളർത്തുകയെന്ന ഐസിസിയുടെ പ്രഖ്യാപിത നയം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമാണിതെന്ന് ഐസിസി വാർത്താ കുറിപ്പിൽ അറിയിച്ചു.

ഐസിസി ഇന്നലെയാണ് ഇക്കാര്യം ഔദ്യോഗികമായി പ്രഖ്യാപിച്ചത്. വനിതാ ക്രിക്കറ്റിന്റെ ചരിത്രത്തിൽ ആദ്യമായാണ് നടത്തിപ്പിന്റെ ഔദ്യോഗിക പാനൽ സമ്പൂർണമായും വനിതകൾ നിയോഗിക്കപ്പെടുന്നത്. ഒടുവിൽ നടന്ന രണ്ട് വനിതാ ട്വന്റി20 ലോകകപ്പുകളും 2022ലെ ബർമിങ്ങാം കോമൺ വെൽത്ത് ഗെയിംസിലെ വനിതകളുടെ മത്സരങ്ങളും ഇത്തരത്തിൽ സമ്പൂർണമായി വനിതകൾ നിയന്ത്രിച്ചിരുന്നു. വളരെ പരിചയ സമ്പന്നരായ അംപയർമാരെയാണ് വമ്പൻ ചാമ്പ്യൻഷിപ്പിനുള്ള ദൗത്യം ഏൽപ്പിച്ചിരിക്കുന്നത്. ക്ലെയർ പോളോസാക്, ജാക്യുലിൻ വില്ല്യംസ് തുടങ്ങിയവർ പാനലിൽ ഉൾപ്പെടുന്നു.

## ദുലീപ് ട്രോഫി

### ദക്ഷിണ മേഖലയ്ക്ക് വൻ തകർച്ച

# 149ന് പുറത്ത്

**ബെംഗളൂരു:** ദുലീപ് ട്രോഫി ക്രിക്കറ്റ് ഫൈനലിന്റെ ആദ്യ ദിനം മധ്യമേഖലയ്ക്ക് ആധിപത്യം. ആദ്യം ബാറ്റ് ചെയ്ത ദക്ഷിണ മേഖലയെ 149 റൺസിന് പുറത്താക്കിയ അവർ രണ്ടാം ദിവത്തേക്ക് മത്സരം പിരിയുമ്പോൾ വിക്കറ്റ് നഷ്ടം കൂടാതെ 50 റൺസെടുത്തിട്ടുണ്ട്.

മധ്യനിര ഓപ്പണർമാരായ ഡാനിഷ് മാലേവറും(28) അക്ഷയ് വാഡ്കറും(20) ആണ് ക്രീസിൽ. നേരത്തെ ടോസ് നേടിയ മധ്യമേഖല ദക്ഷിണ മേഖലയെ ബാറ്റിങ്ങിന് വിട്ടു. ഓപ്പണർ തന്മയ് അഗർവാൾ നേടിയ 31 റൺസ് ആണ് ദക്ഷിണ മേഖലയുടെ ടോപ് സ്കോറർ. മലയാളി താരം സൽമാൻ നിസാർ നേടിയ 24 റൺസ് ആണ് രണ്ടാമത്തെ ടോപ് സ്കോറർ. മറ്റ് ബാറ്റർമാരിൽ അങ്കിത് ശർമ(20) മാത്രമാണ് വ്യക്തിഗത സ്കോർ 20 റൺസ് തികച്ചത്. സ്പിൻ ബൗളർമാരായ ശരൺഷ് ജെയിനും കുമാർ കാർത്തികേയയും ചേർന്നാണ് ദക്ഷിണമേഖലയെ തകർത്തത്. ശരൺഷ് അഞ്ചും കുമാർ കാർത്തികേയ നാലും വിക്കറ്റുകൾ നേടി. തന്മയ് അഗർവാൾ റണ്ണൗട്ടാകുകയായിരുന്നു.

### ലോക ബോക്സിങ്: പൂജ റാണി മെഡൽ ഉറപ്പിച്ചു



**ലിവർപൂൾ:** ലോക ബോക്സിങ് ചാമ്പ്യൻഷിപ്പ് വനിതാ പോരാട്ടത്തിൽ ഭാരതത്തിന്റെ പൂജ റാണി മെഡൽ ഉറപ്പിച്ചു. വനിതകളുടെ 80 കിലോ വിഭാഗത്തിൽ പോളണ്ടിന്റെ എമിലിയ കോട്ടർസ്കയെ പരാജയപ്പെടുത്തിയ പൂജ സെമി ഉറപ്പാക്കി. പോളിഷ് താരത്തെ 3-2നാണ് പൂജ കീഴടക്കിയത്. ലോക ബോക്സിങ്ങിൽ ഇതോടെ ഭാരതത്തിനായി മെഡൽ ഉറപ്പിക്കുന്ന വനിതാ താരങ്ങളുടെ എണ്ണം മൂന്നായി. 57 കിലോ വിഭാഗത്തിൽ ജെയ്സ്മിൻ ലംബോറിയ സെമിയിലെത്തിയിരുന്നു. ആദ്യ മെഡൽ ഉറപ്പിച്ചത് 80+ കിലോ വിഭാഗത്തിൽ സെമിയിലെത്തിയ നൂപുർ ശർമയാണ്.

## ഏഷ്യാകപ്പ് ഹോക്കിയിൽ ഭാരത വനിതകൾക്ക് തോൽവി



**വനിതാ ഏഷ്യാകപ്പ് ഹോക്കി സൂപ്പർ ഫോറിൽ ഭാരതവും ചൈനയും തമ്മിൽ നടന്ന പോരാട്ടത്തിൽ നിന്ന്**

**ഹാങ്ഷോ:** ഏഷ്യാ കപ്പ് വനിതാ ഹോക്കിയിൽ ഭാരതത്തിന് തോൽവി. സൂപ്പർ ഫോറിലെ രണ്ടാം മത്സരത്തിൽ ചൈനയോട് 1-4ന് പരാജയപ്പെട്ടു. ഇന്ന് ജപ്പാനെതിരായ മത്സരത്തിൽ ജയിച്ചാൽ ഭാരതത്തിന് ഫൈനലിലെത്താം.

ഇന്നലെ നടന്ന സൂപ്പർ ഫോർ പോരാട്ടത്തിൽ ചൈനക്കു വേണ്ടി സൂ മെയ്റോങ് ഇരട്ട ഗോൾ നേടി. നാല്, 56 മിനിറ്റുകളിലായിരുന്നു താരത്തിന്റെ ഗോളുകൾ. ചൈനയുടെ ഷെൻ യാങ്(31-ാം മിനറ്റ്), ടാൻ ജിൻഷാങ്(52) എന്നിവരും സ്കോർ ചെയ്തു. ഭാരതത്തിന്റെ ആശ്വാസ ഗോൾ 38-ാം മിനിറ്റിൽ മുംതാസ് ഖാൻ നേടി.

ഭാരതത്തിന്റെ ഇന്നത്തെ മത്സരം ജപ്പാനെതിരെ 4.45നാണ്. സൂപ്പർ ഫോറിലെ ഈ അവസാന മത്സരത്തിൽ ജയിച്ചില്ലെങ്കിൽ ഭാരതത്തിന്റെ കിരീട പ്രതീക്ഷകൾ അവസാനിക്കും. ജയിച്ചാൽ ഫൈനലിൽ ചൈനക്കെതിരെ പോരാടാൻ യോഗ്യത നേടും.

## ബ്ലാസ്റ്റേഴ്സ് താരം എബിൻ ദാസിനെയും സ്വന്തമാക്കി കണ്ണൂർ വാരിയേഴ്സ്

**കണ്ണൂർ:** സൂപ്പർ ലീഗ് കേരള പുതിയ സീസണിൽ കിരീടം ലക്ഷ്യമിട്ട് തയ്യാറെടുപ്പ് നടത്തുന്ന കണ്ണൂർ വാരിയേഴ്സ് കേരള ബ്ലാസ്റ്റേഴ്സ് താരത്തെയും ടീമിലെത്തിച്ചു. മധ്യനിരതാരവും തിരുവനന്തപുരം പൊഴിയൂർ സ്വദേശിയുമായ എബിൻ ദാസിനെയാണ് അവർ സ്വന്തമാക്കിയത്. കരാർ അടിസ്ഥാനത്തിലാണ് താരത്തെ വാരിയേഴ്സ് ടീമിലെത്തിച്ചത്. ആവശ്യഘട്ടത്തിൽ വിങ്ങറുടെ പൊസിഷനിലും എബിന് കളിക്കാൻ സാധിക്കും. മധ്യനിരയിൽ കളി നിയന്ത്രിക്കുന്നതിനൊപ്പം ഗോൾ അടിക്കാനും അടിപ്പിക്കാനും കഴിവുള്ള താരമാണ്.



**എബിൻ ദാസ്**

കേരള ബ്ലാസ്റ്റേഴ്സ് റിസർവ് ടീമിൽ കളിച്ച താരം 2024-25 സീസണിൽ സൂപ്പർ കപ്പിൽ കേരള ബ്ലാസ്റ്റേഴ്സ് സീനിയർ ടീമിനായി അരങ്ങേറി. മോഹൻ ബഗാൻ സൂപ്പർ ജയന്റ്സിനെതിരെയാണ് താരം അരങ്ങേറ്റം കുറിച്ചത്. കഴിഞ്ഞ സീസണിൽ കേരള പ്രമീയർ ലീഗിൽ ബ്ലാസ്റ്റേഴ്സിന് വേണ്ടി 13 മത്സരങ്ങളിൽ നിന്ന് ആറ് ഗോളുകൾ നേടി.

ഭാരത ടീമിന്റെ അണ്ടർ 16, 19, 20 വിഭാഗത്തിൽ കളിച്ചിട്ടുണ്ട്. 2020-21 സീസണിൽ അണ്ടർ 16 വിഭാഗത്തിൽ ദുബായിയിൽ നടന്ന ഫുട്ബോൾ പര്യടനത്തിലാണ് ആദ്യം ഭാരത കുപ്പായം അണിഞ്ഞത്. അന്ന് ഭാരതത്തിന് വേണ്ടി അബുദാബി ക്ലബിനെതിരെ ഗോളും നേടി. ആ വർഷത്തെ കേരള ഫുട്ബോൾ അസോസിയേഷന്റെ മികച്ച താരത്തിനുള്ള പുരസ്കരവും സ്വന്തമാക്കിയിരുന്നു. അണ്ടർ 20 വിഭാഗത്തിൽ സാഫ് കപ്പ്, ഏഷ്യ കപ്പ് എന്നീ മത്സരങ്ങളും കളിച്ചു. 2023 അണ്ടർ 19 സാഫ് കപ്പ് ജേതാക്കളായ ഭാരത ടീമിൽ എബിൻ ഉണ്ടായിരുന്നു. ദേശീയ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ കേരളത്തിന് വേണ്ടി അണ്ടർ 14 വിഭാഗത്തിൽ കളിച്ച താരം ആറ് മത്സരങ്ങളിൽ നിന്നായി രണ്ട് ഹാട്രിക്ക് അടക്കം പത്ത് ഗോളാണ് നേടിയത്.

ലിറ്റിൽ ഫ്ളവർ ഫുട്ബോൾ അക്കാദമി, ഗോകുലം കേരള എഫ്.സി., എന്നീ ടീമുകൾക്ക് വേണ്ടിയും ബൂട്ടു കെട്ടിയിട്ടുണ്ട്.

## എറിക്സൺ വുൾഫ്സ്ബർഗിൽ

**ബെർലിൻ:** ഡെൻമാർക്കിൽ നിന്നുള്ള മധ്യനിര ഫുട്ബോളർ ക്രിസ്റ്റ്യൻ എറിക്സണെ വുൾഫ്സ്ബർഗ് സൈൻ ചെയ്തു. പ്രീമിയർ ലീഗ് വമ്പൻമാരായ മാഞ്ചസ്റ്റർ യുണൈറ്റഡുമായുള്ള ബന്ധം അവസാനിപ്പിച്ചാണ് എറിക്സൺ ജർമൻ ക്ലബ്ബുമായി കൈകോർത്തത്.

33കാരനായ എറിക്സൺ വുൾഫ്സ്ബർഗുമായി 2027 വരെയാണ് കരാറിലേർപ്പെട്ടിരിക്കുന്നത്. യുണൈറ്റഡിൽ മൂന്ന് സീസണുകളിലായി 107 മത്സരങ്ങളിൽ എറിക്സൺ കളിച്ചു. എട്ട് ഗോളുകൾ നേടി. കഴിഞ്ഞ വർഷം ടീം കരബാവോ കപ്പിൽ മുത്തമിട്ടതിൽ എറിക്സണിന്റെ പ്രകടനം നിർണായകമായിരുന്നു.

## മർദ്ദനത്തെ തുടർന്ന് മാതാവ് ജീവനൊടുക്കി; മകൻ അറസ്റ്റിൽ


റെജി വർഗ്ഗീസ്

**കൊട്ടാരക്കര:** ആസിഡ് ഉള്ളിൽ ചെന്ന് വീട്ടമ്മ മരിച്ച സംഭവത്തിൽ മകൻ അറസ്റ്റിൽ. അമ്പലക്കര കണ്ണംകുളം നിരപ്പുവിളയിൽ ലീലാമ്മ(60) മരിച്ച സംഭവത്തിൽ മകൻ റെജി വർഗ്ഗീസിനെ(37) യാണ് കൊട്ടാരക്കര പോലീസ് അറസ്റ്റ് ചെയ്തത്.

റജി വർഗീസ് ക്രൂരമായി മർദ്ദിച്ചതിനെ തുടർന്നാണ് ലീലാമ്മ ആത്മഹത്യ ചെയ്തതെന്നും ആത്മഹത്യ പ്രേരണാകുറ്റം ചുമത്തിയാണ് അറസ്റ്റ് ചെയ്തതെന്നും കൊട്ടാരക്കര പോലീസ് പറയുന്നു. ചൊവ്വാഴ്ചയായിരുന്നു സംഭവം. അന്നേ ദിവസം റജി ലീലാമ്മയെ മദ്യപിക്കാൻ പണം ആവശ്യപ്പെട്ട് ക്രൂരമായി മർദ്ദിച്ചിരുന്നു.

തുടർന്നാണ് ആസിഡ് ഉള്ളിൽ ചെന്ന നിലയിൽ ലീലാമ്മയെ കണ്ടെത്തിയതും ചികിത്സയിലിരിക്കെ മരിച്ചതും. മർദ്ദനമേറ്റതിന്റെ അടയാളങ്ങൾ മൃതദേഹ പരിശോധനയിൽ കണ്ടെത്തി. സ്ഥിരമായി മദ്യപിക്കാനായി പണം ചോദിച്ചു റജി അമ്മയെ മർദിക്കുകയും വഴക്ക് ഉണ്ടാക്കുകയും ചെയ്യുമായിരുന്നു എന്ന് പരിസരവാസികൾ പറഞ്ഞു. കോടതിയിൽ ഹാജരാക്കിയ റെജിയെ റിമാൻഡ് ചെയ്തു.

## കരിമണൽ ഖനനം ‘കാണാതെ’ സിപിഐ; സംസ്ഥാന സമ്മേളനത്തിൽ മൗനം

**ആലപ്പുഴ:** ജില്ലയിലെ പ്രധാന പരിസിഥിതി പ്രശ്നമായ കരിമണൽ ഖനനം അടക്കം സിപിഐ ഉയർത്തിയ വിഷയങ്ങൾ സ്പർശിക്കാതെ സംസ്ഥാന സമ്മേളനത്തിലെ രാഷ്ട്രീയ, പ്രവർത്തന റിപ്പോർട്ടുകൾ. വിവിധ ജില്ലാ സമ്മേളനങ്ങളിൽ ഉയർന്ന, തെരഞ്ഞെടുപ്പുകളിലെ വോട്ടുചോർച്ചയും വിവിധ വകുപ്പുകളുടെ പോരായ്മയും കസ്റ്റഡി മർദ്ദനവും കണ്ടില്ലന്നു നടിക്കുന്നതായിരുന്നു റിപ്പോർട്ടുകളിലെ പരാമർശങ്ങൾ. എന്നാൽ ഇതിൽ പല വിഷയങ്ങളും പ്രതിനിധികൾ ചർച്ചയിൽ ഉയർത്തി.

സിപിഐ ആലപ്പുഴ ജില്ല സമ്മേളനത്തിൽ അവതരിപ്പിച്ച രാഷ്ട്രീയ റിപ്പോർട്ടിൽ ഉന്നയിച്ച പ്രധാന വിമർശനങ്ങളിൽ ഒന്നായിരുന്നു തീരശോഷണത്തിന് കാരണമാകുമെന്ന പഠന റിപ്പോർട്ടിനെ മാനിക്കാതെ വ്യവസായ വകുപ്പ് നടത്തുന്ന കരിമണൽ ഖനനം. സിപിഐയുടെ എതിർപ്പ് മാനിക്കാതെ സാമ്പത്തിക ലാഭം മാത്രം ലക്ഷ്യം വെച്ച് കോടിക്കണക്കിന് രൂപയുടെ കരിമണൽ കടത്തുന്നതായും ഇത് കുട്ടനാടിന് അടക്കം ഭീഷണി എന്നതുമായിരുന്നു റിപ്പോർട്ട്. എന്നാൽ ആലപ്പുഴയിൽ നടക്കുന്ന സംസ്ഥാന സമ്മേളനത്തിൽ അവതരിപ്പിച്ച രാഷ്ട്രീയ റിപ്പോർട്ടിൽ ഈ വിഷയത്തെക്കുറിച്ച് പരാമർശമൊന്നുമില്ല. .

### അങ്കണവാടികളിൽ പരിഷ്ക്കരിച്ച മെനു

# ഭൗതികസാഹചര്യങ്ങളില്ല; ജീവനക്കാർ നെട്ടോട്ടത്തിൽ

**ഹരിപ്പാട്:** സംസ്ഥാന സർക്കാർ നിർദേശ പ്രകാരം അങ്കണവാടികളിൽ പരിഷ്കരിച്ച മെനു പ്രകാരം ഭക്ഷണ വിതരണം ആരംഭിച്ചെങ്കിലും ഭൗതിക സാഹചര്യങ്ങളുടെ അഭാവത്തിൽ വലഞ്ഞ് ജീവനക്കാർ.ആഴ്ചയിൽ 6 ദിവസം മുട്ട ബിരിയാണി ഉൾപ്പെടെയുള്ള പോഷക സമൃദ്ധമായ ഭക്ഷണം അങ്കണവാടി കുട്ടികൾക്ക് വിതരണം ചെയ്യണമെന്നാണ് സർക്കാരിന്റെ നിർദേശം. പാൽ, മുട്ട, പച്ചക്കറി ഉൾപ്പെടെയുള്ള ഭക്ഷണ സാധനങ്ങൾ കേടുകൂടാതെ സൂഷിക്കാൻ ഫ്രിഡ്ജോ, പലവ്യഞ്ജനങ്ങൾ പൊടിച്ചെടുക്കാനുള്ള മിക്സിയോ, അരയ്ക്കാനുള്ള ഗ്രയിന്ററോ സംസ്ഥാനത്തെ ഒരു അങ്കണവാടിക്കും സർക്കാർ നൽകിയിട്ടില്ല.

അങ്കണവാടിയുടെ സമീപത്തെ വീടുകളിലോ ജീവനക്കാർ വീട്ടിലോ കൊണ്ടുപോയാണ് സാധനങ്ങൾ സൂക്ഷിക്കുന്നത്. ജീവനക്കാർ കയ്യിൽ നിന്ന് പണം നല്കി വാങ്ങുന്ന പച്ചക്കറിയുടേയും ഭക്ഷ്യസാധനങ്ങളുടെയും ജിഎസ്ടി ഉൾപ്പെടെയുള്ള ബില്ല് ഐസിഡിഎസിൽ നൽകണം. മൂന്നോ നാലോ മാസങ്ങൾ കൂടുമ്പോഴാണ് ബില്ല് പാസായി അക്കൗണ്ടിൽ പണം എത്തുന്നത്. ഫ്രിഡ്ജ് ഇല്ലാത്തതിനാൽ പച്ചക്കറി, പാൽ, മുട്ട എന്നിവ കേടുവരാറുണ്ട്. കേടായ സാധനങ്ങളുടെ തുക ജീവനക്കാർ സഹിക്കണം.

കേന്ദ്ര-ത്രിതല പഞ്ചായത്തുകൾ സംയുക്തമായാണ് അങ്കണവാടിയിൽ ഭക്ഷണത്തിന് ചെലവാകുന്ന തുക അനുവദിക്കുന്നത്. അങ്കണവാടികളുടെ ഭൗതിക സാഹചര്യം അതാത് പഞ്ചായത്തുകൾ വഹിക്കണമെന്നാണ് നിർദേശം. മുട്ട ബിരിയാണിക്ക് പുറമേ നിർദിഷ്ട ദിവസങ്ങളിൽ വിവിധ തരം പാൽ ഉത്പ്പന്നങ്ങൾ, ന്യൂട്രീൻ ലഡു, പായസം, കൊഴുക്കട്ട, അട തുടങ്ങിയവ നൽകണമെന്നാണ് പരിഷ്കരിച്ച മെനുവിലുള്ളത്.

ലഡു ഉൾപ്പെടെ പ്രഭാത ഭക്ഷണത്തിനും ജനറൽ ഫീഡിംഗിനും ആവശ്യമായ അരിപ്പൊടി സർക്കാർ അനുവദിച്ചിട്ടില്ല. ജീവനക്കാർ കൈയിൽ നിന്ന് പണം നല്കി വാങ്ങിയാണ് ഭക്ഷണം പാകം ചെയ്ത് നൽകുന്നത്. ഭക്ഷണ സാധനങ്ങൾ കൂടാതെ വൈദ്യുതി ബി

ൽ, വെള്ളക്കരം, വിറക്, ഗ്യാസ് എന്നിവയ്ക്കുള്ള തുകയും ജീവനക്കാർ മുടക്കണം. ഇതും മാസങ്ങൾ കഴിഞ്ഞു മാത്രമെ തിരികെ ലഭിക്കൂ.

ഹെൽപ്പർ തസ്തിക ഒഴിഞ്ഞു കിടക്കുന്ന അങ്കണവാടികളിൽ കുട്ടികളെ പഠിപ്പിക്കാനും

ഭക്ഷണം തയ്യാറാക്കാനും ഭൗതിക സാഹചര്യങ്ങൾ അടുപ്പിക്കാനും അദ്ധ്യാപകർ തന്നെ മുന്നിട്ടിറങ്ങണം. ചെറിയ ശമ്പളത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് അങ്കണവാടിയിലെ ചെലവ് വഹിച്ച ശേഷം മിച്ചം വെയ്ക്കാൻ ഒന്നുമില്ലാത്ത അവസ്ഥയാണ്. ജീവിത ചെലവുകൾ തട്ടിമുട്ടി മുൻപോട്ട് പോ

കുമ്പോൾ സർക്കാർ നിർദേശിച്ച ഭക്ഷണ മെനു ജീവനക്കാർക്ക് ബാധ്യതയായി തീരുകയാണ്.

സംസ്ഥാനത്തെ ഏതാനും ഗ്രാമപഞ്ചായത്തുകൾ ഭൗതിക സഹചര്യ വികസത്തിന് ഫണ്ട് അനുവദിക്കുന്നതല്ലാതെ സർക്കാർ യാതൊരു നടപടിയും പ്രഖ്യാപിച്ചിട്ടില്ല. വനിത-ശിശു വികസന വകുപ്പ് ഭൗതിക സാഹചര്യം ഒരുക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നാണ് ജീവനക്കാരുടെ ആവശ്യം.

## വാളകത്ത് ബിജെപിക്ക് ഓഫീസായി

**കൊട്ടാരക്കര:** ബിജെപി വാളകം ഏരിയ കമ്മിറ്റി ഓഫീസ് ഉദ്ഘാടനം ഈസ്റ്റ് ജില്ലാ പ്രസിഡന്റ് രാജി പ്രസാദ് നിർവഹിച്ചു. ഏരിയ പ്രസിഡന്റ് ശ്രീജി ബൈജു അധ്യക്ഷയായി.

ജില്ലാ ജനറൽ സെക്രട്ടറി അഡ്വ. വയയ്ക്കൽ സോമൻ, മണ്ഡലം പ്രസിഡന്റ് അനീഷ് കിഴക്കേക്കര ജനറൽ സെക്രട്ടറി സുജിത്, വൈസ് പ്രസിഡന്റ് അണ്ടൂർ രാധാകൃഷ്ണൻ, ഏരിയ ജനറൽ സെക്രട്ടറി സുരേഷ് അമ്പലക്കര, , ഏരിയ സെക്രട്ടറി സെൽവി എന്നിവർ സംസാരിച്ചു



തമിഴ്നാട്ടിൽ നിന്നുമുള്ള സംഘം കൊട്ടാരക്കര നഗരസഭ സന്ദർശിച്ചപ്പോൾ

## തമിഴ്നാട് സംഘം കൊട്ടാരക്കര നഗരസഭ സന്ദർശിച്ചു

**കൊട്ടാരക്കര:** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം പഠിക്കുന്നതിനായി തമിഴ്നാട്ടിൽ നിന്നും 20 അംഗസംഘം കൊട്ടാരക്കര നഗരസഭ സന്ദർശിച്ചു. തമിഴ്നാട്ടിലെ തന്നാച്ചി എന്ന എൻജിഒ സംഘമാണ് എത്തിയത്. തമിഴ്നാട് സർക്കാരിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് അനുബന്ധ വകുപ്പുകളുടെയും പ്രവർത്തനം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്ന സംഘമാണ് ഇത്.

കിലയുടെ മേൽനോട്ടത്തിലാണ് പഠനത്തിനായുള്ള ഏകോപനം നടത്തുന്നത്. കേരളത്തിലെ നഗരസഭകളുടെ പഠനത്തിനായി കൊട്ടാരക്കര നഗരസഭയാണ് ഇവർ തെരഞ്ഞെടുത്തത്. ശരവണനാണ് തന്നാച്ചിയുടെ കോ ഓഡിനേറ്റർ മൂന്ന് ദിവസത്തെ സന്ദർശന പഠനത്തിനാണ് അവർ കേരളത്തിൽ എത്തിയത്.

പഞ്ചായത്ത് രാജ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. പീറ്റർ എം രാജ്, കില സ്റ്റേറ്റ് ട്രെയിനിങ് കോഡിനേറ്റർ ദിലീപ് കുമാർ എന്നിവർക്കൊപ്പമാണ് തമിഴ്നാട് സംഘം പഠനത്തിനായി എത്തിയത്. നഗരസഭ ചെയർമാൻ അഡ്വ.കെ.ഉണ്ണികൃഷ്ണമേനോൻ, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ കൗൺസിലർമാർ, നഗരസഭ ഉന്നത ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.


ബിജെപി വാളകം ഏരിയ കമ്മിറ്റി ഓഫീസ് ഉദ്ഘാടനം ഈസ്റ്റ് ജില്ലാ പ്രസിഡന്റ് ആർ. രാജി പ്രസാദ് നിർവഹിക്കുന്നു































# തന്ത്രിയെന്ന സ്ഥാനം പോലും എന്തെന്നറിയാത്തവരാണ് ദേവസ്വം ബോർഡ് ഭരിക്കുന്നത്: ഹിന്ദു ഐക്യവേദി



ശബരിമല ശ്രീധർമ്മ ശാസ്താക്ഷേത്രത്തിലെ ദ്വാരപാലക വിഗ്രഹത്തിന്റെ സ്വർണ്ണപാളികൾ കടത്തിക്കൊണ്ടുപോയ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നടപടിക്കെതിരെ തിരുവിതാംകൂർ ദേവസ്വം ബോർഡ് ആസ്ഥാനത്തിന് മുന്നിൽ നടന്ന ധർണ ഹിന്ദു ഐക്യവേദി ജില്ലാ പ്രസിഡന്റ് കസ്തൂരി അനുരുദ്ധൻ ഉദ്ഘാടനം ചെയ്യുന്നു

ജന്മഭൂമി

**തിരുവനന്തപുരം:** തന്ത്രിയെന്ന സ്ഥാനം പോലും എന്തെന്നറിയാത്തവരാണ് ദേവസ്വം ബോർഡ് ഭരിക്കുന്നതെന്ന് ഹിന്ദു ഐക്യവേദി ജില്ലാ പ്രസിഡന്റ് കസ്തൂരി അനിരുദ്ധൻ. ശബരിമലയിൽ യുവതികളെ കയറ്റിയാൽ നടയടച്ചിടുമെന്ന് തന്ത്രി പറഞ്ഞപ്പോൾ വേണ്ടിവന്നാൽ തന്ത്രിയെയും മാറ്റും എന്ന് പറഞ്ഞവർ ഇപ്പോൾ പറയുന്നത് തന്ത്രി പറഞ്ഞിട്ടാണ് സ്വർണ്ണപാളികൾ അഴിച്ച് മാറ്റിയതെന്നാണ്. ഹിന്ദു സമൂഹത്തിനെതിരെ എന്ത് കൊള്ളരുതായ്മ കാട്ടിയാലും ആരും ചോദിക്കില്ലെന്ന ധൈര്യമാണ് സർക്കാരിനും ദേവസ്വം ബോർഡിനുമുള്ളതെന്നും അദ്ദേഹം പറഞ്ഞു. ശബരിമല ശ്രീ ധർമ്മശാസ്താ ക്ഷേത്രത്തിലെ ദ്വാരപാലക വിഗ്രഹത്തിന്റെ സ്വർണ്ണപാളികൾ കടത്തിക്കൊണ്ട്പോയ തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപടിക്കെതിരെ ബോർഡ് ആസ്ഥാനത്തിന് മുന്നിൽ നടത്തിയ ഭക്തജന പ്രതിഷേധ ധർണ്ണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ദ്വാരപാലകരുടെ തങ്കം പതിച്ച ലോഹ പാളികൾ ഇളക്കിമാറ്റിയത് ചന്ദ്രഗ്രഹണ ദിവസമാണ്. ഹിന്ദു ധർമ്മത്തെയും ആചാരങ്ങളെയും കുറിച്ച് എന്തെങ്കിലും ബോധമുണ്ടെങ്കിൽ അന്നത്തെ ദിവസം അത് ചെയ്യില്ലായിരുന്നു. 20ന് തട്ടിപ്പ് സമ്മേളനം നടത്താൻ പോകുന്നത് പിതൃപക്ഷത്തിലാണ്. ദേവനെ സംബന്ധിച്ച കാര്യങ്ങൾ ചെയ്യാൻ ഒരിക്കലും പിതൃപക്ഷം തെരഞ്ഞെടുക്കാറില്ല. യഥാർത്ഥ വിശ്വാസികളാരും അന്നത്തെ സമ്മേളനത്തിൽ പങ്കെടുക്കില്ലെന്നും അദ്ദേഹം വ്യക്തമക്കി. അയ്യപ്പന്റെ നടയിലെ സ്വർണ്ണം അഴിച്ചെടുക്കാൻ ധൈര്യപ്പെട്ടവർ അയ്യപ്പന്റെ വിഗ്രഹം എടുത്തുമാറ്റി വിറ്റ ശേഷം അവിടെ മറ്റൊരു വിഗ്രഹം കൊണ്ടുവയ്ക്കാൻ പോലും മടിക്കില്ല.

കഠിനവ്രതമെടുത്താണ് ഭക്തർ ശബരിമലയിൽ അയ്യപ്പനെ കാണാനെത്തുന്നത്. എന്നാൽ അയ്യപ്പസംഗമത്തിനെത്തുന്ന 3000 പേരിൽ എത്രപേരാണ് വ്രതമെടുത്ത് വരുന്നതെന്ന് കസ്തൂരി ചോദിച്ചു.

ഓൾ കേരള വിശ്വകർമ്മ മഹാസഭ സംസ്ഥാന സെക്രട്ടറി കോട്ടയ്ക്കകം ജയകുമാർ, അയ്യപ്പസേവാ സമാജം സംസ്ഥാന സെക്രട്ടറി അഡ്വ.ഗീത, ഹിന്ദു ഐക്യവേദി സംസ്ഥാന സെക്രട്ടറിമാരായ കെ.പ്രഭാകരൻ, സന്ദീപ് തമ്പാനൂർ, ജില്ലാ ജനറൽ സെക്രട്ടറി വഴയില ഉണ്ണി, ജില്ലാ വൈസ്പ്രസിഡന്റ് കായിക്കര അശോകൻ, അയ്യപ്പസേവാസമാജം ജില്ലാ ജനറൽ സെക്രട്ടറി ജയപാലൻ, ഹിന്ദുഐക്യവേദി ജില്ലാ സെക്രട്ടറി അനിൽ രവീന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു.

# ദേവസ്വം ബോർഡ് പെട്ടു, നിയന്ത്രണം പിൻവലിച്ചു

**വെർച്ചൽ ക്യൂ**

**പത്തനംതിട്ട:** പമ്പയിൽ ആഗോള അയ്യപ്പസംഗമവുമായി ബന്ധപ്പെട്ട് 19, 20 തീയതികളിൽ വെർചൽ ക്യൂ ബുക്കിങ് നിരോധിച്ച ദേവസ്വം ബോർഡ് ഒടുവിൽ പണി ഇരന്നു വാങ്ങി. വിമർശനം കടുത്തതോടെ നിയന്ത്രണം പിൻവലിച്ച് തടിയൂരി. സമഭാവനയുടെ ആലയമായ ശബരിമലയിൽ അയ്യപ്പ ഭക്തരെ രണ്ടു തട്ടിൽ തിരിക്കാനുള്ള നീക്കത്തിന്റെ ഭാഗമായിരുന്നു വെർചൽ ക്യു ബുക്കിങ് നിരോധനം. സമ്പന്നരെ മാത്രം ലക്ഷ്യംവച്ച് വൻ സാമ്പത്തിക സമാഹരണത്തിനായി നടത്തുന്ന അയ്യപ്പ സംഗമത്തിൽ നിന്ന് സാധാരണക്കാരെ അകറ്റി നിർത്തുന്നതിന്റെ ഭാഗമായാണ് നിയന്ത്രണം കൊണ്ടുവന്നതെന്ന വിമർശനവും ശക്തമായി.

വിഐപികൾ ദർശനത്തിനായി 19, 20 തീയതികളിൽ എത്തുമ്പോൾ തിരക്കില്ലാതെ അവർക്ക് സുഗമമായ ദർശനം ഒരുക്കുക എന്നതും ലക്ഷ്യമായിരുന്നു. വിഐപി ദർശനം പാടില്ലെന്ന ഹൈക്കോടതി വിധി നിലനിൽക്കെ ആയിരുന്നു സർക്കാരിന്റെയും ദേവസ്വം ബോർഡിന്റെയും നീക്കം. ഇക്കാര്യത്തിൽ ഹൈക്കോടതിയിൽ നിന്ന് ദേവസ്വം ബോർഡിന് വിമർശനം ഉണ്ടായിരുന്നു. ഇതിനു പിന്നാലെയാണ് 19,20 തീയതികളിൽ ഏർപ്പെടുത്തിയ നിയന്ത്രണം പിൻവലിച്ചത്. കറുപ്പുടുത്ത് മല കയറി എത്തുന്ന ഭക്തരിൽ സമ്പന്നരെന്നൊ പാവങ്ങളെന്നൊ ഉള്ള ഭേദം ഇതുവരെ ഇല്ലായിരുന്നു. അയ്യപ്പന്റെ മുന്നിൽ എല്ലാവരും സമന്മാരാണെന്ന് വ്യക്തമാക്കുന്ന ആചാരമാണ് ഇതിനു പിന്നിൽ. ഭക്തരിൽ വേർതിരിവ് സൃഷ്ടിച്ച് അതിലൂടെ ശബരിമലയെ തകർക്കാനുള്ള ഗൂഢലക്ഷ്യമാണ് ഇടതു സർക്കാർ പ്രാവർത്തികമാക്കുന്നതെന്ന ആരോപണവും ശക്തമാണ്.

## ജലീൽ – ഫിറോസ് പോര്

# പുറത്തുവരുന്നത് അഴിമതിക്കഥകൾ

**കോഴിക്കോട് :** മുസ്ലിം യൂത്ത് ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ. ഫിറോസും മുസ്ലിം യൂത്ത് ലീഗ് മുൻ സംസ്ഥാന ജനറൽ സെക്രട്ടറിയും മുൻ മന്ത്രിയും തവനൂർ ഇടത് എംഎൽഎയുമായ കെ.ടി. ജലീലും തമ്മിലുള്ള വാക്പോരിൽ പുറത്തുവരുന്നത് അഴിമതിക്കഥകൾ. പി.കെ. ഫിറോസ് രാഷ്ട്രീയത്തിലെ കുമ്പിടിയല്ല മായാവിയാണെന്ന് കെ.ടി. ജലീലും ഗുരുതര അഴിമതി പുറത്തുവരാൻ പോകുന്നതിലെ വെപ്രാളമാണ് കെ.ടി. ജലീലിനെന്ന് ഫിറോസും ആരോപിച്ചു.

ബന്ധുനിയമന കേസിൽ താൻ തെറ്റുകാരനാണെന്ന് കണ്ടെത്തിയാൽ പൊതുപ്രവർത്തനം അവസാനിപ്പിക്കുമെന്ന് നിയമസഭയിൽ അവകാശപ്പെട്ട ജലീൽ, കുറ്റക്കാരനെന്ന് കോടതി വ്യക്തമാക്കിയപ്പോൾ പൊതു പ്രവർത്തനം നിർത്തി വാക്കുപാലിക്കാത്തതെന്തെന്ന് ഫിറോസ് ചോദിച്ചു.

കെ.ടി ജലീൽ മന്ത്രിയായിരിക്കുമ്പോൾ മലയാളം സർവ്വകലാശാലക്ക് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ കോടികളുടെ അഴിമതി ഉടനെ പുറത്ത് കൊണ്ട് വരുമെന്നും നിർണായക തെളിവുകൾ ഹാജരാക്കുമെന്നും ഫിറോസ് പറഞ്ഞു. ദുബായിൽ രജിസ്റ്റർ ചെയ്ത ഫോർച്യൂൺ ഹൗസ് ജനറൽ ട്രേഡിംഗ് എൽസിസിയെന്ന കമ്പനിയിലൂടെ ഫിറോസ് നടത്തുന്നത് റിവേഴ്സ് ഹവാലയാണെന്ന ജലീലിന്റെ ആരോപണത്തിന് മറുപടിയായി നടത്തിയ വാർത്താ സമ്മേളനത്തിലാണ് ഫിറോസ് ജലീലിനെതിരെ ആഞ്ഞടിച്ചത്. തെറ്റ് ചെയ്ത ആളായിരുന്നുവെങ്കിൽ തന്നോട് ഒരു ദയയും കാണിക്കാത്ത സർക്കാറല്ലേ കേരളം ഭരിക്കുന്നതെന്ന് അദ്ദേഹം ചോദിച്ചു. ജലീലിന്റെ പുതിയ അഴിമതി കൂടി പുറത്ത് വന്നാൽ തലയിൽ മുണ്ടിട്ട് നടക്കേണ്ടി വരും. രാഷ്ട്രീയ പ്രവർത്തനം ബിസിനസ്സ് ആക്കരുതെന്നാണ് തന്റെ നിലപാട്, ഫിറോസ് പറഞ്ഞു.

ഫിറോസ് സെയിൽസ് മാനേജരായ ദുബായിൽ രജിസ്റ്റർ ചെയ്ത കമ്പനിയിൽ ആകെയുള്ള മൂന്ന് ജീവനക്കാരും മാനേജർമാരാണെന്നും ഇതിന്റെ മറവിൽ ഹവാല പണമിടപാട് നടക്കുന്നുവെന്ന് സംശയിക്കുന്നുണ്ടെന്നുമായിരുന്നു ജലീലിന്റെ പ്രതികരണം. എംഡിയോ, ക്ലർക്കോ മറ്റു ജീവനക്കാരോ ഇല്ലാത്ത, മൂന്ന് മാനേജർമാർ മാത്രമുള്ള ലോകത്തിലെ ഒരേ ഒരു കമ്പനിയായിരിക്കും ഇത്. കമ്പനിയിൽ നിന്ന് അഞ്ചേകാൽ ലക്ഷം രൂപയാണ് പ്രതിമാസ ശമ്പളമായി ഫിറോസിന് കിട്ടുന്നത്. മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തകനായിരിക്കുമ്പോൾ ഇത്രയും വലിയ തുക ശമ്പളമായി കൈപറ്റുന്ന ഫിറോസ് എന്ത് ജോലിയാണ് ചെയ്യുന്നതെന്ന് വ്യക്തമാക്കണം. 2024 മാർച്ച് 21 നാണ് ഫിറോസ് കമ്പനിയിൽ പുതിയ ജോബ്‌വിസ എടുക്കുന്നത്. എന്നാൽ കമ്പനിയുടെ സൈറ്റിലെ വിവരങ്ങൾ പ്രകാരം ഇതിന് എത്രയോ മുമ്പ് അദ്ദേഹത്തിന് ജോബ് വിസ ഉണ്ടെന്ന് വ്യക്തമാക്കുന്നുണ്ട്. ദുബായ്‌യിലെ കമ്പനിയുടെ ഓഫീസ് എവിടെയാണെന്ന് ആർക്കുമറിയില്ല. യൂത്ത് ലീഗ് പിരിച്ച ഭീമമായ തുക മുക്കിയിട്ടുണ്ട്. കത്വ - ഉന്നാവോ സംഭവങ്ങളുടെ പേരിൽ പിരിച്ച ഫണ്ട് ദുർവിനിയോഗം ചെയ്തിട്ടുണ്ടെന്നും ജലീൽ ആരോപിച്ചു. ഫിറോസിനെതിരെ ഉന്നയിച്ച ആരോപണങ്ങൾക്കൊന്നും അദ്ദേഹം മറുപടി പറഞ്ഞിട്ടില്ല. ഫിറോസ് കേരള രാഷ്ട്രീയത്തിലെ മായാവിയാണ്. കുമ്പിടിയെന്ന് പറഞ്ഞാൽ തീരെ ചെറുതായിപ്പോകും. കെ.ടി. ജലീൽ ആരോപിച്ചു.




Vol: 7, No. 176, RNI No.KERMAL/2019/85621 Printed and Published by V.Muraleedharan for Mathruka Pracharanalayam Ltd., Kochi-682026, printed at Janayugom Publication Limited, Janayugom office, Kadappakkada, Kollam 691008 and published from Janmabhumi, Atal Smrithi, T.D. Nagar, Highschool jn:, Kollam - 691013. Editor: K. N. Raman Nampoothiry (responsible for selection of news under the PRB Act). 0474-3589395 (Office), 9496536309 (Circulation), 9526666842 (Advt), E-mail: janmabhumiklm@gmail.com, advtjanmaklm@gmail.com